# ഗിരിദീപം

മാർച്ച് 2024

ഉയിർപ്പുതിരുനാൾ ആശംസകൾ



കർത്താവ് സത്യമായും ഉയിർത്തെഴുന്നേറ്റു. (ലൂക്കാ 24:34)


HAPPY FEAST
മാർച്ച് 19 ന്
നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന
മാർ ജോസഫ് പാംപ്ലാനി
പിതാവിന്
തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ

മാർച്ച് 2024

വാല്യം 07
ലക്കം 03

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No. 0205/2024, ഇടയലേഖനം - മേജർ ആർച്ചുബിഷപ്പ് .................. 05
2. Prot. No. 96/2024, Circular No. 02/2024 .................. 11
3. Prot. No. 97/2024, Circular No. 03/2024 .................. 14
4. Prot. No. 98/2024, Circular No. 04/2024 .................. 17
5. കച്ചേരിക്കാര്യം .................. 21
6. വൈദികസമിതി - റിപ്പോർട്ട് .................. 31
7. സെമിനാരി വാർത്തകൾ .................. 34
8. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് .................. 35
9. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് . .................. 43
10. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് .................. 45
    തിരുബാലസഖ്യം .................. 50
11. യൂത്ത് അപ്പൊസ്റ്റൊലേറ്റ് .................. 53
12. ഫാമിലി അപ്പൊസ്റ്റൊലേറ്റ് .................. 57
13. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് .................. 62
    നിർമ്മലഗിരി കോളേജ് .................. 66
    വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് .................. 69
    സാൻജോസ് അക്കാദമി .................. 72
14. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ് .................. 74
    കുടുംബക്കൂട്ടായ്മ .................. 77
    ADAM .................. 79
    ഫ്രാൻസിസ്ക്കൻ അല്മായ സഭ (AD) .................. 81
    കെ.സി.ബി.സി. മദ്യവിരുദ്ധസമിതി .................. 83
15. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് .................. 85
    ബയോ മൗണ്ടൻ ഫാർമേഴ്സ് .................. 88
16. ധ്യാനകേന്ദ്രങ്ങളിലൂടെ .................. 90
17. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) .................. 91
18. Engagements - March (Archbishop Mar Joseph Pamplany) .................. 95
19. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .................. 97
20. Engagements - March (Archbishop Mar George Njaralakatt) .................. 99
21. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) .................. 100

Prot. No. 0205/2024

## ഇടയലേഖനം

*സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.*

**കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!**

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പായി ചുമതലയേറ്റതിനുശേഷം ഒരു ഇടയലേഖനത്തിലൂടെ ഞാൻ ആദ്യമായി നിങ്ങളെ അഭിസംബോധനചെയ്യുകയാണ്. സഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ ജനുവരി 8 മുതൽ 10 വരെ നടന്ന മുപ്പത്തിരണ്ടാമതു സിനഡിന്റെ ഒന്നാം സമ്മേളനം സഭയുടെ നാലാമത്തെ മേജർ ആർച്ചുബിഷപ്പായി എന്നെ തെരഞ്ഞെടുക്കുകയും പ്രസ്തുത തെരഞ്ഞെടുപ്പ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ സ്ഥിരീകരിക്കുകയും ചെയ്തു. ജനുവരി പതിനൊന്നാം തീയതി മേജർ ആർച്ചുബിഷപ്പിന്റെ ചുമതല ഞാൻ ഏറ്റെടുത്തു. പുതിയ മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പിനായി ആത്മാർഥമായി പ്രാർഥിച്ച സഭ മുഴുവനോടും ഞാൻ ഹൃദയപൂർവം നന്ദി പറയുന്നു. സഭയുടെ അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ സിനഡു വിളിച്ചുകൂട്ടുകയും മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പും സ്ഥാനാരോഹണവുമായി ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളും ദൈവാനുഗ്രഹപ്രദമായും സൂക്ഷ്മതയോടെയും കൃത്യതയോടെയും ക്രമീകരിക്കുകയും ചെയ്ത കൂരിയാ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവിനും ഏറ്റം ഹൃദ്യമായി നന്ദി പറയുന്നു.

സീറോമലബാർസഭയുടെ ചരിത്രം ദൈവികഇടപെടലുകളുടെ അത്ഭുതവിവരണമാണ്. മാർ തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്താൽ രൂപമെടുത്ത ഈ ക്രൈസ്തവസമൂഹത്തിനു നൂറ്റാണ്ടുകൾ നീണ്ട സങ്കീർണവും വേദനാജനകവുമായ അനുഭവങ്ങളിലൂടെയാണ് കടന്നുപോകേണ്ടിവന്നത്. കത്തോലിക്കാകൂട്ടായ്മയിൽനിന്നു വിഘടിച്ചു പോകാനുള്ള പ്രലോഭനങ്ങളെ അതിജീവിച്ച ഈ സഭാസമൂഹം സ്വന്തം അസ്തിത്വം രൂപപ്പെടുത്തുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നിരന്തരം തുടർന്നുകൊണ്ടേയിരുന്നു. 1923-ൽ സീറോമലബാർ ഹയരാർക്കി സ്ഥാപിതമായെങ്കിലും 1992-ൽ മേജർ ആർക്കി

എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടതോടെയാണു സീറോമലബാർസഭയിൽ കാനോനികമായ സംവിധാനങ്ങൾ പൂർണ്ണമായും രൂപപ്പെട്ടത്. നമ്മുടെ സഭയെ കഴിഞ്ഞ രണ്ടു സഹസ്രാബ്ദങ്ങളിൽ വഴി നടത്തിയ ദൈവപരിപാലനയ്ക്കു നന്ദിപറയാം. സഭയുടെ ആദ്യത്തെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ആന്റണി പടിയറ പിതാവിനെയും പൊന്തിഫിക്കൽ ഡെലഗേറ്റ് ആർച്ചുബിഷപ്പ് മാർ അബ്രാഹം കാട്ടുമന പിതാവിനെയും രണ്ടാമത്തെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ വർക്കി വിതയത്തിൽ പിതാവിനെയും ഈ അവസരത്തിൽ ആദരവോടും കൃതജ്ഞതയോടും കൂടെ അനുസ്മരിക്കുന്നു.

സഭയുടെ മൂന്നാമത്തെ മേജർ ആർച്ചുബിഷപ്പായ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ ശുശ്രൂഷകൾ സമാനതകളില്ലാത്തതാണ്. ജീവിതലാളിത്യവും നലംതികഞ്ഞ സഭാസ്നേഹവും സുവിശേഷത്തോടുള്ള അചഞ്ചലമായ പ്രതിബദ്ധതയും വിശ്രമരഹിതമായ അധ്വാനവും വ്രതമാക്കിയ ജീവിതമാണ് പിതാവിന്റേത്. ഭാരതം മുഴുവനും ഭരണാധികാരമുള്ള സഭയായി സീറോ മലബാർസഭയെ വളർത്തുകയും ഭാരതത്തിനു പുറത്തു മെൽബൺ, മിസ്സിസാഗാ, ഗ്രേറ്റ് ബ്രിട്ടൺ രൂപതകളുടെയും യൂറോപ്പിലെ അപ്പസ്തോലിക്ക് വിസിറ്റേഷന്റെയും സ്ഥാപനത്തിലൂടെ നമ്മുടെ സഭയ്ക്ക് ആഗോളമാനം നല്കുകയും ചെയ്തത് അഭിവന്ദ്യ ആലഞ്ചേരി പിതാവിന്റെ ക്രാന്തദർശനമാണ്. ആരാധനക്രമനവീകരണം എന്നും സങ്കീർണമായിരുന്ന നമ്മുടെ സഭയിൽ വിശുദ്ധ കുർബാനയർപ്പണത്തിന്റെ ഏകീകരണവും യാമപ്രാർഥനകളുടെയും നവീകരണവും ഏറ്റെടുത്തു ലക്ഷ്യത്തിലെത്തിച്ചത് അഭിവന്ദ്യപിതാവിന്റെ നിശ്ചയദാർഢ്യവും നേതൃത്വപാടവവുമാണ്. വന്ദ്യ പിതാവു സഭയ്ക്കുവേണ്ടിചെയ്ത ത്യാഗപൂർണമായ സമർപ്പണത്തിനു നമുക്കു പിതാവിനോടു നന്ദിപറയാം.

പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പ എന്റെ തെരഞ്ഞെടുപ്പിനു സ്ഥിരീകരണം നല്കിക്കൊണ്ട് എഴുതിയ കത്തിൽ സമൂഹത്തിലെ പാവങ്ങൾക്കും പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും തണലാകണമെന്ന പ്രത്യേക നിർദേശം നല്കിയിട്ടുണ്ട്. ഭക്ഷണവും വെള്ളവും വസ്ത്രവും കിടപ്പാടവും സ്വന്തമായ ഭൂമിയും സ്വാതന്ത്ര്യവുമില്ലാത്തവരോടാണ് ഈശോ തന്നെത്തന്നെ താദാത്മ്യപ്പെടുത്തിയത് (മത്താ. 25: 35-36). 'പാവങ്ങളുടെ സഭ' എന്ന ഫ്രാൻസിസ് പാപ്പായുടെ സഭാദർശനം ജീവിക്കാൻ നാം ശ്രദ്ധിക്കണം. ധൂർത്തും ആഡംബരവും പ്രദർശനപരതയും സുവിശേഷവിരുദ്ധമായ പാപങ്ങളാണ്. ഈശോ തന്റെ സഭയെക്കുറിച്ചു കണ്ട ലാളിത്യത്തിന്റെ സ്വപ്നം സഭയുടെ എല്ലാ പ്രവർത്തനമേഖലകളിലും പ്രതിഫലിക്കണം. നമ്മുടെ നിർമാണപ്രവൃത്തികളിലും തിരുനാൾ, വിവാഹം, തിരുപ്പട്ടം തുടങ്ങിയ ആഘോഷങ്ങ

ളിലും സുവിശേഷത്തിന്റെ ലാളിത്യമായിരിക്കണം നമുക്കു മാർഗദീപം. പാവപ്പെട്ടവർക്കു പ്രാപ്യമല്ലാത്ത സ്ഥാപനങ്ങളൊന്നും സഭയുടെ സ്ഥാപനങ്ങളായി അറിയപ്പെടാൻ അവകാശമില്ലാത്തവയാണ്.

ഭാരതത്തിലും കേരളത്തിലും ക്രൈസ്തവസമൂഹം നേരിടുന്ന വിവേചനങ്ങളെക്കുറിച്ചു നാം കരുതലുള്ളവരാകണം. ഒരു ന്യൂനപക്ഷമെന്നനിലയിൽ ഈ സമൂഹത്തിന്റെ വളർച്ചയ്ക്കും നിലനില്പിനും ആവശ്യമായതും ഭരണഘടന ഉറപ്പുനല്കുന്നതുമായ എല്ലാ ന്യായമായ അവകാശങ്ങളും ആനുകൂല്യങ്ങളും നേടിയെടുക്കാനും അവയെ പരിരക്ഷിക്കാനും നമുക്കു സാധിക്കണം. കർഷകർ, അസംഘടിതരായ തൊഴിലാളികൾ, ചെറുകിട വ്യവസായികൾ തുടങ്ങിയവർ ഇന്ന് എല്ലാ മേഖലകളിലും തഴയപ്പെട്ടുകൊണ്ടിരിക്കുകയാണ്. വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്നു മലയോരമേഖലയിൽ താമസിക്കുന്നവരുടെ ജീവനും സ്വത്തിനും സംരക്ഷണമൊരുക്കുന്നതിൽ ഭരണസംവിധാനങ്ങൾ പരാജയപ്പെടുമ്പോൾ നമുക്കു നഷ്ടമാകുന്നതു മനുഷ്യജീവിതങ്ങളും അവരുടെ ഒരായുസിന്റെ അധ്വാനവുമാണ്. ഇവിടെയെല്ലാം ജനാധിപത്യപരമായ സംഘടിതമുന്നേറ്റങ്ങൾ ആവശ്യമാണ്.

ക്രൈസ്തവർ എക്കാലവും മതസൗഹാർദത്തിന്റെ വക്താക്കളാണെന്ന സത്യം നാം മറക്കരുത്. ഈശോയിലൂടെ കൈവന്ന രക്ഷ സകല മനുഷ്യർക്കുംവേണ്ടിയുള്ളതാണെന്ന സാർവത്രിക സാഹോദര്യത്തിലാണു നാം വിശ്വസിക്കുന്നത്. അതിനാൽ വർഗീയതയ്ക്കോ വിഭാഗീയതയ്ക്കോ ക്രിസ്തീയജീവിതത്തിൽ പ്രസക്തിയില്ല. എല്ലാ മതങ്ങളും സഹോദരനിർവിശേഷമായ സ്നേഹത്തോടെ വസിക്കുന്ന നമ്മുടെ നാടിന്റെ നന്മ നഷ്ടമാകാതിരിക്കാൻ നാം ജാഗ്രതയോടെ വർത്തിക്കണം.

നമ്മുടെ സഭയ്ക്കു ദൈവം നല്കിയിരിക്കുന്ന അനുഗ്രഹങ്ങൾ നിരവധിയാണ്. 35 രൂപതകളിലും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനിലും മറ്റു അസംഘടിത സമൂഹങ്ങളിലുമായി അൻപതു ലക്ഷത്തിലധികം വരുന്ന വിശ്വാസികൾ നമുക്കുണ്ട്. വൈദിക സമർപ്പിത ദൈവവിളികളാൽ സമ്പന്നമാണു നമ്മുടെ സഭ. നമ്മുടെ രൂപതകളിലും സംവിധാനങ്ങളിലും മാത്രമല്ല മറ്റു സഭകളിലും ലോകം മുഴുവനിലും ശുശ്രൂഷചെയ്യുന്ന വൈദികരും സമർപ്പിതരും നമ്മുടെ അഭിമാനമാണ്. മാനുഷികമായ പോരായ്മകളും സ്വഭാവരീതികളും പൗരോഹിത്യത്തിന്റെയും സമർപ്പിതജീവിതത്തിന്റെയും ശോഭ നഷ്ടപ്പെടുത്താതെ ഫലപ്രദമായ ശുശ്രൂഷചെയ്യാൻ വൈദികരും സമർപ്പിതരും കൂടുതൽ ആത്മീയമായ കാഴ്ചപ്പാട് ഉള്ളവരാകണമെന്നു സഭ ആഗ്രഹിക്കുന്നു. പത്തുലക്ഷത്തോളംവരുന്ന കുടുംബങ്ങളാണു

നമ്മുടെ സഭയുടെ ശക്തി. പ്രാർഥനയിലും സ്നേഹത്തിലും പരസ്പര ബഹുമാനത്തിലും രൂപപ്പെടുകയും വളരുകയുംചെയ്യുന്ന കുടുംബങ്ങൾക്കുമാത്രമേ കാലഘട്ടം ഉയർത്തുന്ന ശിഥിലീകരണത്തെ നേരിടാൻ സാധിക്കുകയുള്ളൂ.

നമ്മുടെ യുവജനങ്ങളും കുഞ്ഞുങ്ങളും അവരുടെ വിശ്വാസ ജീവിതവും ദൈവം നമുക്കു നല്കിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളാണ്. യുവജനങ്ങളുടെ കൂടെനടക്കാനും ജീവിത സാഹചര്യങ്ങളിൽ അവർ നേരിടുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കാൻ അവരെ ശക്തരാക്കാനും നമുക്കു കഴിയേണ്ടതുണ്ട്. യുവജനങ്ങളുടെയും കുഞ്ഞുങ്ങളുടെയും വിശ്വാസ പരിശീലനം സഭ മുഴുവന്റെയും ഉത്തരവാദിത്വമായി കണക്കാക്കണം. ഈശോയെ നാഥനും രക്ഷകനുമായി സ്വന്തം ജീവിതത്തിൽ സ്വീകരിക്കാനും അതു മറ്റുള്ളവർക്കുമുൻപിൽ സാക്ഷ്യപ്പെടുത്താനും നമ്മുടെ യുവജനങ്ങളും കുഞ്ഞുങ്ങളും ബോധ്യമുള്ളവരാകണം. വിശ്വാസപരിശീലനം ഈ ലക്ഷ്യം നേടുന്നതിനു പര്യാപ്തമാകേണ്ടിയിരിക്കുന്നു.

സാർവത്രികസഭയുടെ പ്രേഷിതസ്വഭാവം അതിന്റെ എല്ലാ തലങ്ങളിലും സ്വാംശീകരിക്കാൻ സീറോമലബാർസഭയെ ദൈവം ധാരാളമായി അനുഗ്രഹിച്ചിട്ടുണ്ട്. നമ്മുടെ മിഷൻ രൂപതകളിലും മിഷൻ പ്രദേശങ്ങളിലും ശുശ്രൂഷചെയ്യുന്നവരെ പ്രാർഥനയിൽ പ്രത്യേകം ഓർക്കണം. ഭാരതത്തിലെ പല അവികസിത മേഖലകളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെയും ആതുരശുശ്രൂഷകളിലൂടെയും സാമൂഹ്യപ്രവർത്തനങ്ങളിലൂടെയും സ്നേഹവും കാരുണ്യവും പകർന്നുകൊടുത്തുകൊണ്ടു സാമൂഹ്യസേവനത്തിലേർപ്പെട്ടിരിക്കുന്നവർക്കെതിരേ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടു കേസുകളെടുക്കാനും സേവനമേഖലകളിൽനിന്നു അവരെ പുറത്താക്കാനും ജനോപകാരപ്രവർത്തനങ്ങളെ തടസപ്പെടുത്താനും നടത്തുന്ന സംഘടിതശ്രമങ്ങൾ നമ്മുടെ ശ്രദ്ധയിലുണ്ട്. ഇപ്രകാരം സുവിശേഷത്തിനുവേണ്ടി പീഡിപ്പിക്കപ്പെടുന്നവരെയോർത്തു സഭ മുഴുവനും പ്രാർഥിക്കണം. അവരുടെ പ്രവർത്തനങ്ങൾക്കു സാധ്യമായ എല്ലാ പിന്തുണയും നല്കേണ്ടതു നമ്മുടെ ഓരോരുത്തരുടെയും കടമയാണെന്നതു മറക്കാതിരിക്കാം.

നമ്മുടെ സമൂഹം മറ്റൊരു കുടിയേറ്റാനുഭവത്തിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു. ഉന്നതവിദ്യാഭ്യാസത്തിനും മികച്ച ജോലി സാധ്യതയ്ക്കും ഉയർന്ന ജീവിതനിലവാരത്തിനുംവേണ്ടി നമ്മുടെ യുവജനങ്ങളും കുടുംബങ്ങളും വിദേശരാജ്യങ്ങളിലേക്കു കുടിയേറിക്കൊണ്ടിരിക്കുകയാണ്. വിദേശരാജ്യങ്ങളിലുള്ള സീറോമലബാർ

രൂപതകളും നാട്ടിലെ രൂപതകളുമായി യോജിച്ചുള്ള പ്രവർത്തനത്തിലൂടെ ഇത്തരം കുടുംബങ്ങളെയും വ്യക്തികളെയും അനുഗമിക്കാനും ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കാനും സാധിക്കണം. ചില സാഹചര്യങ്ങളിലെങ്കിലും വാഗ്ദാനം ചെയ്യപ്പെടുന്ന കോഴ്സുകളോ ജോലിയോ ശമ്പളമോ ലഭിക്കാതെ പ്രവാസികൾ വഞ്ചിതരാകുന്ന സംഭവങ്ങൾ ഉടലെടുക്കുന്നുണ്ട്. പന്ത്രണ്ടാം ക്ലാസു കഴിഞ്ഞയുടൻ വിദേശത്തേക്കുപോകാനുള്ള പ്രവണതയും കുടുംബങ്ങൾ വലിയ കടബാധ്യത എടുത്തുവച്ചു മക്കളെ വിദേശത്തേക്ക് അയക്കുന്ന സാഹചര്യവും വിശകലന വിധേയമാക്കണമെന്നു ഞാനാഗ്രഹിക്കുന്നു. ഉന്നതപഠനത്തിനും അതിനനുസൃതമായ ജോലിക്കുമുള്ള സ്വന്തം നാട്ടിലെ സാധ്യതകൾ പ്രയോജനപ്പെടുത്താനും സാധിക്കണം.

സീറോമലബാർസഭയുടെ മുന്നിൽ ചക്രവാളത്തോളം വിശാലമായ സാധ്യതകളാണു ദൈവം തുറന്നുതരുന്നത്. സഭയുടെ ഏറ്റവും വലിയ മൂലധനം കൂട്ടായ്മയും വിശ്വാസവുമാണെന്ന സത്യം നാം വിസ്മരിക്കരുത്. ഏതൊരു വ്യക്തിസഭയുടെയും വളർച്ചയിൽ സഭാപാരമ്പര്യങ്ങളോടുള്ള വിശ്വസ്തതയും (resourcement) സമകാലികതയോടുള്ള തുറവിയും (aggiornamento) ഒരുപോലെ പ്രധാനമാണെന്ന വി. ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പയുടെ ദർശനം നമുക്കു വഴികാട്ടണം. പാരമ്പര്യവാദവും പുരോഗമനചിന്തയും പരസ്പരപൂരകങ്ങളാകയാൽ അവയെ ഭിന്നതയുടെ കാരണങ്ങളായി നാമാരും കാണരുത് വ്യത്യസ്ത ചിന്താഗതികളുള്ളവർ ചേരിതിരിഞ്ഞു സാമൂഹികമാധ്യമങ്ങളിലൂടെ പരസ്പരം അധിക്ഷേപിക്കുമ്പോൾ മുറിവേല്ക്കുന്നതു നമ്മുടെ കർത്താവിന്റെ ശരീരമായ തിരുസഭയ്ക്കാണെന്ന സത്യം നമുക്കു മറക്കാതിരിക്കാം.

വിശുദ്ധ കുർബാനയുടെ ഏകീകൃതരൂപം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലനില്ക്കുന്ന പ്രതിസന്ധികളെക്കുറിച്ചു നിങ്ങൾക്കറിയാമല്ലോ. തിരുസഭാഗാത്രത്തിലെ ഈ മുറിവുണക്കാൻ നമുക്കെല്ലാവർക്കും ഒരുമിച്ചു പ്രാർഥിക്കുകയും പരിശ്രമിക്കുകയും ചെയ്യാം. ഈ വിഷയത്തിനു പരിഹാരം കാണാൻ പൊന്തിഫിക്കൽ ഡെലഗേറ്റായ ആർച്ചുബിഷപ്പ് സിറിൽ വാസിൽ പിതാവിനെയും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ബിഷപ്പ് മാർ ബോസ്കോ പുത്തൂർ പിതാവിനെയുമാണ് പരിശുദ്ധ സിംഹാസനം ചുമതലപ്പെടുത്തിയിരിക്കുന്നത്. സഭയിൽ ഐക്യം സംജാതമാക്കാൻ അവർ നടത്തുന്ന പരിശ്രമങ്ങളോടു എല്ലാവരും ആത്മാർഥമായി സഹകരിക്കണം. നമ്മുടെ കുർബാനക്രമത്തിന്റെ സിനഡു തീരുമാനിച്ച ഏകീകൃതരൂപം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ആവർത്തിച്ചു നല്കിയ ഉദ്ബോധന

ത്തിൽനിന്നു പിന്നോട്ടുപോകാൻ ആർക്കും സാധിക്കില്ല. കത്തോലിക്കാ കൂട്ടായ്മയിൽ നമ്മൾ നിലനില്ക്കുന്നതു പരിശുദ്ധ പിതാവിനോടു പൂർണമായ വിധേയത്വം പുലർത്തിക്കൊണ്ടാവണം.

പ്രിയപ്പെട്ടവരേ, സീറോമലബാർസഭയെ നയിക്കുക എന്ന ദൗത്യം ദൈവം എന്നെ ഭരമേല്പിക്കുമ്പോൾ നിങ്ങളുടെ പ്രാർഥനയിലും വിശ്വാസത്തിലും സ്നേഹത്തിലുമാണു ഞാൻ പ്രത്യാശവയ്ക്കുന്നത്. പ്രതിസന്ധികളുടെ നടുവിലൂടെ കടന്നുപോകുമ്പോഴും, അവിടന്നു തന്റെ കാരുണ്യം ഒരിക്കലും നമ്മിൽനിന്നു പിൻവലിക്കുന്നില്ല. വിപത്തുകൾകൊണ്ടു നമുക്കു ശിക്ഷണം നല്കുമെങ്കിലും അവിടന്നു സ്വജനത്തെ കൈവിടുന്നില്ല (2 മക്ക 6:16) എന്ന ആഴമായ വിശ്വാസം നമുക്കുണ്ടാവണം. നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കയാണു ചെയ്തത് (യോഹ 15:16) എന്ന ഈശോയുടെ വചനം നമുക്കു ബലം പകരുന്നു. നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തനാണ് (1 തെസ 5:24) എന്ന വി. പൗലോസിന്റെ ആഴമായ ബോധ്യവും നമുക്കു കരുത്തേകട്ടെ. സാർവത്രിക സഭയുടെ കൂട്ടായ്മയിൽ, പരിശുദ്ധ പിതാവിനോടുള്ള വിധേയത്വത്തിൽ, പൗരസ്ത്യ വ്യക്തിസഭകളിലൊന്നായ സീറോമലബാർസഭയുടെ മക്കളായ നമുക്ക് ഈ കാലഘട്ടം ആവശ്യപ്പെടുന്ന വിശ്വാസസാക്ഷ്യം നല്കാൻ സ്നേഹത്തിലും ഐക്യത്തിലും വ്യാപരിക്കാം. നിങ്ങളെല്ലാവരെയും നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിനും നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ മാധ്യസ്ഥ്യത്തിനും സമർപ്പിക്കുന്നു. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കാര്യാലയത്തിൽനിന്നു 2024-ാം ആണ്ട് ഫെബ്രുവരി മാസം 22-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

---

ഈ ഇടയലേഖനം 2024 മാർച്ച് 10-ാം തീയതി ഞായറാഴ്ച സീറോ മലബാർ സഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

# സർക്കുലർ

## മാർ ജോസഫ് പാംപ്ലാനി

Prot. No. 96 /2024, Circular No. 02/2024

## ജീവകാരുണ്യനിധി

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

വലിയ നോമ്പിന്റെ ചൈതന്യത്തിലൂടെ നാം കടന്നുപോവുകയാണ്. നമ്മുടെ രൂപതയുടെ പ്ലാറ്റിനം ജൂബിലിക്ക് ഒരുക്കമായി ദിവ്യകാരുണ്യവർഷം നാം ആചരിക്കുമ്പോൾ നോമ്പുകാലചൈതന്യം ദിവ്യകാരുണ്യ ആത്മീയതയിൽ കേന്ദ്രീകൃതമാണെന്ന് നാം മനസ്സിലാക്കുന്നു. വി. കുർബ്ബാനയുടെ ആദ്ധ്യാത്മികത മുറിക്കപ്പെടാനും പങ്കുവയ്ക്കാനുമുള്ള സ്വയം ദാനത്തിന്റെ അടയാളമാണ്. അതിനാൽ ഈ വർഷത്തെ ജീവകാരുണ്യനിധിയിൽ ദിവ്യകാരുണ്യചൈതന്യത്തോടെ നമുക്ക് പങ്കുചേരാം. മരുഭൂമിയിൽ തളർന്നുവീണ ജനത്തിന് മന്നയായി പെയ്തിറങ്ങിയ കാരുണ്യം ഇന്ന് വി. കുർബ്ബാനയായി നമ്മിലേയ്ക്ക് എഴുന്നള്ളിവരുമ്പോൾ ദിവ്യകാരുണ്യാധിഷ്ഠിതമായ ആദ്ധ്യാത്മികത നമ്മുടെ വ്യക്തിജീവിതത്തെയും സമൂഹജീവിതത്തെയും സർവ്വാതിശായിയായി സ്പർശിക്കുന്നുണ്ട്. ഭാഗ്യസ്മരണാർഹനായ ബനഡിക്ട് പതിനാറാമൻ മാർപാപ്പാ സ്നേഹത്തിന്റെ കൂദാശ എന്ന കത്തിൽ ഇപ്രകാരം പറയുന്നു. മുറിക്കപ്പെടുന്ന അപ്പം പങ്കുവയ്ക്കലിന്റെ കൂട്ടായ്മയിലേയ്ക്ക് നയിക്കുന്ന ശൂന്യവൽക്കരണമാണെന്ന് വി. കുർബ്ബാന മനസ്സിലാക്കിത്തരുന്നു (No. 8889) 'ദൈവം സ്നേഹമാകുന്നു' എന്ന തിരുവെഴുത്തിൽ പാപ്പ പറയുന്നതിപ്രകാരമാണ്. എനിക്ക് മാത്രമായി ക്രിസ്തുവിനെ സ്വന്തമാക്കാനാവില്ല. അവന്റെ സ്വന്തമായിത്തീർന്ന അല്ലെങ്കിൽ സ്വന്തമായിത്തീരാൻ പോകുന്ന എല്ലാ

വരുമായുള്ള ഐക്യത്തിൽ മാത്രമെ ഞാനും അവന് സ്വന്തമായി തീരുക യുള്ളു. (No.18) സഹോദരനെ ഉൾക്കൊള്ളുന്ന കർമ്മവീഥികളിൽ മാത്ര മാണ് ദിവ്യകാരുണ്യത്തിന്റെ ആത്മീയത പൂർണ്ണമാകൂ.

പ്രിയപ്പെട്ടവരെ,

നമ്മുടെ സാമുദായിക ഐക്യത്തെക്കുറിച്ചും ഇത്തരുണത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. തീർത്തും ന്യൂനപക്ഷമായിക്കൊണ്ടിരി ക്കുന്ന ഒരു സമൂഹമായി നാം മാറിക്കൊണ്ടിരിക്കുന്നതിനാൽ അവഗ ണനയും അടിച്ചമർത്തലും നിരന്തരം നാം അനുഭവിക്കുന്നു. ഇനിയും നാം ഐക്യത്തോടെ ഒറ്റക്കെട്ടായി നീങ്ങിയില്ലെങ്കിൽ നില നിൽപ്പുപോലും അപകടത്തിലാകും. നമ്മുടെ ഇടയിൽ വേദനിക്കുന്ന വരും, സഹായമർഹിക്കുന്നവരുമുണ്ടെങ്കിൽ അവരെ കരം പിടിച്ചു യർത്തുവാൻ നമുക്ക് കടമയുണ്ട്. ആദിമക്രൈസ്തവ സമൂഹത്തിൽ തങ്ങൾക്കുണ്ടായിരുന്നവ പൊതുവായി കരുതി ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ച് കൊടുത്ത സാഹോദര്യം ഇന്നിന്റെ അത്യാ വശ്യമായി മാറികഴിഞ്ഞു (അപ്പ 2:44-45).

ഇടവകയിലെ വാർഡുപ്രതിനിധികൾ തങ്ങളുടെ വാർഡുകളിൽ സഹായമർഹിക്കുന്നവരെ കണ്ടെത്തുകയും, ഇടവകാതലത്തിൽ എപ്ര കാരം അവരെ സഹായിക്കാമെന്ന് ചിന്തിക്കുകയും വേണം. നടപടി ഗ്രന്ഥകാരൻ ഇപ്രകാരം എഴുതുന്നു : അധ്വാനിച്ചുകൊണ്ട് ബലഹീ നരെ സഹായിക്കണമെന്ന് കാണിക്കാൻ ഞാൻ മാതൃക നല്കിയി ട്ടുണ്ട്. "സ്വീകരിക്കുന്നതിനേക്കാൾ കൊടുക്കുന്നതാണ് ശ്രേയസ്ക്കരം" എന്ന് പറഞ്ഞ കർത്താവായ ഈശോയുടെ വാക്കുകൾ ഞാൻ നിങ്ങളെ അനുസ്മരിപ്പിക്കുന്നു (20/35). സാഹോദര്യത്തിന്റെ ഈ ഉന്നത മനോ ഭാവം നമ്മൾക്കുണ്ടാകട്ടെ.

നമ്മുടെ അതിരൂപതയിലെ പങ്കുവയ്ക്കുന്ന പരസ്നേഹത്തിന്റെ ഏറ്റം വലിയൊരു സാക്ഷ്യമാണ് കഴിഞ്ഞ 33 വർഷമായി നാം സമാഹ രിച്ച് പങ്കവയ്ക്കുന്ന ജീവകാരുണ്യനിധി. അതിരൂപതാ ദിനമായ വി. യൗസേപ്പിന്റെ തിരുനാൾ ദിനത്തോടനുബന്ധിച്ച് നാം സമാഹരിക്കുന്ന തുക അനേകായിരങ്ങൾക്ക് കൈത്താങ്ങായിട്ടുണ്ട്. കഴിഞ്ഞ വർഷം ജീവകാരുണ്യനിധിയിലേയ്ക്ക് ലഭിച്ച തുക അറുപത് ലക്ഷത്തിമുപ്പ ത്തൊന്നായിരത്തി എണ്ണൂറ്റി ഇരുപത്തിയേഴ് (Rs.60,31,827/-) രൂപയാണ്. അതിൽനിന്ന് ചികിത്സാ സഹായമായി ഇരുപത്തൊന്ന് ലക്ഷത്തി നാല്പത്തെട്ടായിരത്തി അഞ്ഞൂറ് (21,48,500) രൂപയും വിവാഹ സഹാ യമായി ആറുലക്ഷം (6,00,000) രൂപയും ഭവനനിർമ്മാണത്തിന് പതി

നാല് ലക്ഷത്തി എഴുപത്തി ഏഴായിരം (14,77,000) രൂപയും വിദ്യാഭ്യാസ സഹായം പന്ത്രണ്ട് ലക്ഷത്തി എൺപത്തഞ്ചായിരം (12,85,000) രൂപയും മറ്റിനങ്ങളിൽ രണ്ട് ലക്ഷത്തി അറുപത്തി അഞ്ചായിരത്തി എഴുന്നൂറ്റമ്പത് (2,65,750) രൂപയും അർഹതപ്പെട്ട വ്യക്തികൾക്കും കുടുംബങ്ങൾക്കുമായി നല്കി. രൂപത പാസ്റ്ററൽ കൗൺസിലിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾ ഉൾക്കൊള്ളുന്ന സമിതിയാണ് എല്ലാ മാസവും ഒന്നിച്ചുകൂടി സഹായ അപേക്ഷകൾ പരിശോധിക്കുന്നതും തുക നിശ്ചയിക്കുന്നതും. സമിതി അംഗങ്ങളുടെ നിസ്വാർത്ഥമായ സേവനങ്ങൾക്ക് നന്ദി പറയുന്നു.

ഈ വർഷവും മുൻ വർഷങ്ങളിലേതുപോലെ വാർഡ് പ്രതിനിധികൾ വഴി സംഭാവനയ്ക്കുള്ള കവറുകൾ നിങ്ങളുടെ ഭവനങ്ങളിൽ എത്തിച്ചുതരുന്നതാണ്. ഓരോ കുടുംബവും അവരുടെ ഒരു ദിവസത്തെ വരുമാനത്തിന് തുല്യമായ തുകയെങ്കിലും നല്കാൻ പരിശ്രമിക്കണം. "എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്" (മത്താ 25/40) എന്ന കർത്താവിന്റെ വചനം ഓർമ്മിക്കാം. നോമ്പിന്റെ ചൈതന്യത്തിൽ നിർദ്ധനരായ സഹോദരങ്ങളുമായി നമുക്കുള്ളതിൽ നിന്നും പങ്കുവയ്ക്കാം.

എല്ലാ സത്പ്രവർത്തികൾക്കും നൂറിരട്ടിയായി പ്രതിഫലം നല്കുന്ന ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. നോമ്പുകാലം അനുഗ്രഹപ്രദമാകട്ടെ എന്ന പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സ്നേഹാശംസകളോടെ

**+ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

*തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്നും 2024 ഫെബ്രുവരി 11 ന് പരിശുദ്ധ ലൂർദ് മാതാവിന്റെ തിരുനാൾ ദിനം നൽകപ്പെട്ടത്.*

---

NB: ഈ സർക്കുലർ 2024 മാർച്ച് 03-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# സർക്കുലർ

## മാർ ജോസഫ് പാംപ്ലാനി

Prot. No. 97 /2024, Circular No. 03/2024

## വിശ്വാസോത്സവം

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

2023-2024 അധ്യായന വർഷത്തെ കുട്ടികളുടെ വിശ്വാസ പരിശീലനം ഏപ്രിൽ 06-ന് നടത്തുന്ന വാർഷിക പരീക്ഷയോടെ സമാപിക്കുകയാണല്ലോ. ഒരു അധ്യായന വർഷം മുഴുവൻ ഈശോയെക്കുറിച്ചും തിരുസ്സഭയെക്കുറിച്ചും പഠിച്ച കാര്യങ്ങൾ കൂടുതൽ അനുഭവതലത്തിലേക്ക് കൊണ്ടുവരുന്നതിനും വിശ്വാസപരിശീലനം കൂടുതൽ ആകർഷകമാക്കുന്നതിനും സമഗ്രവ്യക്തിത്വവികസനം സാധ്യമാക്കുന്നതിനും വേണ്ടിയാണ് ഏപ്രിൽ 01 മുതൽ 04 വരെ നമ്മുടെ അതിരൂപതയിൽ വിശ്വാസോത്സവം ആചരിക്കുന്നത്.

ഈ വർഷം കുട്ടികൾക്കായി തയ്യാറാക്കപ്പെട്ടിരിക്കുന്ന വിശ്വാസോത്സവ വർക്ക്ബുക്കിന്റെ സവിശേഷമായ പ്രമേയം കുടുംബമാണ്. കുടുംബം ഒരു സുവിശേഷമാണ്: സ്നേഹത്തിന്റെ, പങ്കുവെയ്ക്കലിന്റെ, കൂട്ടായ്മയുടെ സുവിശേഷം. വിശ്വാസോത്സവദിവസങ്ങളിൽ വി. ഗ്രന്ഥത്തിലെ കുടുംബങ്ങളിലൂടെ ആരംഭിക്കുന്ന യാത്ര തിരുസഭയാകുന്ന കുടുംബത്തെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കി വിശുദ്ധരുടെ കുടുംബത്തെ ധ്യാനിച്ച് അവസാനം നാമോരോരുത്തരും രൂപപ്പെടുത്തേണ്ട സ്വർഗ്ഗീയകുടുംബങ്ങളെക്കുറിച്ചുള്ള ഉത്തരവാദിത്വത്തിൽ വളരാൻ സഹായിക്കും. കഥകളിലൂടെയും മത്സരങ്ങളിലൂടെയും ഗ്രൂപ്പ് പ്രവർത്തനങ്ങളിലൂടെയും കുടുംബത്തെക്കുറിച്ചുള്ള സഭയുടെ പഠനങ്ങളെ കുട്ടികൾക്ക് എളുപ്പം ഗ്രഹിക്കത്തക്കരീതിയിൽ അവതരിപ്പിക്കുകയാണ് വിശ്വാസോത്സവത്തിലൂടെ ചെയ്യുന്നത്. കുട്ടികളുടെ സ്വഭാവരീതികളും കഴിവുകളും സിദ്ധികളും കണ്ടെത്തി വിക

സിപ്പിക്കാനും വേണ്ട തിരുത്തലുകൾ വരുത്താനും വിശ്വാസോത്സവത്തിലൂടെ ശ്രമിക്കുന്നു.

2024 ഏപ്രിൽ 01 മുതൽ 04 വരെയുള്ള നാലുദിവസങ്ങളിലാണ് വിശ്വാസോത്സവം നടത്തേണ്ടത്. വിശ്വാസോത്സവത്തിൽ ഒന്ന് മുതൽ പതിനൊന്ന് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ കുട്ടികളും നിർബന്ധമായും പങ്കെടുക്കണം. രാവിലെ 9 മണി മുതൽ ഉച്ചകഴിഞ്ഞ് 3.45 വരെ നീണ്ടുനിൽക്കുന്ന പരിശീലന പരിപാടികളാണ് വിശ്വാസോത്സവ ദിനങ്ങളിൽ ക്രമീകരിച്ചിരിക്കുന്നത്. എല്ലാ ദിവസവും രാവിലെ വി. കുർബ്ബാനയോടുകൂടിയായിരിക്കണം ക്ലാസ്സുകൾ ആരംഭിക്കേണ്ടത്. ദിവസങ്ങളുടെ എണ്ണവും സമയക്രമവും എല്ലാ സൺഡേ സ്കൂളുകളും കൃത്യമായി പാലിക്കണമെന്ന് ഓർമിപ്പിക്കുന്നു.

വിശ്വാസോത്സവ ദിവസങ്ങളിലെ വിവിധങ്ങളായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് പന്ത്രണ്ടാം ക്ലാസ്സിലെ കുട്ടികളെയും വൈദികവിദ്യാർത്ഥികളെയും ഭക്തസംഘടനാ പ്രതിനിധികളെയും പങ്കെടുപ്പിക്കുന്നത് നല്ലതാണ്. ആറ് വർക്കുബുക്കുകളാണ് കുട്ടികളുടെ ഉപയോഗത്തിനായി ഈ വർഷം നമ്മുടെ വിശ്വാസപരിശീലന കേന്ദ്രം തയ്യാറാക്കിയിരിക്കുന്നത്. തികച്ചും ആകർഷകമായ രീതിയിൽ ഒരുക്കിയിരിക്കുന്ന വർക്കുബുക്കുകൾ എല്ലാ കുട്ടികൾക്കും വിശ്വാസപരിശീലകർക്കും ഉണ്ടായിരിക്കേണ്ടതാണ്.

ഏപ്രിൽ 4-ാം തീയതിയാണല്ലോ ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 18-ാം ചരമവാർഷികം ആചരിക്കുന്നത്. അന്നേദിവസം വള്ളോപ്പിള്ളി പിതാവിനെ അനുസ്മരിക്കുകയും നമ്മുടെ അതിരൂപതയുടെ അഭിവൃദ്ധിക്കും മലബാർ മേഖലയുടെ ഉന്നമനത്തിനുമായി പിതാവു ചെയ്ത സ്തുത്യർഹമായ സേവനങ്ങളെ കുട്ടികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്യേണ്ടതാണ്.

പ്രിയ മാതാപിതാക്കളെ, ഏപ്രിൽ 06-ന് നടത്തുന്ന ഈസ്റ്റർ പരീക്ഷയോടുകൂടിയാണ് ഈ അധ്യായനവർഷത്തെ വിശ്വാസപരിശീലന ക്ലാസ്സുകൾ പൂർത്തിയാകുന്നത്. കുട്ടികളുടെ പ്രഥമ വിശ്വാസപരിശീലകരെന്ന നിലയിൽ മാതാപിതാക്കൾ വിശ്വാസോത്സവത്തോട് പൂർണ്ണമായി സഹകരിക്കുകയും കുട്ടികളെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. കൂടാതെ, ഉത്തരവാദിത്വമുള്ള മാതാപിതാക്കൾ എന്ന നിലയിൽ കുട്ടികളുടെ ഞായറാഴ്ച ആചരണം ഒരിക്കലും മുടങ്ങാതിരിക്കുവാനും അവധിക്കാലത്ത് കുട്ടികളെ ആത്മീയ ഉണർവ്വ് ലഭിക്കുന്ന ധ്യാനങ്ങളിലും ഇതരപരിപാടികളിലും പങ്കെടുപ്പിക്കുവാനും ശ്രദ്ധിക്കണം.

കുട്ടികൾക്ക് ആഴമേറിയ വിശ്വാസബോധ്യവും ദൈവാനുഭവവും അറിവും നല്കുക എന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന വിശ്വാസോത്സവം വിജയിപ്പിക്കുവാൻ ഇടവകയിലെ മുഴുവൻ ദൈവജനത്തിന്റെയും സഹായസഹകരണങ്ങൾ ഉറപ്പുവരുത്തണം. ബഹു. വികാരിയച്ചനോടും സിസ്റ്റേഴ്സിനോടും വിശ്വാസപരിശീലകരോടും ചേർന്ന് ഇടവക അജപാലന സമിതി അംഗങ്ങളും സംഘടനാഭാരവാഹികളും വിശ്വാസോത്സവക്രമീകരണങ്ങൾക്ക് സഹായിക്കേണ്ടതാണ്.

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസ്സുകൾ ഏപ്രിൽ 15 മുതൽ 19 വരെ സന്ദേശഭവനിൽവച്ച് നടത്തുന്നതാണ്. പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളും നിർബന്ധമായി വിശ്വാസോത്സവത്തിലും പങ്കെടുക്കണം.

വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന എല്ലാ വൈദികരെയും സിസ്റ്റേഴ്സിനെയും വിശ്വാസപരിശീലകരെയും അജപാലനസമിതി അംഗങ്ങളെയും വിവിധ സംഘടനാഭാരവാഹികളെയും മാതാപിതാക്കളെയും നന്ദിയോടെ ഓർക്കുന്നു. വിശ്വാസപരിശീലനകേന്ദ്രം നല്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് ഈ വർഷത്തെ വിശ്വാസോത്സവം ഫലദായകമാക്കുവാൻ നിങ്ങളെല്ലാവരും ശ്രദ്ധിക്കുമല്ലോ. വിശ്വാസം ആഘോഷിക്കുവാനും പ്രഘോഷിക്കുവാനും കുടുംബത്തെ സംബന്ധിച്ചുള്ള ദൈവഹിതവും സഭാപ്രബോധനങ്ങളും വ്യക്തമായി മനസ്സിലാക്കുവാനും അതനുസരിച്ച് ജീവിക്കുവാനും വിശ്വാസോത്സവം 2024 എല്ലാവരെയും സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സർവ്വശക്തനായ ദൈവം പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ നിങ്ങളെ ആശീർവ്വദിക്കട്ടെ

സ്നേഹാംശകളോടെ, നിങ്ങളുടെ പിതാവ്

**+ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

*തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്നും 2024 ഫെബ്രുവരി 12 ന് വിഭൂതി തിരുനാൾ ദിനം നൽകപ്പെട്ടത്.*

---

NB: ഈ സർക്കുലർ 2024 മാർച്ച് 10-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# സർക്കുലർ

## മാർ ജോസഫ് പാംപ്ലാനി

Prot. No. 98 /2024, Circular No. 04/2024

## ദൈവവിളിവാരം

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

ഈ വർഷം ഏപ്രിൽ 7 മുതൽ 13 വരെ നാം ദൈവവിളി വാരമായി ആചരിക്കുകയാണ്. ക്രൈസ്തവന്റെ ജീവിതം അർത്ഥമുള്ളതായിത്തീരുന്നത് നമ്മുടെ ഗുരുവും നാഥനുമായ ഈശോയുടെ സ്നേഹസന്ദേശത്തിനു സാക്ഷ്യം വഹിക്കുന്നതുവഴിയാണ്. പരസ്യജീവിതത്തിനവസാനം സ്വർഗത്തിലേക്ക് മടങ്ങുന്നതിനുമുമ്പ് ഈശോ തന്റെ ശിഷ്യരെ ഭരമേൽപ്പിച്ച ദൗത്യമാണ് പ്രേഷിതപ്രവർത്തനം. ജ്ഞാനസ്നാനം സ്വീകരിച്ച സകലരും ഈ ദൗത്യനിർവ്വഹണത്തിന് കടപ്പെട്ടവരാണ്. കുടുംബജീവിതക്കാരും പുരോഹിത സന്ന്യാസവ്രതങ്ങൾ സ്വീകരിച്ചവരും അടിസ്ഥാനപരമായി പ്രേഷിതരാണ് എന്ന സത്യം നാം മറന്നുപോകരുത്.

മൗലികമായ ഈ യാഥാർത്ഥ്യം ഉൾക്കൊള്ളുമ്പോൾതന്നെ, സമർപ്പിതദൈവവിളിയുടെ പ്രാധാന്യവും ശ്രേഷ്ഠതയും നാം തിരിച്ചറിയണം. ഈശോ തന്റെ ശിഷ്യരെ തെരഞ്ഞെടുക്കുന്നത് സുവിശേഷകൻ വിവരിക്കുന്നത് ശ്രദ്ധാർഹമാണ്: "പിന്നെ അവൻ മലമുകളിലേക്കു കയറി തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്കു വിളിച്ചു. അവർ അവന്റെ സമീപത്തേക്ക് ചെന്നു. തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്ക്കരിക്കാൻ അധികാരം നല്കുന്നതിനുമായി അവൻ പന്ത്രണ്ടുപേരെ നിയോഗിച്ചു" (മർക്കോ 3:13-15). ശിഷ്യഗണത്തിൽ അനേകർ ഉൾപ്പെട്ടിരിക്കുമ്പോഴും ചിലരെ മാത്രം

വളരെ പ്രത്യേകമായി അവൻ കൂടെനിർത്തുകയും അഭിഷേചിച്ചനുഗ്ര ഹിക്കുകയും ചെയ്യുന്നത് നാം കാണുന്നു. അവർ തന്റെ ദൗത്യങ്ങൾ നിർവഹിക്കുന്നവരായി ഭൂമിയിൽ ജീവിക്കേണ്ടവരാണ്. ഇസ്രായേലിനെ തന്റെ സ്വന്തം ജനമായി തെരഞ്ഞെടുത്ത ദൈവം അവർക്ക് നേതൃത്വം നല്കാൻ മോശയെയും അഹറോനെയും ലേവീഗോത്രത്തെയും പ്രവാ ചകന്മാരെയും ന്യായാധിപന്മാരെയും വേർതിരിച്ചതുപോലെയാണിത്.

ദൈവവിളി ദൈവത്തിന്റെ തെരഞ്ഞെടുപ്പാണെന്ന സത്യം വിശു ദ്ധഗ്രന്ഥത്തിൽ നിന്നും നാം പഠിക്കുന്നു. അബ്രാഹത്തിന്റെയും യാക്കോബിന്റെയും മോശയുടെയും ജോഷ്വായുടെയും ദാവീദിന്റെയും പ്രവാചകന്മാരുടെയും പുതിയ നിയമത്തിൽ അപ്പസ്തോലന്മാരുടെയും തെരഞ്ഞെടുപ്പിന്റെ വിവരണങ്ങൾ നമ്മെ പഠിപ്പിക്കുന്നത് ദൈവജന ത്തിന് നേതൃത്വം നല്കാനും അവരെ ശുശ്രൂഷിക്കാനും ദൈവം ചിലരെ നിയോഗിക്കുന്നു എന്ന സത്യമാണ്.

പ്രിയപ്പെട്ട ദൈവജനമേ, നമ്മെ നയിക്കാനും വിശുദ്ധീകരിക്കാനും പ്രബോധിപ്പിക്കാനും നമ്മുടെ ഇടയിൽ നിന്ന് ശുശ്രൂഷകർ ഉണ്ടാകണം. ഉന്നതമായ ഈ ദൈവിക ദൗത്യത്തിനായി കർത്താവ് തെരഞ്ഞെടു ക്കുകയും വിളിക്കുകയും ചെയ്യുമ്പോൾ നമ്മൾ വിധേയത്വത്തോടെ അത് സ്വീകരിക്കണം. ഈ ശുശ്രൂഷകൾക്കായി കർത്താവ് നല്കുന്ന പ്രചോദനങ്ങളും സൽപ്രേരണകളും ശ്രദ്ധിക്കാനാവശ്യമായ ശാന്ത തയും ഹൃദയത്തിന്റെ തുറവിയും നമുക്കുണ്ടാകണം. നമ്മുടെ കുടും ബങ്ങൾ ഇതിനായി അന്തരീക്ഷമൊരുക്കണം. പ്രാർത്ഥനയും തിരുവ ചനത്തോട് വിധേയത്വവും ക്രൈസ്തവപാരമ്പര്യങ്ങളോടുള്ള താത്പ ര്യവും നമ്മുടെ കുടുംബങ്ങളിൽ ഉണ്ടാകണം. കുഞ്ഞുങ്ങളുടെ വിശ്വാസ പരിശീലനത്തെയും അവരുടെ സുകൃതജീവിതത്തെയും ആത്മീയ പരി പോഷണത്തിന് തിരുസഭ ഒരുക്കിത്തരുന്ന വിവിധ പരിശീലന പരി പാടികളെയും മാതാപിതാക്കൾ ഗൗരവത്തോടെ പിന്തുണയ്ക്കണം. സാമൂഹികമാധ്യമങ്ങളുടെ അതിപ്രസരത്തിൽ പൈശാചികവും അശ്ലീ ലവുമായ വിഭവങ്ങൾക്കൊണ്ട് നമ്മുടെ കുഞ്ഞുങ്ങളുടെ മനസും ഹൃദ യവും ബുദ്ധിയും ഭാവനയും അപകടപ്പെടാതിരിക്കാനും അവരിലെ പ്രസാദവരം നഷ്ടപ്പെട്ടു പോകാതിരിക്കാനും മാതാപിതാക്കൾ വലിയ ശ്രദ്ധ കൊടുക്കണം. തിന്മയുടെ വലിയ പ്രവാഹങ്ങളിൽ അകപ്പെടാ തിരിക്കാൻ ശക്തിയോടെ നമ്മൾ പ്രതിരോധം തീർക്കേണ്ട കാലമാ ണിത്. എന്റെ കുടുംബത്തിൽനിന്ന് സഭാസേവനത്തിനും ഈശോയുടെ സ്നേഹത്തിന്റെ സദ്വാർത്ത മറ്റുള്ളവരെ അറിയിക്കുന്നതിനും സഭയുടെ

നിരവധിയായ സേവനരംഗങ്ങളിൽ ശുശ്രൂഷ ചെയ്യുന്നതിനുംവേണ്ടി ഒരു മകനെ അഥവാ മകളെ തെരഞ്ഞെടുക്കണമേയെന്ന് ഓരോ പിതാവും മാതാവും പ്രാർത്ഥിക്കണം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ഭാരതത്തിന്റെ വിവിധ പ്രദേശങ്ങളിലും നമ്മുടെ നാട്ടിലും ക്രിസ്തുവിന്റെ ധീരപ്രേഷിതരായി ധാരാളം മക്കൾ പ്രശോഭിക്കാൻ നമുക്ക് ആഗ്രഹിച്ച് പ്രാർത്ഥിക്കാം.

പൗരോഹിത്യത്തിലേക്കും സന്ന്യാസത്തിലേക്കുമുള്ള ദൈവവിളികൾ നാമ്പെടുക്കുന്നതും വളരുന്നതും കുടുംബങ്ങളിലാണെന്ന് മറക്കാതിരിക്കാം. ഉത്തരവാദിത്വപൂർണമായ മാതൃത്വവും പിതൃത്വവും എന്നു പറയുന്നതിന്റെ സാരം മക്കളുടെ ദൈവവിളിയുടെ പരിപോഷണത്തിലൂടെയാണ് പൂർണമാകുന്നത്.

വിശ്വാസപരിശീലകരും ബഹുമാനപ്പെട്ട വികാരിയച്ചന്മാരും സിസ്റ്റേഴ്സും നിർവഹിക്കുന്നത് ദൈവവിളിയുടെ പ്രോത്സാഹനദൗത്യമാണ്. നമ്മുടെ അതിരൂപതയിലെ ദൈവവിളി പ്രോത്സാഹന ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന ഡയറക്ടറച്ചനെയും ടീമിനെയും ഞാൻ അഭിനന്ദിക്കുന്നു. നല്ല വൈദികരെയും സന്യസ്തരെയും തിരുസഭയ്ക്ക് സംഭാവന ചെയ്യുന്നതിൽ നമ്മുടെ അതിരൂപത ആഗോള സഭയ്ക്കു തന്നെ മാതൃകയാണെന്ന് അഭിമാനപൂർവ്വം ഓർമിക്കാം. ഈ വർഷം 13 നവവൈദികരെ നല്കി ദൈവം നമ്മുടെ അതിരൂപതയെ അനുഗ്രഹിച്ചു. ഇരുനൂറോളം വൈദികാർത്ഥികളാണ് നമ്മുടെ മൈനർ സെമിനാരിയിലും വിവിധ മേജർ സെമിനാരികളിലുമായി പരിശീലനം നടത്തുന്നത്. ദൈവകൃപ നിറഞ്ഞ നല്ല കുടുംബങ്ങളാണ് നമുക്കുള്ളത് എന്ന യാഥാർത്ഥ്യം നമ്മെ ആനന്ദിപ്പിക്കുന്നു. ലോകമെങ്ങും സുവിശേഷ ദീപ്തി വിതറുന്ന ബഹു. വൈദികരെയും സന്ന്യസ്തരെയും ഓർത്ത് നമുക്ക് ദൈവത്തിനു നന്ദി പറയാം. നമ്മളോരോരുത്തരും ദൈവവിളി പ്രോത്സാഹകരാണെന്ന ചിന്ത നമ്മെ കൂടുതൽ ഉത്തരവാദിത്വബോധമുള്ള ക്രൈസ്തവരാക്കട്ടെ. നമ്മുടെ മൈനർ സെമിനാരിയിൽ ചേർന്ന് തലശ്ശേരി അതിരൂപതക്കുവേണ്ടി വൈദികരാകാൻ ആഗ്രഹിക്കുന്ന പത്താം ക്ലാസോ അതിൽ അധികമോ യോഗ്യത ഉള്ള യുവാക്കളെ ഞാൻ പ്രത്യേകമായി ക്ഷണിക്കുന്നു. ഈ വർഷം നമ്മുടെ അതിരൂപതയിൽ ഏപ്രിൽ 7 മുതൽ ഏപ്രിൽ 9 വരെയാണ് ദൈവവിളി ക്യാമ്പ് നടത്തുന്നത്. പെൺകുട്ടികൾക്ക് മദർഹോമിലും ആൺകുട്ടികൾക്ക് പടന്നക്കാട്, ചട്ടമല, ചെമ്പന്തൊട്ടി, അങ്ങാടിക്കടവ് എന്നിവിടങ്ങളിലും ആയിരിക്കും ദൈവവിളി ക്യാമ്പ് ക്രമീകരിക്കുന്നത്.

ഏതെങ്കിലും സെമിനാരികളിലോ കോൺവെന്റുകളിലോ ചേരാൻ ആഗ്രഹിക്കുന്നവർക്ക് അതിരൂപതയിൽ നിന്നും NOC ലഭിക്കുന്നതിന് ദൈവവിളി ക്യാമ്പിലെ പങ്കാളിത്തം അനിവാര്യമാണ്.

വൈദിക പരിശീലനത്തിൽ പ്രാർത്ഥന വഴിയായും സാമ്പത്തിക മായും സഹായം ചെയ്യുന്ന എല്ലാ ഉപകാരികളേയും ഞാൻ നന്ദി യോടെ ഓർക്കുന്നു. നിങ്ങളുടെ പങ്കുവയ്ക്കലിന് ദൈവം നൂറ് മേനി ഫലം തരട്ടെ. വൈദികപരിശീലനത്തിന് ഇനിയും സാമ്പത്തിക സഹായത്തിലൂടെയും പ്രാർത്ഥനയിലൂടെയും ഉപകാരികളായി തീരുവാൻ ആഗ്രഹിക്കുന്നവരെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. മുൻവർഷങ്ങളിലേതുപോലെ ഓശാന ഞായറാഴ്ചത്തെ സ്തോത്ര കാഴ്ച അതിരൂപതയിലെ വൈദിക പരിശീലനത്തിനുള്ള ചിലവിനു വേണ്ടി നമുക്ക് മാറ്റിവയ്ക്കാം.

പ്രിയ കുട്ടികളെ, പരീക്ഷയ്ക്കുവേണ്ടി ഒരുങ്ങിക്കൊണ്ടിരിക്കുന്ന നിങ്ങൾക്ക് എല്ലാ വിജയാശംസകളും നേരുന്നു. ഏറ്റവും അനുയോജ്യ മായ ദൈവവിളി തിരഞ്ഞെടുക്കുവാനും അങ്ങനെ ദൈവത്തിന്റെ നല്ല മക്കളായി ജീവിക്കുവാനും നിങ്ങൾക്ക് കൃപ ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

നിങ്ങളെ ഏവരേയും പിതാവിന്റെയും + പുത്രന്റെയും + പരിശു ദ്ധാത്മാവിന്റെയും + നാമത്തിൽ ആശീർവ്വദിക്കുന്നു.

സ്നേഹത്തോടെ, നിങ്ങളുടെ പിതാവ്

**+ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

*തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്നും 2024 ഫെബ്രു വരി 24 ന് വാഴ്ത്തപ്പെട്ട സി. റാണി മരിയായുടെ തിരുനാൾ ദിനം നൽകപ്പെട്ടത്.*

---

NB: ഈ സർക്കുലർ 2024 മാർച്ച് 17-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥല ങ്ങളിലും വായിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം

മാർച്ച് 2024

**1. നാമഹേതുക തിരുനാൾ**

മാർച്ച് 19 ന് സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ തിരുനാൾ ആഘോഷിക്കുന്ന തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി പിതാവിന് ഹൃദയപൂർവ്വം തിരുനാൾ മംഗളങ്ങൾ ആശംസിക്കുന്നു. നമ്മുടെ അതിരൂപതയെ നയിക്കുന്ന ഏവർക്കും പ്രിയങ്കരനായ അഭിവന്ദ്യ പാംപ്ലാനി പിതാവിന് അതിരൂപതാ മദ്ധ്യസ്ഥനായ യൗസേപ്പിതാവിന്റെ പ്രത്യേക മാദ്ധ്യസ്ഥവും അനുഗ്രഹവും തിരുനാൾ ദിനത്തിൽ നേരുന്നു. മാർച്ച് 19 ന് ഇടവക ദൈവാലയങ്ങളിൽ ദിവ്യബലിയിൽ അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്ന കാര്യം ദൈവജനത്തെ ഓർമ്മിപ്പിക്കുമല്ലോ. നമ്മുടെ അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന ജോസഫ് നാമധാരികളായ പ്രിയപ്പെട്ട വൈദികർക്കും തിരുനാൾ മംഗളങ്ങൾ.

**2. വൈദിക സമ്മേളനവും വി. മൂറോൻ തൈല വെഞ്ചരിപ്പും**

2024 മാർച്ച് 25 ന് തലശ്ശേരി അതിരൂപതയിൽ അജപാലന ശുശ്രൂഷ ചെയ്യുന്ന മുഴുവൻ വൈദികരുടെയും ഒരു യോഗം ആലക്കോട് സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ വച്ച് ചേരുന്നതാണ്. അന്നേ ദിവസം വി. മൂറോൻ തൈല വെഞ്ചരിപ്പും നടക്കും. രാവിലെ 9.30 നു മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെയാണ് വൈദിക സമ്മേളനം. രാവിലെ 9.30 ന് ദിവ്യകാരുണ്യ ആരാധന ആരംഭിക്കും. വി. കുമ്പസാരത്തിനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. 10.30 ന് വി. കുർബാനയും വി. മൂറോൻ വെഞ്ചരിപ്പും നടക്കും. ബഹു. വൈദികർ സമൂഹബലിയ്ക്കായി തിരുവസ്ത്രങ്ങൾ (കാപ്പാ സെറ്റ്) കൊണ്ടുവരേണ്ടതാണ്. തുടർന്ന് 12 മണി മുതൽ 1.30 വരെ വൈദിക സമ്മേളനം എന്ന രീതിയി

ലാണ് സമയം ക്രമീകരിച്ചിരിക്കുന്നത്. വിശുദ്ധ വാരത്തിൽ പൗരോഹിത്യ ശുശ്രൂഷയുടെ കൂട്ടായ്മ ഓർമ്മിക്കുവാനും സ്വയം വിശുദ്ധീകരിക്കുവാനും വി. മൂറോൻ വെഞ്ചരിപ്പ് കാരണമാകട്ടെ. മുഴുവൻ വൈദികരും ഈ മീറ്റിംഗിലും സമൂഹബലിയിലും പങ്കുചേരേണ്ടതാണ്.

**3. ആശംസകൾ - ഫാ. ജോസഫ് പണ്ടാരപ്പറമ്പിൽ**

ഗ്രേറ്റ് ബ്രിട്ടൻ സീറോമലബാർ രൂപതയിൽ അജപാലന ശുശ്രൂഷയ്ക്കായി ബഹു. ജോസഫ് പണ്ടാരപ്പറമ്പിൽ അച്ചൻ 2024 ഫെബ്രുവരി 5-ാം തീയതി യാത്രയായി. പ്രവാസികളായ ദൈവജനത്തിനുവേണ്ടിയുള്ള അച്ചന്റെ എല്ലാ പ്രവർത്തനങ്ങളും അനുഗ്രഹീതമാകട്ടെ എന്ന് ആശംസിക്കുന്നു.

**4. ചെമ്പേരി വിമൽജ്യോതി എഞ്ചനീയറിംഗ് കോളേജിന് ഓട്ടോണമസ് പദവി**

ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് UGC യുടെ അംഗീകാരമായ ഓട്ടോണമസ് പദവിയിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്നു. 2002 ൽ ആരംഭം കുറിച്ച വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ പ്രവർത്തനമികവിനുള്ള ദേശീയ അംഗീകാരമായാണ് സ്വയംഭരണ പദവി ലഭിച്ചിരിക്കുന്നത്. നിലവിൽ NAAC അക്രെഡിറ്റേഷനും എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും NBA അക്രെഡിറ്റേഷനും ഉള്ള മലബാറിലെ ഏക എഞ്ചനീയറിംഗ് കോളേജാണ് ചെമ്പേരി വിമൽജ്യോതി. തലശ്ശേരി അതിരൂപതയുടെ അഭിമാനസ്ഥാപനമാണ് ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്. കോളേജ് ചെയർമാൻ പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേലച്ചനും മാനേജർ ബഹു. ജെയിംസ് ചെല്ലങ്കോട്ടച്ചനും അസി. മാനേജർ ബഹു. സ്കറിയ വടശ്ശേരി അച്ചനും ബർസാർ ബഹു. ലാസർ വരമ്പകത്ത് അച്ചനും എം.ബി.എ. കോളേജ് പ്രിൻസിപ്പാൾ ബഹു. തോമസ് വടക്കേമുളഞ്ഞനാൽ അച്ചനും ബഹു. ജോസഫ് ഏഴുപറയച്ചനും ബഹു. സെബാസ്റ്റ്യൻ തെക്കേടത്തച്ചനും ബഹു. ജേക്കബ് ആനിക്കാത്തോട്ടത്തിലച്ചനും കോളേജ് പ്രിൻസിപ്പാൾ ഡോ. ബെന്നി ജോസഫ്, അധ്യാപകർ, മറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നിവർക്കും അനുമോദനങ്ങൾ.

**5. അഭിവന്ദ്യ മാർ വള്ളോപ്പിള്ളി പിതാവിന്റെ ചരമ വാർഷികം**

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 18-ാം ചരമ വാർഷികം ഏപ്രിൽ 4-ാം തീയതി ചൊവ്വാഴ്ചയാണ്. അന്നേദിവസം തലശ്ശേരി അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അഭിവന്ദ്യ പിതാവിനുവേണ്ടി പള്ളിച്ചെലവിൽ വി. കുർബ്ബാന അർപ്പിക്കേണ്ടതാണ്.

**6. ജീവകാരുണ്യ നിധി**

തലശ്ശേരി അതിരൂപതയുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ ദിനമായ മാർച്ച് 19 തിനോടനുബന്ധിച്ചാണ് എല്ലാ വർഷവും ജീവകാരുണ്യ ഫണ്ട് സമാഹരിക്കുന്നത്. അതിനുള്ള കവറുകൾ വാർഡ് പ്രതിനിധികൾ വഴി വീടുകളിൽ എത്തിക്കുകയും മാർച്ച് മാസത്തിൽതന്നെ സംഭാവനകൾ സ്വീകരിച്ച് ഏപ്രിൽ മാസത്തിൽ അതിരൂപതാ പ്രൊക്യൂറേറ്ററുടെ ഓഫീസിൽ എത്തിക്കുകയും ചെയ്യുമല്ലോ.

**7. ആണ്ട് തിരട്ട് പൊതുയോഗം**

ഈ വർഷത്തെ ആണ്ട് തിരട്ട് പൊതുയോഗം എല്ലാ ഇടവകകളിലും ഏപ്രിൽ 14-ാം തീയതി ഞായറാഴ്ചയോ, ഏപ്രിൽ 21-ാം തീയതി ഞായറാഴ്ചയോ ചേരേണ്ടതാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ കണക്ക് വായിച്ചു പാസ്സാക്കേണ്ടതും പുതിയ കൈക്കാരന്മാരെ തിരഞ്ഞെടുക്കേണ്ടതും ഈ പൊതുയോഗത്തിലാണ്. കണക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കി പൊതുയോഗത്തിൽ അവതരിപ്പിക്കണം. പൊതുയോഗ തീരുമാനങ്ങൾ 2024 മെയ് 3-ാം തീയതിക്കു മുമ്പായി അതിരൂപതാകച്ചേരിയിൽ നിന്ന് അംഗീകരിച്ച് വാങ്ങുകയും മെയ് 5-ാം തീയതി ഞായറാഴ്ച പുതിയ കൈക്കാരന്മാർ ചുമതല ഏല്ക്കുംവിധം ക്രമീകരണങ്ങൾ നടത്തുകയും ചെയ്യണം.

**8. കണക്കുകൾ ഓൺലൈനിൽ പൂർത്തിയാക്കാത്ത ഇടവകകൾ**

ചില ഇടവകകൾ മാസതിരട്ടുകൾ ഓൺലൈനായി സമർപ്പിക്കുന്നതായി കാണുന്നില്ല. 2024 ഏപ്രിൽ 6 നു മുമ്പായി 2023-2024 സാമ്പത്തിക വർഷത്തെ മുഴുവൻ കണക്കുകളും ഓൺലൈനിൽ സമർപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള പള്ളികളുടെ കണക്കുകൾ ഏപ്രിൽ 2-ാം തീയതി സോഫ്റ്റ്‌വെയറിൽ ചെയ്തു തീർക്കുവാൻ ശ്രദ്ധിക്കുമല്ലോ. 2024 ഏപ്രിൽ 6 ന് പള്ളികളുടെ കണക്ക് ലോക്ക് ചെയ്യപ്പെടും എന്ന് ഓർമ്മിപ്പിക്കുന്നു. നിശ്ചിത തീയതിക്കുശേഷം കഴിഞ്ഞ സാമ്പത്തിക വർഷത്തെ കണക്ക് ഓൺലൈനിൽ സമർപ്പിക്കുവാൻ സൗകര്യം ഉണ്ടായിരിക്കുകയില്ല.

**9. മിഷൻ വിഹിതം**

പഞ്ചാബ് മിഷനുവേണ്ടിയുള്ള ഇടവകകളുടെ വിഹിതം അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കാത്തവർ മാർച്ച് 15 നു മുമ്പായി അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കുമല്ലോ.

**10. നിയമാവലിപ്രകാരം അതിരൂപതാ കേന്ദ്രത്തിൽ അടക്കാനുള്ള പിരിവുകൾ**

1. ദുഃഖവെള്ളി
2. മതബോധന ഞായർ - ജൂൺ ആദ്യ ഞായർ
3. ബൈബിൾ ഞായർ - ജൂൺ രണ്ടാം ഞായർ
4. പത്രോസിന്റെ കാശ് - ജൂൺ മൂന്നാം ഞായർ
5. സഭാദിനം - ജൂലൈ 3
6. യുവജന ഞായർ - ജൂലൈ 3 കഴിഞ്ഞു വരുന്ന ഞായർ
7. നീതി ഞായർ - ഓഗസ്റ്റ് 15 കഴിഞ്ഞു വരുന്ന ഞായർ
8. ജയിൽ മിനിസ്ട്രി - സെപ്റ്റംബർ ഒന്നാം ഞായർ
9. മിഷൻ ഞായർ - മിഷൻ ഞായറാഴ്ച
10. സമ്പർക്ക മാധ്യമദിനം - നവംബർ മൂന്നാം ഞായർ
11. കുടുംബദിനം - ക്രിസ്തുമസ് കഴിഞ്ഞുവരുന്ന ഞായർ
12. സീറോ മലബാർ മിഷൻ ഞായർ - ജനുവരി 6 കഴിഞ്ഞുവരുന്ന ഞായർ
13. മദ്യവിരുദ്ധദിനം - ജനുവരി അവസാനത്തെ ഞായർ
14. തിരുബാലസഖ്യം - ഫെബ്രുവരി 2-ാം ഞായർ
15. അതിരൂപതാ ജീവകാരുണ്യഫണ്ട് - മാർച്ച് 19 കഴിഞ്ഞുവരുന്ന ഞായർ
16. നോമ്പുകാലപ്പിരിവ് - നോമ്പുകാലത്തെ ഏതെങ്കിലുമൊരു ഞായർ
17. സെമിനാരി ഫണ്ട് - ഓശാന ഞായർ

ദയവായി പ്രസ്തുത പിരിവുകൾ Other Fund Collections എന്ന ഹെഡിൽ മാത്രം രേഖപ്പെടുത്തുക. സൺഡേ കളക്ഷൻ എന്ന ഹെഡിൽ രേഖപ്പെടുത്തരുത് എന്ന കാര്യം ഓർമ്മിക്കുമല്ലോ.

- 2023 വർഷത്തെ പിപിഎഫ്ലേക്കുള്ള ഇടവകാ വിഹിതവും വ്യക്തി വിഹിതവും കുടിശ്ശിക ഉണ്ടെങ്കിൽ അതും തീർത്തടക്കുമല്ലോ. വ്യക്തിവിഹിതം അലവൻസിന്റെ പകുതിയും ഇടവകവിഹിതം ബഹു. വൈദികരുടെ അലവൻസിനെ അടിസ്ഥാനപ്പെടുത്തി ഇട വകകളുടെ ഗ്രേഡ് അനുസരിച്ച് താഴെ കൊടുത്തിരിക്കുന്ന പോലെയും ആയിരിക്കും.

A+ = 3.5 x അലവൻസ്

A = 3x അലവൻസ്

B = 2.5 x അലവൻസ്

C = 1.5 x അലവൻസ്

D = 1 x അലവൻസ്

**11. കുട്ടികൾക്കുവേണ്ടിയുള്ള ധ്യാനങ്ങൾ**

ദിവ്യകാരുണ്യവർഷം പ്രമാണിച്ച് സൺഡേ സ്കൂൾ വിദ്യാർത്ഥികൾക്കുവേണ്ടി ദിവ്യകാരുണ്യാനുഭവ ധ്യാനം സംഘടിപ്പിക്കുന്നു. മേജർ സെമിനാരി വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നല്കി കുട്ടികളെ ധ്യാനിപ്പിക്കുവാൻ സജ്ജരാക്കിയിട്ടുണ്ട്. ബഹു. സിസ്റ്റേഴ്സിന്റെയും സേവനം ലഭ്യമാക്കുന്നതാണ്. ബഹു. മൈനർ സെമിനാരി റെക്ടർ അച്ചനെ ബഹു. വികാരിമാർ ഫോണിൽ ബന്ധപ്പെട്ട് ധ്യാനത്തിന് ബുക്ക് ചെയ്യേണ്ടതാണ്.

**12. ആദരാഞ്ജലികൾ**

**1. ശ്രീമതി അന്നമ്മ തോമസ് നടുവിലേക്കൂറ്റ് (70) :** ബഹു. തോമസ് നടുവിലേക്കൂറ്റ് അച്ചന്റെ പ്രിയപ്പെട്ട മാതാവ് ശ്രീമതി അന്നമ്മ തോമസ് 2024 ജനുവരി 29ന് നിര്യാതയായി. മൃതസംസ്ക്കാര ശുശ്രൂഷകൾ 2024 ജനുവരി 30ന് കണ്ണിവയൽ ഇടവകയിലുള്ള സ്വഭവനത്തിൽ ആരംഭിച്ച് തോമാപുരം സെന്റ് തോമസ് ഫൊറോന ദൈവാലയ സിമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട മാതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ടോമിയച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കാം.

**2. ശ്രീമതി ത്രേസ്യാമ്മ ഓണംകുളം (84) :** ബഹു. നോബിൾ ഓണംകുളം അച്ചന്റെ പ്രിയപ്പെട്ട മാതാവ് ശ്രീമതി ത്രേസ്യാമ്മ ഓണംകുളം 2024 ഫെബ്രുവരി 13 ന് നിര്യാതയായി. മൃതസംസ്ക്കാര ശുശ്രൂഷകൾ 2024 ഫെബ്രുവരി 15 ന് വായാട്ടുപറമ്പ് സെന്റ് ജോസഫ് ഫൊറോനാ ദൈവാലയ സിമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട മാതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. നോബിൾ അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കാം.



**3. റവ. സി. വെർജീനിയ ചക്കാലയ്ക്കൽ എസ്. എച്ച് (86) :** തലശ്ശേരി തിരുഹൃദയ സന്യാസിനി സമൂഹാംഗമായ ബഹു. സി. വെർജീനിയ ചക്കാലയ്ക്കൽ 2024 ഫെബ്രുവരി 15 ന് നിര്യാതയായി. നിർമ്മലഗിരി സാൻജോസ് ഭവനിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു. ചങ്ങനാശ്ശേരി അതിരൂപതയിലെ അതിരമ്പുഴ ഇടവകാംഗമായിരുന്നു. കരുവഞ്ചാൽ, പശുക്കടവ്,

കുളത്തുവയൽ, ചുങ്കക്കുന്ന്, ഹോസ്കോട്ട, പെരുമ്പടവ്, മാങ്ങോട്, തൊക്കിലങ്ങാടി എന്നീ സ്ഥലങ്ങളിൽ ബഹു. സി. വെർജീനിയ സേവനം ചെയ്തിട്ടുണ്ട്. മൃതസംസ്ക്കാര ശുശ്രൂഷകൾ 2024 ഫെബ്രുവരി 16 ന് പേരാവൂർ തൊണ്ടിയിലുള്ള പ്രൊവിൻഷ്യൻ ഹൗസിലെ സിമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. ബഹു. സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**4. ശ്രീമതി അന്നമ്മ കൂനാനിക്കൽ (86) :** ബഹു. തോമസ് കൂനാനിക്കൽ അച്ചന്റെ പ്രിയ മാതാവ് ശ്രീമതി അന്നമ്മ കൂനാനിക്കൽ 2024 ഫെബ്രുവരി 18 ന് നിര്യാതയായി. മൃതസംസ്ക്കാര ശുശ്രൂഷകൾ 2024 ഫെബ്രുവരി 19 ന് കീഴ്പ്പള്ളി സെന്റ് ചാവറ ദൈവാലയ സിമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട മാതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. തോമസ് അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**4. ശ്രീ. മാത്യു വടക്കേമുറിയിൽ (69) :** ബഹു. തോമസ് വടക്കേമുറിയിൽ അച്ചന്റെ പ്രിയ സഹോദരൻ ശ്രീ. മാത്യു വടക്കേമുറിയിൽ 2024 ഫെബ്രുവരി 23 ന് നിര്യാതനായി. മൃതസംസ്ക്കാരശുശ്രൂഷകൾ 2024 ഫെബ്രുവരി 25 ന് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ പുലിക്കുരുമ്പ സെന്റ് അഗസ്റ്റ്യൻ ദൈവാലയ സിമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട സഹോദരന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. തോമസ് അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

## 13. സ്നേഹസ്മൃതി

1. റവ. ഫാ. തോമസ് അരീക്കാട്ട് – 02-03-2022
2. റവ. ഫാ. അത്തനേഷ്യസ് പയ്യപ്പിള്ളി സിഎംഐ – 03-03-1968
3. മോൺ. മാത്യു എം. ചാലിൽ – 05-03-2023
4. റവ. ഫാ. ഫ്രാൻസീസ് വാളായിൽ – 10-03-2003
5. റവ. ഫാ. വർഗ്ഗീസ് മഠത്തിക്കുന്നേൽ സിഎംഐ – 13-03-1987
6. റവ. ഫാ. ജോസഫ് കൊട്ടുകാപ്പള്ളി – 17-03-1991
7. റവ. ഫാ. ജോർജ് പരുത്തിപ്പാറ – 24-03-2011

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**

# അറിയിപ്പ്

പ്രിയപ്പെട്ട അച്ചന്മാരെ,

ഇടവകകളിലെ അജപാലനപ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുവാൻ കഴിഞ്ഞവർഷം നാം തീരുമാനിച്ചിരുന്ന ക്രമീകരണം കൂടുതൽ കാര്യക്ഷമമായി നടത്തുവാൻ ആഗ്രഹിക്കുന്നു. ഇതുമായി ബന്ധപ്പെട്ട ക്രമീകരണം നിങ്ങളെ അറിയിക്കട്ടെ. അതിരൂപതാ കേന്ദ്രത്തിൽ ശുശ്രൂഷ ചെയ്യുന്ന വൈദികരെ ഫൊറോനതലത്തിലുള്ള അജപാലനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ നിയോഗിക്കുകയാണ്. ഇപ്രകാരം നിയുക്തനാകുന്ന വൈദികൻ തന്നെ ഏല്പിച്ചിരിക്കുന്ന ഫൊറോനയിലെ ഇടവകകൾ സന്ദർശിക്കുന്നതാണ്. ഇടവകകളിൽ എല്ലാ അപ്പൊസ്റ്റൊലേറ്റുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് സഹായിക്കുക, ഇടവക വികാരിയും അജപാലനകേന്ദ്രവും തമ്മിലുള്ള ബന്ധം ഊഷ്മളമാക്കുക, വൈദികക്ഷേമവും കൂട്ടായ്മയും ശക്തിപ്പെടുത്തുക, ഇടവകകളിലെ അജപാലന ഏകോപന സമിതിയുടെ പ്രവർത്തനങ്ങൾ സജീവമാക്കുക തുടങ്ങിയവയാണ് ഇപ്രകാരം നിയുക്തരാകുന്ന വൈദികരുടെ ഉത്തരവാദിത്വങ്ങൾ. ഓരോ വൈദികനെയും ഏല്പിച്ചിരിക്കുന്ന ഫൊറോനകൾ ചുവടെ ചേർക്കുന്നു.

| | ഫൊറോന | ഇൻചാർജ് |
|---|---|---|
| 1. | പേരാവൂർ | ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ |
| 2. | എടൂർ | ഫാ. ജോസഫ് മാളക്കാരൻ |
| 3. | കുന്നോത്ത് | ഫാ. ഫിലിപ്പ് കവിയിൽ |
| 4. | മണിക്കടവ് | ഫാ. കുര്യാക്കോസ് പ്ലാവുനിൽക്കുംപറമ്പിൽ |
| 5. | നെല്ലിക്കാംപൊയിൽ | മോൺ. ആന്റണി മുതുകുന്നേൽ |
| 6. | പൈസക്കരി | ഫാ. ജോസഫ് കാക്കരമറ്റത്തിൽ |
| 7. | ചെമ്പന്തൊട്ടി | ഫാ. ജോസഫ് വടക്കേപ്പറമ്പിൽ |
| 8. | ചെമ്പേരി | ഫാ. മാത്യു ശാസ്താംപടവിൽ |
| 9. | മേരിഗിരി | ഫാ. സെബാൻ ചെരിപുറത്ത് |
| 10. | തളിപ്പറമ്പ് | മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി |
| 11. | വായാട്ടുപറമ്പ് | ഫാ. തോമസ് മാപ്പിളപ്പറമ്പിൽ |
| 12. | ആലക്കോട് | ഫാ. മാത്യു അരീപ്ലാക്കൽ |
| 13. | ചെറുപുഴ | ഫാ. തോമസ് വാളിപ്ലാക്കൽ |

| | | |
|---|---|---|
| 14. | തോമാപുരം | ഫാ. ജോസഫ് മുട്ടത്തുകുന്നേൽ |
| 15. | കാസർഗോഡ് | മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ |
| 16. | വെള്ളരിക്കുണ്ട് | ഫാ. മാത്യു കാരിക്കൽ |
| 17. | മാലോം | ഫാ. ജോർജ് കോവാട്ട് |
| 18. | പനത്തടി | ഫാ. സ്കറിയ വരമ്പകത്ത് |
| 19. | കാഞ്ഞങ്ങാട് | ഫാ. ജോസ് വെട്ടിക്കൽ |

പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ പേരാവൂർ, എടൂർ, കുന്നോത്ത്, നെല്ലിക്കാംപൊയിൽ, മണിക്കടവ്, ഫൊറോനാകളിലെയും മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി പൈസക്കരി, ചെമ്പന്തൊട്ടി, ചെമ്പേരി, തളിപ്പറമ്പ്, മേരിഗിരി, ഫൊറോനാകളിലെയും മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ ആലക്കോട്, വായാട്ടുപറമ്പ്, ചെറുപുഴ, തോമാപുരം, കാസർഗോഡ്, ഫൊറോനകളിലെയും മോൺ. ജോസഫ് ഒറ്റപ്ലാക്കൽ കാഞ്ഞങ്ങാട്, മാലോം, പനത്തടി, വെള്ളരിക്കുണ്ട് ഫൊറോനകളിലെയും അജപാലനപ്രവർത്തനങ്ങളുടെ ഏകോപനത്തിന് നേതൃത്വം നല്കും.

അതിരൂപതയിലെ മുഴുവൻ ഇടവകകളും ഒരുപോലെ ഉണർവ്വോടെ പ്രവർത്തിക്കുവാൻ ഈ ക്രമീകരണങ്ങൾ സഹായകരമാകുമെന്ന് പ്രത്യാശിക്കുന്നു. അതിരൂപതാ കേന്ദ്രത്തിൽനിന്നും നിങ്ങളെ സന്ദർശിക്കുവാൻ വരുന്ന വൈദികരുടെ പക്കൽ ബഹു. വികാരിയച്ചന്മാരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കാവുന്നതാണ്. നിങ്ങളുടെ ആത്മാർത്ഥമായ സഹകരണത്തിന് നന്ദി പറയുന്നു.

സ്നേഹപൂർവ്വം,

**+ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

# ദിവ്യകാരുണ്യ അനുഭവ ധ്യാനം

പ്രിയപ്പെട്ട അച്ചന്മാരെ,

നമ്മുടെ അതിരൂപതയുടെ പ്ലാറ്റിനം ജൂബിലിക്കൊരുക്കമായി ഈ വർഷം മുതൽ 5 വർഷത്തേക്ക് ഓരോ വർഷവും പ്രത്യേകമായി ആചരിക്കണമെന്ന് പാസ്റ്ററൽ കൗൺസിൽ നിർദ്ദേശിച്ചിരുന്നല്ലോ. ഇതിന്റെ ഭാഗമായിട്ടാണ് ഈ വർഷം (2024) നമ്മൾ ദിവ്യകാരുണ്യ വർഷമായി ആചരിക്കുന്നത്. ദിവ്യകാരുണ്യ വർഷത്തിൽ നടപ്പിലാക്കേണ്ട കർമ്മപദ്ധതികൾ ഇതിനോടകം വിവിധ തലങ്ങളിലായി ചർച്ച ചെയ്യുകയും അതിന്റെ വെളിച്ചത്തിൽ ഈ വർഷം നമ്മുടെ ഇടവകകളിൽ നടപ്പിലാക്കേണ്ട കാര്യങ്ങൾ നിങ്ങളെ അറിയിക്കുകയും ചെയ്തതാണല്ലോ.

ഈ വർഷം നമ്മുടെ കുട്ടികൾക്ക് ദിവ്യകാരുണ്യത്തോടും പരിശുദ്ധ കുർബാനയോടും കൂടുതൽ ആദരവും ബഹുമാനവും ഉണ്ടാകുന്നതിനും അവരുടെ ജീവിതം ദിവ്യകാരുണ്യാനുഭവത്തിൽ വളർന്നു വരുന്നതിന് സഹായിക്കുന്ന വിധത്തിൽ ഒരു ധ്യാനം എല്ലാ ഇടവകകളിലും നടത്തണമെന്ന് നാം തീരുമാനിച്ചിരുന്നല്ലോ. നമ്മുടെ കുട്ടികളുടെ ആത്മീയ ജീവിതത്തിന് വ്യക്തമായ ദിശാബോധവും നല്ല കാഴ്ചപ്പാടും കൊടുത്ത് അവരെ വളർത്തുന്നതിന് ഈ ധ്യാനം സഹായിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം. ചെറിയ ഇടവകകളിൽ കുട്ടികളുടെ എണ്ണം കുറവായതിനാൽ മറ്റ് ഇടവകകളോട് ചേർന്നോ, ധ്യാനകേന്ദ്രങ്ങളിൽ ഒന്നിച്ചോ ധ്യാനം ക്രമീകരിച്ചും നടത്താവുന്നതാണ്. ഓരോ ഇടവകകളിലും ധ്യാനം നടത്തുന്നതാണ് കൂടുതൽ അഭികാമ്യം. കാരണം മുഴുവൻ കുട്ടികളെയും അതിൽ പങ്കെടുപ്പിക്കാൻ അതുവഴി സാധിക്കും.

ഇടവകകളിൽ ധ്യാനം നടത്തുന്നതിനായി നമ്മുടെ മേജർ സെമിനാരി വിദ്യാർത്ഥികളെ ഒരുക്കി ടീമായി ക്രമീകരിക്കുന്നതാണ്. അവർ ഏപ്രിൽ, മെയ് മാസങ്ങളിൽ മാത്രമേ ധ്യാനം നടത്താൻ ഉണ്ടാവുകയുള്ളൂ. അതിനാൽ അവരുടെ ധ്യാനം ലഭിക്കുവാൻ ബഹു. മൈനർ സെമിനാരി റെക്ടറച്ചനെ വിളിച്ച് ബുക്ക് ചെയ്യണം. ഏപ്രിൽ മാസത്തിൽ വിശ്വാസോത്സവം കഴിഞ്ഞാൽ ധ്യാനം ആരംഭിക്കാം. നേരത്തെ ബഹു. വികാരിയച്ചന്മാർ ഇത് പ്ലാൻ ചെയ്താൽ കുട്ടികളെയും മാതാപിതാക്കന്മാരേയും അറിയിച്ച് അവരുടെ അവധിക്കാല പ്രോഗ്രാമുകളും അതനുസരിച്ച് ക്രമീകരിക്കുവാൻ കഴിയും.

ബഹു. സിസ്റ്റേഴ്സിന്റെയും MCBS വൈദികരുടെയും സേവനം ധ്യാനത്തിനായി ലഭിക്കുന്നതാണ്. മറ്റ് ധ്യാനടീമുകളെയും നിങ്ങൾക്ക് തിരഞ്ഞെ

ടുക്കാം. ഫൊറോനായിലെ എല്ലാ ഇടവകകളിലും കുട്ടികൾക്കായി ധ്യാനം നടത്തുന്നുണ്ടെന്ന് ഫൊറോനാ വികാരിയച്ചന്മാർ ഉറപ്പുവരുത്തേണ്ടതാണ്. മാസധ്യാനാവസരത്തിൽ ഈ കാര്യം ചർച്ച ചെയ്യുകയും ഓരോ ഇടവകയിലും നടത്തുന്ന ധ്യാനത്തെ സംബന്ധിച്ച് ഫൊറോനാ വികാരിയെ അറിയിക്കുകയും ചെയ്യണം. വളർന്നു വരുന്ന നമ്മുടെ കുട്ടികളുടെ അജപാലന പരമായ കാര്യങ്ങളിൽ കൂടുതൽ തീക്ഷ്ണമായ ഇടപെടലുകൾ നടത്തുവാൻ നമുക്ക് കഴിഞ്ഞാൽ മാത്രമേ അവരുടെയും സഭയുടെയും ഭാവി കൂടുതൽ ശോഭനമാകൂ എന്ന സത്യം നമുക്ക് മറക്കാതിരിക്കാം. കുട്ടികളെ ദിവ്യകാരുണ്യ ഈശോയിലേക്ക് അടുപ്പിക്കുവാനുള്ള കർമ്മപദ്ധതികൾ ഇടവകാതലത്തിൽ മാതാപിതാക്കളും മതബോധന അധ്യാപകരും പാരീഷ് കൗൺസിലുമായി ചർച്ച ചെയ്ത് നടപ്പിലാക്കാൻ എല്ലാവരും ആത്മാർത്ഥമായി പരിശ്രമിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ എല്ലാ നല്ല സംരംഭങ്ങളെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

നമ്മുടെ ഇടവകകളിൽ കുട്ടികൾക്കുവേണ്ടി ദിവ്യകാരുണ്യാനുഭവ ധ്യാനം നടത്തിതരാൻ തയ്യാറായിട്ടുള്ള ബഹു. സിസ്റ്റേഴ്സിന്റെ പേരും ഫോൺനമ്പറും ചുവടെ ചേർക്കുന്നു. മേജർ സെമിനാരിക്കാരെ ലഭിക്കുവാൻ ബഹു. മൈനർ സെമിനാരി റെക്ടറച്ചനെയാണ് ബന്ധപ്പെടേണ്ടത്. ധ്യാനടീമിനെ നേരത്തെ തന്നെ ബുക്ക് ചെയ്യാൻ എല്ലാവരും പരിശ്രമിക്കുമല്ലോ.

1. Fr. Karottu George - 8304871142
2. Sr. Joe Mary MSMI - 9847759582
3. Sr. Lisa Thayil SH - 8547284549
4. Sr. Nessy CMC - 9656121973
5. Sr. Roshni FCC - 9446648847
6. Sr. Emily SKD - 9400491044

**+ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

## 2024 ഫെബ്രുവരി 13 ന് കൂടിയ വൈദികസമിതി സമ്മേളന റിപ്പോർട്ട്

തലശ്ശേരി അതിരൂപത വൈദിക സമിതിയുടെ ഈ വർഷത്തെ ആദ്യത്തെ മീറ്റിംഗ് 2024 ഫെബ്രുവരി 13 ന് രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടന്നു. വികാരി ജനറാൾ മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ അച്ചൻ നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ സ്വാഗതം ആശംസിച്ചു. വൈദികസമിതി സെക്രട്ടറി ഫാ. ഫിലിപ്പ് കവിയിൽ മുൻയോഗ റിപ്പോർട്ട് അവതരിപ്പിച്ചു. യോഗത്തിലെ തീരുമാനങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. നമ്മുടെ അതിരൂപതയിലെ വൃദ്ധരായ മാതാപിതാക്കൾക്കുവേണ്ടി പെയ്ഡ് ഓൾഡേജ് ഹോം പദ്ധതിയുടെ സാധ്യതകളെകുറിച്ച് ചർച്ച ചെയ്തു. വരുംകാലങ്ങളിൽ ഇതൊരു അജപാലന സാധ്യതയായി യോഗം വിലയിരുത്തി. അപ്പാർട്ട്മെന്റ്/വില്ല മോഡലുകളെകുറിച്ച് വിശദമായ പഠനം നടത്താൻ തീരുമാനിച്ചു. തുടക്കം എന്ന നിലയിൽ ഇരിട്ടി ഭാഗത്ത് ഈ പദ്ധതി നടപ്പിൽ വരുത്താം എന്ന നിർദ്ദേശം ഉയർന്നു. ഈ കർമ്മപദ്ധതിയുടെ ചെയർമാനായി പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ അച്ചനെയും ബഹു. മാത്യു ഓലിക്കൽ അച്ചനെയും, ബഹു. ആന്റണി ചിറ്റേട്ട് അച്ചനെയും അംഗങ്ങളായി കമ്മിറ്റി രൂപീകരിച്ചു. രണ്ടുമാസത്തിനുള്ളിൽ ഈ കമ്മിറ്റി വിവിധ സാധ്യതകളെകുറിച്ച് വിശദമായ പഠനം നടത്തി അതിരൂപത അധ്യക്ഷന് റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചു.
2. ബഹു. പോൾ തട്ടുപറമ്പിൽ അച്ചനെ തലശ്ശേരി അതിരൂപതയിൽ ഇൻകാർഡിനേറ്റ് ചെയ്യുന്ന വിവരം വൈദിക സമിതിയെ അഭിവന്ദ്യ പിതാവ് അറിയിച്ചു.
3. കരുവഞ്ചാൽ ഹോസ്പിറ്റലിനോട് അനുബന്ധിച്ച് തുടങ്ങാനിരിക്കുന്ന നഴ്സിംഗ് കോളേജ് ചെമ്പേരി എൻജിനീയറിങ് കോളേജിന്റെ ക്യാമ്പസിൽ ആരംഭിക്കുന്നതിലുള്ള സാമ്പത്തികവും അക്കാദമികവുമായ പ്രയോജനങ്ങളെക്കുറിച്ച് യോഗം വിലയിരുത്തി.
4. വൈദിക സമിതിയിലെ അംഗങ്ങൾ അതിരൂപത പ്രസ്ബിറ്ററിയത്തിന്റെ പ്രതിനിധികൾ എന്ന നിലയിൽ വൈദിക സമിതി യോഗങ്ങളുടെ തീരുമാനങ്ങൾ മാസധ്യാനങ്ങളിൽ വൈദികരെ അറിയിക്കേണ്ടതാണ് എന്ന് അഭിവന്ദ്യ പിതാവ് ഓർമ്മപ്പെടുത്തി.
5. ഇപ്പോൾ ചികിത്സയിൽ ആയിരിക്കുന്ന ബഹു. ജോസ് കുരീക്കാട്ടിൽ അച്ചൻ, ബഹു. തോമസ് പതിക്കൽ അച്ചൻ, ബഹു. പോൾ മൂഞ്ഞേലി

അച്ചൻ, ബഹു. ജേക്കബ് ആനിക്കാതോട്ടത്തിൽ അച്ചൻ, ബഹു. ആന്റണി തെക്കേമുറിയിൽ അച്ചൻ എന്നിവരുടെ ആരോഗ്യ സ്ഥിതി യെകുറിച്ച് അഭിവന്ദ്യ പിതാവ് സമിതിയെ അറിയിച്ചു. അതിരൂപത യിലെ വൈദികരുടെ ക്ഷേമത്തെക്കുറിച്ച് ബഹു. ഫൊറോന വികാരിമാർ അന്വേഷിക്കുകയും സഹവൈദികർക്ക് വേണ്ട സഹായങ്ങൾ ചെയ്യുകയും ചെയ്യണം എന്ന് നിർദ്ദേശിച്ചു.

6. ദിവ്യകാരുണ്യ വർഷത്തെകുറിച്ച് പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ അച്ചൻ വിഷയാവതരണം നടത്തി. ഏകദിന കൺവെൻഷനുകൾ സംഘടിപ്പിക്കുന്ന കാര്യം വൈദികസമിതി ചർച്ച ചെയ്തു. ദിവ്യകാരുണ്യത്തെകുറിച്ചുള്ള വിചിന്തനങ്ങൾ, ദിവ്യകാരുണ്യ ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം എന്നീ കാര്യങ്ങൾ ഏകദിന കൺവെൻഷനിൽ ഉൾപ്പെടുത്തണമെന്ന് വൈദിക സമിതി നിർദേശിച്ചു.

7. പ്ലാറ്റിനം ജൂബിലിക്ക് ഒരുക്കമായി വരുന്ന 5 വർഷങ്ങളിൽ അതിരൂപതയിലെ 5 റീജിയണുകളിൽ ബൈബിൾ കൺവെൻഷൻ നടത്താനുള്ള അജപാലന സമിതിയുടെ നിർദ്ദേശം യോഗം ചർച്ച ചെയ്തു. 2025 ഫെബ്രുവരിയിൽ ചെമ്പേരിയിൽ വച്ച് ആദ്യ ബൈബിൾ കൺവെൻഷൻ നടത്താമെന്ന് തീരുമാനിച്ചു. മറ്റു മേഖലകളിലെ സാധ്യമായ തീയതികൾ ഫൊറോന വികാരിമാർ കൂടിയാലോചിച്ച് മോൺ. പ്രോട്ടോസിഞ്ചെല്ലൂസ് ആന്റണി മുതുകുന്നേൽ അച്ചനെ അറിയിക്കണം.

8. അതിരൂപതയുടെ ധ്യാനകേന്ദ്രമായ മദർ ഹോം കേന്ദ്രീകരിച്ച് ദിവ്യകാരുണ്യ ആരാധനയും കൺവെൻഷനുകളും സംഘടിപ്പി ക്കുന്നതിനെകുറിച്ച് ചിന്തിക്കണമെന്ന് പല അംഗങ്ങളും അഭിപ്രാ യപ്പെട്ടു.

9. കുട്ടികൾക്കുവേണ്ടി ക്രിസ്റ്റീൻ ദിവ്യകാരുണ്യ ആരാധന-ധ്യാനം ഓരോ ഇടവകയിലും നടത്തുന്നതിനായി മേജർ സെമിനാരി ബ്രദേഴ്സിന്റെ സേവനം പ്രയോജനപ്പെടുത്താൻ യോഗം തീരു മാനിച്ചു. ബഹു. മൈനർ സെമിനാരി റെക്ടർ അച്ചനുമായി ബഹു. വികാരിയച്ചൻമാർ ഈ കാര്യം ക്രമീകരിക്കേണ്ടതാണ്. വിവിധ കോൺഗ്രിഗേഷനിലെ സിസ്റ്റർമാരുടെ സേവനവും കുട്ടികളുടെ ധ്യാനത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്.

10. ആലുവ സെമിനാരിയിൽനിന്നും ബഹു. അഗസ്റ്റിൻ ചേന്നാട്ട് അച്ചൻ എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ച ദിവ്യകാരുണ്യത്തെക്കുറിച്ചുള്ള പുസ്തകം എല്ലാ വൈദികർക്കും ലഭ്യമാക്കുന്നത് നല്ലതായിരിക്കും എന്ന അഭിപ്രായം ഉണ്ടായി.

11. വിശുദ്ധ കുർബാനയിലെ കർമ്മക്രമങ്ങളെകുറിച്ചുള്ള വിശദീകരണം ചെറിയ വീഡിയോകളായി മീഡിയ അപ്പൊസ്റ്റൊലേറ്റ് വഴി ഷെയർ ചെയ്യണം എന്ന നിർദ്ദേശമുണ്ടായി.

12. വിവിധ അപ്പൊസ്റ്റൊലേറ്റുകളുടെ പ്രവർത്തനങ്ങൾ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചൻ അവതരിപ്പിച്ചു. ഫൊറോന തലത്തിൽ മദ്യവർജനസമിതി, ഇൻഫാം എന്നിവക്ക് എക്സിക്യൂട്ടീവ് ഡയറക്ടർമാരെ നിയമിക്കണമെന്ന് യോഗം നിർദ്ദേശിച്ചു. യൂണിറ്റ് തലത്തിലുള്ള സംഘടനാ പ്രവർത്തനങ്ങളെ കാര്യക്ഷമമായി വികാരിയച്ചന്മാർ പ്രോത്സാഹിപ്പിക്കണം എന്ന് അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു. ഈ കാര്യങ്ങൾ ഫലപ്രദമായി നടത്തുന്നതിന് പാസ്റ്ററൽ ഓഡിറ്റിംഗ് സഹായകരമാണെന്ന് യോഗം വിലയിരുത്തി. ഇതിന് സഹായകരമായ ഒരു ആപ്പ് തയ്യാറാക്കുവാൻ ചെമ്പേരി എൻജിനീയറിങ് കോളേജിനെ ചുമതല ഏൽപ്പിക്കുവാൻ തീരുമാനിച്ചു.

13. വൈദികരുടെ മെഡിക്ലെയിം പോളിസി സംബന്ധിച്ച കാര്യങ്ങൾ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചൻ വൈദിക സമിതിയെ അറിയിച്ചു. പി.പി.എഫ്. കുടിശ്ശിക വ്യക്തികളും ഇടവകകളും ഈ വർഷം മാർച്ച് 31 നുള്ളിൽ അടച്ചു തീർക്കണമെന്നു യോഗം ശക്തമായി ആവശ്യപ്പെട്ടു. ഇതിന് വീഴ്ച വരുത്തുന്നവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്നും വൈദിക സമിതി നിർദ്ദേശിച്ചു.

14. ട്രസ്റ്റ് നിയമങ്ങളിൽ വന്ന ഭേദഗതിമൂലം കരുവഞ്ചാൽ സെന്റ് ജോസഫ് ഹോസ്പിറ്റലിൽ ചികിത്സ തേടുന്നവർ വ്യക്തിപരമായി തുക അടയ്ക്കുകയും ആ തുക പി.പി.എഫിൽ നിന്ന് പിന്നീട് കൈപ്പറ്റുകയും ചെയ്യേണ്ടതാണ്.

15. കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ നടന്ന അതിജീവന യാത്ര വിജയകരമായിരുന്നു എന്ന് വൈദിക സമിതി വിലയിരുത്തി. എ.കെ.സി.സിയുടെ അംഗത്വ വിതരണവും തെരഞ്ഞെടുപ്പും കാര്യക്ഷമമായി നടത്തുവാൻ ബഹു. വികാരി അച്ചന്മാർ സഹകരിക്കണമെന്ന് ഡയറക്ടർ അഭ്യർത്ഥിച്ചു.

16. ADAM മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ഇടവകയിലുള്ള ഭിന്നശേഷിക്കാരായ ആളുകളുടെ സർവ്വേ നടത്തുവാൻ തീരുമാനിച്ചു.

വൈദികസമിതി സെക്രട്ടറി ഫാ. ഫിലിപ്പ് കവിയിൽ യോഗത്തിന് നന്ദി പറഞ്ഞു.

**ഫാ. ഫിലിപ്പ് കവിയിൽ**
സെക്രട്ടറി

# സെമിനാരി വാർത്തകൾ

## 1. ദൈവവിളിക്യാമ്പ് – 2024

സ്നേഹമുള്ള വികാരിയച്ചന്മാരെ, കൊച്ചച്ചന്മാരേ, സിസ്റ്റേഴ്സ്,

ഈ വർഷത്തെ ദൈവവിളി ക്യാമ്പ് ഏപ്രിൽ 7, 8, 9 തീയതികളിൽ ക്രമീകരിക്കുകയാണ്. കുട്ടികളിലെ ദൈവവിളി കണ്ടെത്താനും പരിപോഷിപ്പിക്കാനുമുള്ള ഈ ക്യാമ്പിൽ നിങ്ങളുടെ ഇടവകകളിൽ നിന്നും എസ്.എസ്.എൽ.സി, +2 കഴിഞ്ഞ, താല്പര്യമുള്ള മുഴുവൻ കുട്ടികളെയും പങ്കെടുപ്പിക്കുമല്ലോ. നിങ്ങളുടെ സമ്പൂർണ്ണമായ സഹകരണം ക്യാമ്പിന്റെ വിജയത്തിനായി അഭ്യർത്ഥിക്കുന്നു.

**ക്യാമ്പ് തീയതികൾ : ഏപ്രിൽ 7, 8, 9**
**ഏപ്രിൽ 7 ഞായറാഴ്ച 5 മണിക്ക് ആരംഭിക്കുന്നു**
**ഏപ്രിൽ 9 ചൊവ്വ രാവിലെ 10 മണിക്ക് അവസാനിക്കുന്നു**

### ക്യാമ്പ് നടക്കുന്ന സ്ഥലങ്ങൾ – ആൺകുട്ടികൾക്ക്

| സ്ഥലം | | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|
| 1 | അങ്ങാടിക്കടവ് | പേരാവൂർ, കുന്നോത്ത്, എടൂർ നെല്ലിക്കാംപൊയിൽ, മണിക്കടവ് |
| 2 | ചെമ്പന്തൊട്ടി | പൈസക്കരി, ചെമ്പേരി, വായാട്ടുപറമ്പ് ചെമ്പന്തൊട്ടി, ആലക്കോട് |
| 3 | ചട്ടമല | മേരിഗിരി, ചെറുപുഴ, തോമാപുരം മാലോം |
| 4 | പടന്നക്കാട് | കാഞ്ഞങ്ങാട്, കാസർഗോഡ്, പനത്തടി തളിപ്പറമ്പ, വെള്ളരിക്കുണ്ട് |

### ക്യാമ്പ് നടക്കുന്ന സ്ഥലങ്ങൾ – പെൺകുട്ടികൾക്ക്

| | |
|---|---|
| മദർ ഹോം പരിയാരം | എല്ലാ ഫൊറോനകളിൽ നിന്നുള്ള പെൺകുട്ടികൾ |

**ഫാ. ജിൻസ് പ്ലാവുനിൽക്കുംപറമ്പിൽ**
*വൊക്കേഷൻ പ്രൊമോട്ടർ*
9400652328

**ഫാ. ജോർജ് കരോട്ട്**
*റെക്ടർ*
8304871142

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റോലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

### 1. വാർഷികപരീക്ഷ I - XI – ഏപ്രിൽ 06 ശനി

1 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ വിശ്വാസോത്സവത്തിനുശേഷം **ഏപ്രിൽ 06 ശനിയാഴ്ച രാവിലെ 9 മണി മുതൽ 11 മണിവരെ** ആയിരിക്കും. പരീക്ഷയ്ക്ക് എല്ലാ അദ്ധ്യായങ്ങളിൽ നിന്നുമുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കും.

### 2. മാർക്ക് വിഭജനം

**ക്ലാസ്സ് 1–3**

പാഠപുസ്തകം - 50 മാർക്ക്
ഉപപാഠം - 20 മാർക്ക്

**ക്ലാസ്സ് 4–11**

പാഠപുസ്തകം - 50 മാർക്ക്
ഉപപാഠം - 10 മാർക്ക്
നമസ്ക്കാരം - 05 മാർക്ക്
ജനറൽ ചോദ്യങ്ങൾ - 05 മാർക്ക്

### 3. വിശ്വാസോത്സവം – ഏപ്രിൽ 01 മുതൽ 04 വരെ

വിശ്വാസോത്സവം ഏപ്രിൽ 01 മുതൽ 04 വരെയാണ്. വർക്കുബുക്കുകളുടെ വില എല്ലാ ക്ലാസ്സുകൾക്കും 30 രൂപയായിരിക്കും. നാലാം ക്ലാസ്സിന്റെ 'ജീവന്റെ അപ്പം' പുസ്തകത്തിന് 60 രൂപയാണ് നല്കേണ്ടത്.

#### a. **വിശ്വാസോത്സവ പഠനശിബിരം (അതിരൂപതാതലം)**

മാർച്ച് 9 ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണിവരെയുള്ള സമയത്ത് തളിപ്പറമ്പിൽവച്ച് അതിരൂപതാതല പഠനശിബിരം നടത്തുന്നതാണ്. ▸ ഓരോ ഫൊറോനയിൽ നിന്നും 7 പേരടങ്ങുന്ന ഗ്രൂപ്പാണ് പഠന ശിബിരത്തിൽ പങ്കെടുക്കേണ്ടത് (1 വൈദികൻ, 1 സിസ്റ്റർ, പ്രധാനാധ്യാപക പ്രതിനിധി, 4 വിശ്വാസപരിശീലകർ). ▸ ഫൊറോന പ്രസിഡണ്ട് ഗ്രൂപ്പിനെ രൂപീകരിച്ച് ട്രെയിനിംഗ് പ്രോഗ്രാ

മിന് പറഞ്ഞയക്കണം. ▶ ഓരോ ഫൊറോനയിലേക്കുമുള്ള വൈദികരെ വിശ്വാസപരിശീലനകേന്ദ്രം നിർദ്ദേശിക്കുന്നതാണ്.

**b. വിശ്വാസോത്സവ പഠനശിബിരം (ഫൊറോനാതലം)**

മാർച്ച് 17 ഞായറാഴ്ച ഫൊറോനാതല പഠനശിബിരം നടത്തുന്നതാണ്. ▶ അതിരൂപതാതലത്തിൽ ട്രെയിനിംഗ് ലഭിച്ച 7 പേരടങ്ങുന്ന ഗ്രൂപ്പായിരിക്കും ഫൊറോനാതലത്തിൽ ട്രെയിനിംഗ് നല്കുന്നത്. ▶ ഫൊറോനാ തല ട്രെയിനിംഗിൽ ഓരോ ഇടവകയിലെയും മുഴുവൻ വിശ്വാസപരിശീലകരും പങ്കെടുക്കേണ്ടതാണ്. ▶ മാർച്ച് 17 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30വരെയായിരിക്കും ട്രെയിനിംഗ് പ്രോഗ്രം.

## 4. വിശ്വാസോത്സവ ആൽബം

ഈ വർഷം വിശ്വാസോത്സവത്തോടനുബന്ധിച്ച് കുട്ടികൾ ആൽബം തയ്യാറാക്കേണ്ടതാണ്. അധ്യാപകർ കുട്ടികൾക്കുവേണ്ട നിർദ്ദേശങ്ങൾ നല്കി അവരെ ഒരുക്കുമല്ലോ. **വിഷയം: വിശുദ്ധ കുർബാനയാകുന്ന വിസ്മയം.**

ദിവ്യകാരുണ്യവർഷത്തിൽ വി. കുർബാന എന്ന വിഷയത്തെ ആസ്പദമാക്കിയാണ് കുട്ടികൾ വിശ്വാസോത്സവ ആൽബം തയ്യാറാക്കേണ്ടത്. ആൽബത്തിൽ വിശുദ്ധ കുർബാനയെക്കുറിച്ചുള്ള ചിത്രങ്ങൾ, വാർത്തകൾ, പേപ്പർ കട്ടിംഗ്സ് etc. ഉണ്ടായിരിക്കണം. കൂടാതെ ഈ വിഷയത്തെ സംബന്ധിച്ച് കുറഞ്ഞത് 3 ലേഖനങ്ങളും ആൽബത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഒന്നാമത്തെ ലേഖനം അധ്യാപകരിൽ ഒരാളും രണ്ടും മൂന്നും ലേഖനങ്ങൾ അധ്യാപകരുടെ സഹായത്തോടെ കുട്ടികളും എഴുതുക. ലേഖനങ്ങൾ 4 പേജിൽ കവിയരുത്.

**ശ്രദ്ധിക്കുക:** ആൽബം അധ്യാപകരുടെ സഹായത്തോടെ കുട്ടികളാണ് തയ്യാറാക്കേണ്ടത്. ആൽബത്തിന്റെ വലുപ്പം 14 ഇഞ്ച് നീളം, 11 ഇഞ്ച് വീതി. ആൽബം 50 പേജിൽ കൂടാൻ പാടില്ല. ഡിജിറ്റൽ ആൽബം മോഡലിൽ ലേസർ പ്രിന്റും മറ്റും ഉപയോഗിക്കാം. എന്നാൽ അവ 8 പേജിൽ കൂടരുത്. ഇടവകയിലെ ഏറ്റവും നല്ല ആൽബം ഏപ്രിൽ 13-ന് ഫൊറോനയിൽ എത്തിക്കുക. ഫൊറോനയിലെ മികച്ച രണ്ട് ആൽബങ്ങൾ ഏപ്രിൽ 19-ന് മുമ്പായി അതിരൂപതയിൽ എത്തിക്കേണ്ടതാണ്.

## 5. സ്കോളർഷിപ്പ് പരീക്ഷ

നാല്, ഏഴ്, പത്ത് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് പരീക്ഷ ഉണ്ടായിരിക്കും. ▶ ഉത്തര പേപ്പറുകൾ ഫൊറോനാ തലത്തിൽ മൂല്യനിർണ്ണയം നടത്തി ഏറ്റവും കൂടുതൽ മാർക്ക് നേടിയ മൂന്ന് ഉത്തരപേപ്പറുകൾ ഏപ്രിൽ 15 തിങ്കളാഴ്ചക്കുള്ളിൽ വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ എത്തിക്കേണ്ടതാണ്. ▶ അതിരൂപതാതലത്തിലുള്ള സ്കോളർഷിപ്പ് ഫലം പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ ഫൊറോനാതലത്തിലുള്ള ഫലം പ്രസിദ്ധപ്പെടുത്താവൂ.

### 6. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി അനുസ്മരണം

ഏപ്രിൽ 4-ാം തീയതിയാണ് ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 18-ാം ചരമവാർഷികം ആചരിക്കുന്നത്. വിശ്വാസോത്സവത്തിന്റെ സമാപനദിവസമായ അന്ന് വള്ളോപ്പിള്ളി പിതാവിനെ അനുസ്മരിക്കുകയും നമ്മുടെ അതിരൂപതയുടെ അഭിവൃദ്ധിക്കും മലബാർ മേഖലയുടെ ഉന്നമനത്തിനുമായി പിതാവു ചെയ്ത സ്തുത്യർഹമായ സേവനങ്ങളെ കുട്ടികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്യേണ്ടതാണ്.

### 7. സഭാവിജ്ഞാനീയ ക്വിസ്

വിശ്വാസപരിശീലകർക്കുവേണ്ടിയുള്ള സഭാവിജ്ഞാനീയ ക്വിസ് മാർച്ച് 8 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ 3 മണിവരെ തളിപ്പറമ്പിൽവച്ച് നടത്തുന്നതാണ്.

**പാഠഭാഗങ്ങൾ**

❖ സീറോമലബാർസഭയുടെ ആരാധനക്രമവിശ്വാസപരിശീലനം 11, 12, 13 അധ്യായങ്ങൾ ❖ സീറോമലബാർസഭയുടെ ചരിത്രം ❖ സഭയെസംബന്ധിച്ച പൊതുവിവരങ്ങൾ ❖ സീറോമലബാർസഭയുടെ വി. കുർബാന (ആസ്പെക്ട് ടെക്സ്റ്റ്ബുക്ക് അധ്യായം 4)

**നിർദ്ദേശങ്ങൾ**

❖ഒറ്റവാക്കിൽ ഉത്തരമെഴുതാനുള്ള 50 ചോദ്യങ്ങളായിരിക്കും പരീക്ഷയ്ക്ക് നൽകുന്നത് ❖ 30 ചോദ്യങ്ങൾക്ക് ഓപ്ഷൻ ഉണ്ടായിരിക്കുന്നതാണ്.

### 8. ASPCT പരീക്ഷ - മാർച്ച് 8 വെള്ളി

ഫെബ്രുവരി 24-ന് നടത്തിയ എഴുത്തുപരീക്ഷയിൽ 90% മാർക്ക് ലഭിച്ചവർക്ക് മാർച്ച് 8 വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ 12 മണിവരെ തളിപ്പറമ്പിൽവച്ച് അവസാനഘട്ട എഴുത്തുപരീക്ഷനടത്തുന്നു.

**പാഠഭാഗങ്ങൾ**

❖ സീറോമലബാർസഭയുടെ ആരാധനക്രമവിശ്വാസപരിശീലനം 1 മുതൽ 10 വരെയുള്ള അധ്യായങ്ങൾ

**നിർദ്ദേശങ്ങൾ**

❖ഒറ്റവാക്കിൽ ഉത്തരമെഴുതാനുള്ള 40 ചോദ്യങ്ങൾ. 20 ചോദ്യങ്ങൾക്ക് ഓപ്ഷൻ ഉണ്ടായിരിക്കുന്നതാണ്. ❖ ഒന്നോ രണ്ടോ വാക്യത്തിൽ/വാക്യങ്ങളിൽ ഉത്തരം എഴുതാനുള്ള പത്ത് ചോദ്യങ്ങൾ.

### 9. ASPCT പരീക്ഷ - നന്ദി

"സീറോമലബാർസഭയുടെ ആരാധനക്രമ വിശ്വാസപരിശീലനം" എന്ന പുസ്തകത്തിന്റെ എട്ട്, ഒമ്പത്, പത്ത് അദ്ധ്യായങ്ങളെ ആസ്പദമാക്കി വിശ്വാസപരിശീലകർക്ക് ഫെബ്രുവരി 4, ഫെബ്രുവരി 12 എന്നീ തീയതികളിൽ പരീക്ഷ നടത്തി. നാല് ഓൺലൈൻ പരീക്ഷകൾക്കും കൂടി 384-ന് മുക

ളിൽ മാർക്ക് ലഭിച്ചവർക്കുള്ള എഴുത്തു പരീക്ഷ ഫെബ്രുവരി 24 ശനിയാഴ്ച രാവിലെ 10 മുതൽ 12 വരെയുള്ള സമയത്ത് ഇരിട്ടി, ചെമ്പേരി, ആലക്കോട്, തോമാപുരം, പടന്നക്കാട് എന്നീ സെന്ററുകളിൽവച്ച് നടത്തി. പരീക്ഷയിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും അഭിനന്ദനങ്ങൾ.

**10. അവധിക്കാല വേദപാഠം ഏപ്രിൽ 15-19**

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുമാത്രമുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ ഏപ്രിൽ 15-ന് രാവിലെ 9.30 മുതൽ 19-ാം തീയതി ഉച്ചക്ക് 1 മണിവരെ സന്ദേശഭവനിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധമായും വിശ്വാസോത്സവത്തിൽ പങ്കെടുക്കണം. കൂടാതെ ബഹു. വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ബൈബിൾ, കുർബാന പുസ്തകം, പ്രോഗ്രസ് കാർഡ്, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. 12-ാം ക്ലാസിലെ കുട്ടികൾ അസൈൻമെന്റ് എഴുതികൊണ്ടുവരണം. **ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ ഏപ്രിൽ 6-ന് മുമ്പായി ഹെഡ്മാസ്റ്റർ മുഖേന ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.** ക്യാമ്പ് ഫീസ് 1800 രൂപയായിരിക്കും.

**11. ഡിപ്ലോമ പരീക്ഷ ഉത്തരക്കടലാസ് മൂല്യനിർണയം**

2023-2024 പ്രവർത്തനവർഷത്തിൽ ഡിപ്ലോമ പരീക്ഷയെഴുതിയ കുട്ടികളുടെ ഉത്തരക്കടലാസ് മൂല്യനിർണയക്യാമ്പ് ഫെബ്രുവരി 9, 10, 11, 12 എന്നീ തിയതികളിൽ നടത്തി. മൂല്യനിർണയക്യാമ്പിൽ സി. ഉഷറ്റ് സി.എം.സി, സി. ജൂലി മരിയ എസ്.എച്ച്, സി. പുഷ്പ ജോസ് സി.എം.സി, സി. ലിറ്റി എൻ.എസ്, സി. ജെസിൻ എഫ്.സി.സി, സി. ഷൈജി പോൾ എം.എസ്.എം.ഐ, സി. ജിസ് മാത്യു ഡി.എസ്.റ്റി, സി. വിനീത എസ്.എ.ബി.എസ്, സി. ജോസ്മിൻ മരിയ എസ്.എച്ച്, സി. റ്റീന ജോസ് സി.എം.സി, സി. ജെസ്‌വിൻ എസ്.ഡി, സി. ജെയ്സ് മരിയ എഫ്.സി.സി, സി. ലിന്റ പുളിക്കത്തടത്തിൽ എസ്.എച്ച്, സി. ലിൻസി അഗസ്റ്റിൻ എസ്.എച്ച്, സി. ഡൈനിഷ് ജേക്കബ് എം.എസ്.എം.ഐ, സി. ബ്ലസ്സി മാളിയേക്കൽ എസ്.എ.ബി.എസ്, സി. ആൻമേരി എസ്.എ.ബി.എസ് എന്നിവർ പങ്കെടുത്തു. മൂല്യനിർണയക്യാമ്പിൽ പങ്കെടുത്ത എല്ലാ സിസ്റ്റേഴ്സിനും ഹൃദ്യമായ നന്ദി.

**12. മതബോധന മണിക്കൂർ**

ഈ പ്രവർത്തനവർഷം മുതൽ കുട്ടികളെ അനുധാവനം ചെയ്യുന്നതിന്റെ ഭാഗമായി മതബോധന മണിക്കൂർ (എല്ലാ ശനിയാഴ്ചയും രാത്രി 8 മണി മുതൽ 9 മണി വരെ) എന്ന പുതിയ സംരംഭം ആരംഭിച്ചുവല്ലോ. **മാർച്ച് മാസത്തിലെ ശനിയാഴ്ചകളിൽ സീറോമലബാർ സഭയുടെ വി. കുർബാ**

**നയെ സംബന്ധിച്ചും പാഠപുസ്തകത്തെ സംബന്ധിച്ചുമുള്ള കാര്യങ്ങ ളാണ് പഠിക്കാനും ചർച്ച ചെയ്യുവാനുമായി നൽകുന്നത്.** മതബോധന മണിക്കൂറിൽ പഠിക്കാനും ചർച്ച ചെയ്യാനും കൊടുത്ത കാര്യങ്ങൾ കുടും ബങ്ങളിൽ ചെയ്തിട്ടുണ്ടെന്ന് വിശ്വാസപരിശീലകർ ഉറപ്പുവരുത്തേണ്ട താണ്.

### 13. EduSpark

കുട്ടികളെ അനുധാവനം ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തി അതിരൂ പത ആരംഭിച്ചിരിക്കുന്ന പുതിയ സംരംഭമാണ് EduSpark. യുവജനങ്ങളോ ടൊപ്പം സഞ്ചരിക്കുക, അഭിരുചി, വിദ്യാഭ്യാസം, വൈദഗ്ധ്യം എന്നിവയെല്ലാം ഉൾക്കൊള്ളുന്ന ഗുണനിലവാരമുള്ള പ്രൊഫൈൽ ഉണ്ടാക്കാൻ സഹായി ക്കുക, ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ-കോഴ്സുകൾ പരിചയപ്പെടുത്തുക, വിവിധ സ്കോളർഷിപ്പുകൾ, മത്സരപരീക്ഷകൾ, പ്രവേശനപരീക്ഷകൾ എന്നിവയെപ്പറ്റി അറിവ് നൽകുക, വിദ്യാഭ്യാസ-തൊഴിൽ മേഖലകളെക്കു റിച്ചുള്ള അറിവ് നൽകുക തുടങ്ങി വ്യത്യസ്തങ്ങളായ ലക്ഷ്യങ്ങളാണ് EduSpark-ന് ഉള്ളത്. **മാർച്ച് 10-നു മുമ്പായി പതിനൊന്നാം ക്ലാസ്സിലെ കുട്ടി കളെ EduSpark-വെബ് ആപ്പിൽ രജിസ്റ്റർ ചെയ്യിക്കേണ്ടതാണ്.**

### 14. സ്റ്റാഫ് മീറ്റിംഗ്

എല്ലാ സൺഡേ സ്കൂളുകളിലും ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷത യിൽ സ്റ്റാഫ് മീറ്റിംഗ് നടത്തണം. **മാർച്ച് 10 ഞായറാഴ്ച** സ്റ്റാഫ് മീറ്റിംഗ്കൂടി വിശ്വാസപരിശീലന പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ നടത്തണം.

### 15. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവ സാന ഞായറാഴ്ച എല്ലാ സൺഡേ സ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തു മല്ലോ. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമി നാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

### 16. അതിരൂപതാ വിസിറ്റേഴ്സ് സമ്മേളനം

അതിരൂപതാ സൺഡേസ്കൂൾ സന്ദർശകരുടെ സമ്മേളനം **മാർച്ച് 12 ചൊവ്വാഴ്ച രാവിലെ 10.30 മുതൽ 12.30 വരെ സന്ദേശഭവനിൽവച്ച്** നട ത്തപ്പെടുന്നു. ബന്ധപ്പെട്ടവർ റിപ്പോർട്ടുകൾ തയ്യാറാക്കികൊണ്ടുവരുമല്ലോ.

### 17. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്

പഠനത്തിൽ സമർത്ഥരും ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്കു വേണ്ടി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ സ്കോളർഷിപ്പ്.

## 18. സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ

1. XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയ്ക്ക് 85% മാർക്ക് കരസ്ഥമാക്കിയിരിക്കണം. 2. കഴിവതും ഓരോ ഫൊറോനയിലും ഒരാൾക്കെങ്കിലും സ്കോളർഷിപ്പ് ലഭിക്കുവാൻ ഇടയാകണം. 3. സാമ്പത്തികശേഷി കുറഞ്ഞവരായിരിക്കണം. 4. ഓരോ കുടുംബത്തിന്റെയും സാമ്പത്തിക ക്ലേശത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുകയും താരതമ്യപ്പെടുത്തി നോക്കുകയും ചെയ്തശേഷമായിരിക്കും യോഗ്യരായവരെ തിരഞ്ഞെടുക്കുക. 5. വിദ്യാർത്ഥിയാണ് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടത്. 6. അപേക്ഷയിൽ ബഹു. വികാരിയച്ചന്റെ ശുപാർശ ഉണ്ടായിരിക്കണം. 7. അപേക്ഷകൾ ഏപ്രിൽ 30-നകം ഓഫീസിൽ ലഭിച്ചിരിക്കണം.

## 19. ജൂബിലി

വിശ്വാസപരിശീലനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും **പേരും വീട്ടുപേരും ഫോട്ടോയും ഫോൺ നമ്പറും** ഏപ്രിൽ 30 -നുമുമ്പ് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 20. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് (വി. കുർബാന + വിശ്വാസ പരിശീലനം) വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30-ന് മുമ്പായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 21. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ തുടർച്ചയായി സൺഡേസ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30-ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

## 22. താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക

1. അതിരൂപതാ മതബോധനകമ്മിറ്റിയുടെ (2011 ജൂൺ 14) നിശ്ചയപ്രകാരം സൺഡേസ്കൂൾ മതാധ്യാപകരുടെ റിട്ടയർമെന്റ് പ്രായം 65 വയസ് ആണ്. റിട്ടയർ ചെയ്യുന്ന അധ്യാപകരെ ഇടവകാതലത്തിൽ ആദരിക്കേണ്ടതാണ്. ഇടവകാ തിരുനാളിനോടനുബന്ധിച്ചുള്ള സൺഡേസ്കൂൾ വാർഷികയോഗങ്ങൾ അതിനായി പ്രയോജനപ്പെടുത്തുമല്ലോ. കൂടാതെ ഹെഡ്മാസ്റ്റർമാരുടെ സേവനകാലം 15 വർഷമായിട്ടാണ് കമ്മിറ്റി നിശ്ചയി

ച്ചിരിക്കുന്നത്. തുടർന്നും അവർക്ക് (65 വയസുവരെ) സൺഡേസ്കൂളിൽ പഠിപ്പിക്കാവുന്നതാണ്.

**23. ഹെഡ്മാസ്റ്റർമാരുടെ ഫൊറോന മീറ്റിംഗ്**

2023-2024 പ്രവർത്തനവർഷത്തെ സൺഡേ സ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വരുന്ന അധ്യയന വർഷത്തെക്കുറിച്ച് പ്ലാൻ ചെയ്യുന്നതിനുമായി മാർച്ചു മാസത്തിൽ ബഹു. ഹെഡ്മാസ്റ്റർമാരുടെ ഫൊറോന മീറ്റിംഗ് നടത്തുവാൻ ആഗ്രഹിക്കുന്നു. എല്ലാ ഹെഡ്മാസ്റ്റർമാരും കൂട്ടായ്മയിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. അന്നേ ദിവസം വിശ്വാസോത്സവ വർക്കുബുക്കുകൾ വിതരണം ചെയ്യുന്നതാണ്. പ്രസ്തുത മീറ്റിംഗിൽ വച്ച് ഓഫീസിൽ അടയ്ക്കുവാനുള്ള വിവിധ തുകകൾ അടച്ച് സഹകരിക്കുമല്ലോ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ തുക, ഗിരിദീപം, പാഠപുസ്തക - ഉപപാഠപുസ്തക തുകകൾ etc...)

| ഫൊറോന | തീയതി | സമയം |
|---|---|---|
| തളിപ്പറമ്പ് | 12-03-2024 ചൊവ്വ | 04.00 pm |
| പേരാവൂർ | 13-03-2024 ബുധൻ | 09.00 am |
| എടൂർ | 13-03-2024 ബുധൻ | 10.30 am |
| കുന്നോത്ത് | 13-03-2024 ബുധൻ | 12.00 pm |
| നെല്ലിക്കാംപൊയിൽ | 13-03-2024 ബുധൻ | 02.15 pm |
| മണിക്കടവ് | 13-03-2024 ബുധൻ | 03.30 pm |
| പൈസക്കരി | 14-03-2024 വ്യാഴം | 05.00 pm |
| ചെമ്പേരി | 14-03-2024 വ്യാഴം | 09.00 am |
| ചെമ്പന്തൊട്ടി | 14-03-2024 വ്യാഴം | 10.30 am |
| വായാട്ടുപറമ്പ് | 14-03-2024 വ്യാഴം | 12.00 pm |
| ആലക്കോട് | 14-03-2024 വ്യാഴം | 02.15 pm |
| മേരിഗിരി | 14-03-2024 വ്യാഴം | 03.30 pm |
| ചെറുപുഴ | 14-03-2024 വ്യാഴം | 05.00 pm |
| തോമാപുരം | 15-03-2024 വെള്ളി | 09.00 am |
| മാലോം | 15-03-2024 വെള്ളി | 11.00 am |
| വെള്ളരിക്കുണ്ട് | 15-03-2024 വെള്ളി | 12.15 pm |
| പനത്തടി | 15-03-2024 വെള്ളി | 02.30 pm |
| കാഞ്ഞങ്ങാട് | 15-03-2024 വെള്ളി | 04.30 pm |
| കാസർഗോഡ് | 17-03-2024 ഞായർ | 02.30 pm |

**24. അതിരൂപത മതബോധനകൗൺസിൽ**

2023-2024 പ്രവർത്തനവർഷത്തെ അതിരൂപതാ മതബോധന കൗൺസിൽ 2024 ജനുവരി 30 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4

മണിവരെയുള്ള സമയത്ത് സന്ദേശഭവനിൽവച്ച് നടത്തി. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് കൗൺസിൽ ഉദ്ഘാടനം ചെയ്തു. മോൺ സെബാസ്റ്റ്യൻ പാലാക്കുഴി അധ്യക്ഷത വഹിച്ചു. മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ ആശംസകൾ നേർന്ന് സംസാരിച്ചു. സന്ന്യാസസഭകളുടെ പ്രൊവിൻഷ്യൽസ്, ബഹു. ഫൊറോന വികാരിമാർ, ഫൊറോന പ്രസിഡണ്ട്/സെക്രട്ടറി, വിസിറ്റേഴ്സ് പ്രതിനിധി, വിവിധ അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർമാർ എന്നിവർ മതബോധനകൗൺസിലിൽ പങ്കെടുത്തു.

**തീരുമാനങ്ങൾ:**

1) വിശ്വാസപരിശീലകർക്കായി ത്രിദിന ധ്യാനം "റേമ 2024" മദർഹോമിൽ വച്ച് സംഘടിപ്പിക്കുക.
2) വിശ്വാസപരിശീലന ടെക്സ്റ്റ്ബുക്ക് കേന്ദ്രീകൃതമായ ട്രെയിനിംഗ് വിശ്വാസപരിശീലകർക്ക് നല്കുക.
3) തുടക്കക്കാരായ വിശ്വാസപരിശീലകരെ ആമുഖസെമിനാറിൽ നിർബന്ധമായും പങ്കെടുപ്പിക്കുക.
4) ഏപ്രിൽ മാസം മുതൽ ദിവ്യകാരുണ്യസന്ധ്യ (വൈകുന്നേരം 4 മണി മുതൽ 9 മണിവരെ) വിശ്വാസപരിശീലകർക്കായി നടത്തുക.
5) വിശ്വാസോത്സവവും കര്യക്ഷമമായി നടത്തുക.
6) ഏപ്രിൽ - മെയ് മാസങ്ങളിൽ കുട്ടികൾക്ക് വേണ്ടി സെമിനാരിക്കാർ, സിസ്റ്റേഴ്സ് etc... സഹായത്തോടെ ധ്യാനം, സെമിനാർ നടത്തുക.
7) ഏഴാം ക്ലാസ്സിലെ കുട്ടികൾക്ക് എൻലൈറ്റ് പ്രോഗ്രാം നടത്തുക.
8) നവോദയ-സ്പോർട്സ് സ്കൂൾ കുട്ടികൾക്കായി അഞ്ച് ദിവസത്തെ അവധിക്കാല വേദപാഠക്ലാസ്സുകൾ നടത്തുക.

## 25. ആദരാഞ്ജലികൾ

അട്ടേങ്ങാനം സൺഡേസ്കൂൾ പ്രധാനാധ്യാപകനായ ബഹു. ബിനീഷ് ഇല്ലിക്കൽ സാറിന്റെ പിതാവ് മാത്യു ഇല്ലിക്കൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ബിനീഷ് സാറിനും കുടുംബാംഗങ്ങൾക്കും വിശ്വാസപരിശീലനകേന്ദ്രത്തിന്റെ പ്രാർത്ഥനയും അനുശോചനവും അറിയിക്കുന്നു.

## 26. ഡയറക്ടറച്ചന്മാരുടെ സന്ദർശനം

ഡയറക്ടറച്ചൻ നാട്ടയ്ക്കൽ, ചായോത്ത്, മേരിപുരം എന്നീ സൺഡേസ്കൂളുകളിലും അസി. ഡയറക്ടറച്ചൻ കരുവഞ്ചാൽ, കുന്നോത്ത് സൺഡേസ്കൂളിലും സന്ദർശനം നടത്തി.

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്തോലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

### തീസിസ് സമർപ്പണം

അവസാനവർഷ ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ മെയ് 30 നു മുമ്പായി തീസിസ് ആൽഫാ ഓഫീസിൽ സമർപ്പിക്കേണ്ട താണ്. ബിരുദ വിദ്യാർത്ഥികൾ 60 മുതൽ 80 വരെ പേജുകളും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ 80 മുതൽ 100 പേജുകൾ വരെയുള്ള പ്രബന്ധമാണ് തയ്യാറാക്കേണ്ടത്.

ബിരുദ വിദ്യാർത്ഥികൾ ബൈൻഡ് ചെയ്ത ഒരു കോപ്പിയും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ ബൈൻഡ് ചെയ്ത 2 കോപ്പികളും (ടൈപ്പ് ചെയ്തതായിരിക്കണം) സമർപ്പിക്കണം. കൃത്യസമയത്തിനുള്ളിൽ തീസിസ് സമർപ്പിക്കാത്ത വിദ്യാർത്ഥികൾക്ക് ഈ വർഷത്തെ കോൺവൊക്കേഷനിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല.

### ലോഗോസ് ബൈബിൾ ക്വിസ് - 2024

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 24-ാമത് ലോഗോസ് ബൈബിൾ ക്വിസിന്റെ പഠനഭാഗങ്ങളും തീയതിയും ശ്രദ്ധിക്കുമല്ലോ.

**പഠനഭാഗങ്ങൾ**

| | |
|---|---|
| **ന്യായാധിപന്മാർ 1-10** | **പ്രഭാഷകൻ 34-40** |
| **വി. ലൂക്കാ 9-16** | **2 കൊറി 7-13** |

**പരീക്ഷാതീയതികൾ**

രൂപതാതലം : 2024 സെപ്റ്റംബർ 29, 2.00 - 3.30 pm
സംസ്ഥാനതലം : 2024 നവംബർ 10
മെഗാ ഫൈനൽ : 2024 നവംബർ 23-24
രജിസ്ട്രേഷൻ : **2024 ജൂൺ 1 മുതൽ ജൂലൈ 31 വരെ**
രജിസ്ട്രേഷൻ ഫീസ് : **20 രൂപ**

**ലോഗോസ് പഠനസഹായി**

ലോഗോസ് ബൈബിൾ ക്വിസ്സിൽ പങ്കെടുക്കുന്നവർക്ക് സഹായകമാകുന്ന രീതിയിൽ ചോദ്യോത്തരങ്ങൾ ഉൾപ്പെടുത്തി പഠനസഹായി ബൈബിൾ അപ്പൊസ്റ്റൊലേറ്റ് പുറത്തിറക്കുന്നുണ്ട്.

**സെമസ്റ്റർ ക്ലാസ്സുകൾ**

## BTh ഇംഗ്ലീഷ് വിഭാഗം

| വിഷയം | തീയതി |
|---|---|
| ഇന്ത്യൻ സഭാചരിത്രം | 09.03.2024 |
| ബൈബിൾ വ്യാഖ്യാനശാസ്ത്രം | 17.03.2024 |
| സെമിനാർ: Human Person and Social life | 23.03.2024 |

## BTh മലയാളം വിഭാഗം

| വിഷയം | തീയതി |
|---|---|
| സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം | 02.03.2024 |
| ബൈബിൾ വ്യാഖ്യാനശാസ്ത്രം | 10.03.2024 |
| സെമിനാർ: Human Person and Social life | 16.03.2024 |

## MTh മലയാളം വിഭാഗം

| വിഷയം | തീയതി |
|---|---|
| സഭാപിതാക്കന്മാരുടെ വി. ഗ്രന്ഥ വ്യാഖ്യാനശാസ്ത്രം | 14.03.2024 |

## MTh ഇംഗ്ലീഷ് വിഭാഗം

| വിഷയം | തീയതി |
|---|---|
| സഭാപിതാക്കന്മാരുടെ വി. ഗ്രന്ഥ വ്യാഖ്യാനശാസ്ത്രം | 07.03.2024 |
| പുതിയ നിയമ ദൈവശാസ്ത്രം | 21.03.2024 |

**ഫാ. തോമസ് മാപ്പിളപ്പറമ്പിൽ**
*ഡയറക്ടർ,*
*ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ,*
*ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ്
## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ് പ്രിയ മിഷനറിമാരെ,

ദൈവപിതാവിന്റെ അനന്തമായ സ്നേഹ ബഹുമാനങ്ങൾ ഏറ്റു വാങ്ങിയ വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുന്നാളും ദൈവഹിതത്തിനുമുമ്പിൽ ആമ്മേൻ പറഞ്ഞ പരിശുദ്ധ അമ്മയുടെ മംഗളവാർത്ത തിരുനാളും ഈ മാസം നാം അനുസ്മരിക്കുകയാണല്ലാ... ഈശോയുടെ ഉത്ഥാനത്തിരുന്നാളിനായി ഏറ്റവും അടുത്ത് ഒരുങ്ങിക്കൊണ്ടിരിക്കുന്ന നമുക്ക് ഉത്ഥിതനായവന്റെ തിരുമുറിവുകളോട് നമ്മുടെ പ്രതീക്ഷകളും വേദനകളും ചേർത്തുവയ്ക്കാം. വഴിമുട്ടുന്ന ജീവിതങ്ങൾക്ക് വഴികാട്ടിയായി, ഉത്ഥിതനായ ഈശോ നമ്മോട് കൂടെയുണ്ട്. കൂടെ നടക്കുന്ന അവിടുത്തെ സാന്നിധ്യം തിരിച്ചറിഞ്ഞ് ഈ ഉത്ഥാനത്തിരുന്നാൾ നമുക്ക് ആഘോഷിക്കാം. പ്രിയപ്പെട്ട കൊച്ചുകൂട്ടുകാർക്ക് ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ ഒത്തിരി സ്നേഹത്തോടെ ആശംസിക്കുന്നു...

| |
|---|
| അനുസ്മരിക്കുന്ന തിരുനാൾ : വി. യൗസേപ്പിതാവ് |
| അനുസ്മരിക്കുന്ന വിശുദ്ധർ : വി. യൗസേപ്പിതാവ് |
| പ്രാർത്ഥനാനിയോഗം : പരീക്ഷ എഴുതുന്ന എല്ലാവർക്കും വേണ്ടി |
| സുകൃതജപം : ക്രൂശിതാ ഞാനങ്ങയെ പുണരുന്നു. |
| വചനാമൃതം : 2 കൊറിന്തോസ് 4-ാം അദ്ധ്യായം |

### 1. ശാഖകൾ ശ്രദ്ധിക്കാൻ

| | |
|---|---|
| 7 വ്യാഴം | : പരീക്ഷ എഴുതുന്ന എല്ലാ വിദ്യാർത്ഥികൾക്കുവേണ്ടി തിരുസന്നിധിയിൽ ആരാധന. |
| 8 വെള്ളി | : വനിതാദിനം |
| 19 ചൊവ്വ | : വി.യൗസേപ്പിതാവിന്റെ തിരുനാൾ |
| 22 വെള്ളി | : 40-ാം വെള്ളി |
| 24 ഞായർ | : ഓശാന ഞായർ |

25 തിങ്കൾ : മംഗളവാർത്താതിരുനാൾ
28 വ്യാഴം : പെസഹ വ്യാഴം
29 വെള്ളി : ദുഃഖ വെള്ളി
31 ഞായർ : ഈസ്റ്റർ

**2. മേഖലകൾ ശ്രദ്ധിക്കാൻ** : എക്സിക്യൂട്ടീവ്, അഗതിമന്ദിര സന്ദർശനം, എം. റ്റി. സി. മേഖലാതല ക്യാമ്പുകൾ, പരീക്ഷ എഴുതുന്ന എല്ലാ വിദ്യാർത്ഥികൾക്കുവേണ്ടി തിരുസന്നിധിയിൽ ആരാധന.

**3. ശാഖാ - മേഖല വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

എല്ലാ ശാഖാ വൈസ്ഡയറക്ടേഴ്സിനും 2023-2024 പ്രവർത്തന വർഷത്തെ ശാഖാ - മേഖലാ വാർഷിക റിപ്പോർട്ട് ഫോം കിട്ടികാണും എന്ന് വിചാരിക്കുന്നു. കിട്ടാത്തവർ മേഖലാ വൈസ് ഡയറക്ടേഴ്സുമായോ, അതിരൂപതാ ഓഫീസുമായോ ബന്ധപ്പെടുമല്ലോ. വാർഷിക റിപ്പോർട്ട് ഫോം പൂരിപ്പിച്ച് ആരും അതിരൂപതയിലേക്ക് നേരിട്ട് അയക്കേണ്ടതില്ല. അവരവരുടെ മേഖലയിൽ ജൂൺ ആദ്യ ആഴ്ചയോടെ എത്തിച്ചാൽ മതിയാകും. ശാഖകളിൽ നിന്ന് ഒറിജിനൽ കോപ്പിയാണ് മേഖലയിൽ എത്തിക്കേണ്ടത്. മേഖലയിൽ നിന്നും ഒറിജിനൽ കോപ്പിയായിരിക്കണം അതിരൂപതാ ഓഫീസിലേക്ക് നൽകേണ്ടത് എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**4. ശാഖാഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

2024 -25 പ്രവർത്തന വർഷത്തെ ശാഖാഭാരവാഹികളുടെ (ജൂനിയർ - സീനിയർ) തിരഞ്ഞെടുപ്പ് ഏപ്രിൽ 1 മുതൽ 4 വരെ നടക്കുന്ന വിശ്വാസോത്സവത്തോടനുബന്ധിച്ച് നടത്തുകയും അതിരൂപതയിൽ നിന്നും തരുന്ന ഫോമിൽ കൃത്യമായി എഴുതി തരുകയും ചെയ്യുമല്ലോ. ഏതെങ്കിലും ശാഖകളിൽ ശാഖാ ഭാരവാഹികളുടെ ലിസ്റ്റ് തരേണ്ട ഫോം ലഭിച്ചിട്ടില്ല എങ്കിൽ മേഖലാ വൈസ്ഡയറക്ടേഴ്സുമായോ, അതിരൂപതാ ഓഫീസുമായോ ബന്ധപ്പെടുമല്ലോ.

**5. എം റ്റി സി ക്യാമ്പ്**

എല്ലാ മേഖലകളിലും എം റ്റി സി ക്യാമ്പ് നടത്തിക്കഴിഞ്ഞു കാണുമല്ലോ. അതിരൂപതാ ക്യാമ്പിലേയ്ക്കുള്ള 3 ആൺകുട്ടികളുടെയും 3 പെൺകുട്ടികളുടെയും പേര്, വീട്ടുപേര്, ഇടവക, വാട്സ്ആപ്പ് നമ്പർ എന്നിവ അതിരൂപതയിൽ നിന്ന് തന്നിരിക്കുന്ന ഫോമിൽ കൃത്യമായി പൂരിപ്പിച്ച് ഏപ്രിൽ 5-ാം തീയതിക്കുള്ളിൽ അതിരൂപതാ ഓഫീസിൽ തരുമല്ലോ. മേഖലകളിൽ ക്യാമ്പ് നടത്തി തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളെയാണ് അതിരൂപതാ ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടത്. അതിരൂപതാ എം റ്റി സി ക്യാമ്പ് ഏപ്രിൽ മാസത്തിൽ നടത്തുന്നതായിരിക്കും. സ്ഥലവും, തീയതിയും, സമയവും പിന്നീട് അറിയിക്കുന്നതായിരിക്കും.

**6. പരീക്ഷാവിജയത്തിനായി മദ്ധ്യസ്ഥ പ്രാർത്ഥന**

ഈ വർഷം 10-ാംക്ലാസ്സ്, പ്ലസ്ടു പരീക്ഷ എഴുതുന്ന എല്ലാ മിഷൻലീഗ് അംഗങ്ങളെയും നമ്മുടെ പ്രാർത്ഥന വഴി ശക്തിപ്പെടുത്താം. ഓരോ ശാഖയിലും പരീക്ഷ എഴുതുന്ന കുട്ടികളുടെ പേരും പരീക്ഷാ ടൈംടേബിളും ശാഖയിലെ മറ്റ് കുട്ടികൾക്ക് നൽകി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുവാനും ദിവ്യബലിയിലും ആരാധനയിലും സന്ധ്യാപ്രാർത്ഥനയിലും ഇവർക്കായി പ്രത്യേകം പ്രാർത്ഥിക്കുവാനും ഓർമ്മിക്കുമല്ലോ.

**7. എയ്ഞ്ചൽസ് മീറ്റ്**

ഈ വർഷം ആദ്യകുർബ്ബാന സ്വീകരിക്കുന്ന കുട്ടികളെ മേഖലാതലത്തിൽ ഒരുമിച്ചുകൂട്ടി അഭിനന്ദിക്കുകയും ചെറുപുഷ്പ മിഷൻലീഗ് സംഘടനയിലേയ്ക്കുള്ള ഔദ്യോഗിക പ്രവേശനം നൽകുകയും ചെയ്യുന്നതിനായി എല്ലാ മേഖലകളിലും എയ്ഞ്ചൽസ് മീറ്റ് നടത്തുവാൻ ബഹു. മേഖലാ ഡയറക്ടർ അച്ചൻമാർ ശ്രദ്ധിക്കുമല്ലോ. എയ്ഞ്ചൽസ് മീറ്റിന് കുട്ടികൾക്ക് കൊടുക്കുവാനുള്ള സർട്ടിഫിക്കറ്റ് ആവശ്യമുള്ളവർ ഈ മാസം തന്നെ അതിരൂപതാ ഓഫിസിൽ അറിയിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. മെയ് ആദ്യ ആഴ്ചകളിൽ അഭിവന്ദ്യ പിതാക്കൻമാരുടെ സൗകര്യത്തിനനുസരിച്ച് തീയതികൾ സെക്രട്ടറിയെ വിളിച്ച് അതാത് മേഖലാ ഡയറക്ടർമാർ ഉറപ്പുവരുത്തുക.

**8. അഭിവന്ദ്യ പിതാവിന്റെ തിരുനാൾ**

മാർച്ച് 19 ന് നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനുവേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് ആശംസാ കാർഡുകൾ അയയ്ക്കുവാനും ഫോൺ വിളിച്ച് ആശംസകൾ അർപ്പിക്കുവാനും ബഹു. വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

**9. ഹൃദയം നിറഞ്ഞ നന്ദി**

ജ്വലിക്കുന്ന തീക്ഷ്ണതയാൽ കർമ്മധീരതയോടെ ചെറുപുഷ്പ മിഷൻലീഗിനെ നയിച്ച് കൊളക്കാട് ഇടവകയിലേക്ക് അസി. വികാരിയായി സ്ഥലം മാറിപ്പോയ എടൂർ മേഖല ഡയറക്ടർ ആശിഷ് അറയ്ക്കൽ അച്ചന് അതിരൂപതാ കുടുംബത്തിന്റെ ഹൃദയംനിറഞ്ഞ നന്ദി.

**10. അവധിക്കാല നേതൃത്വ പരിശീലന ക്യാമ്പ്**

ചെറുപുഷ്പ മിഷൻലീഗ് കുട്ടികൾക്കായി അവധിക്കാലത്ത് വിവിധ റീജിയണുകളിലായി അവധിക്കാല നേതൃത്വ പരിശീലന ക്യാമ്പ് നടത്തുന്നു എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു ക്യാമ്പിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പിന്നീട് നിങ്ങളെ അറിയിക്കുന്നതായിരിക്കും.

**11. മേഖലാ ജൂനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

ചെറുപുഷ്പ മിഷൻലീഗിന്റെ 2024-25 വർഷത്തേക്കുള്ള മേഖലാ ജൂനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് മെയ് അവസാനത്തോടെയോ ജൂൺ ആദ്യ ആഴ്ചയോ നടത്തി അതിരൂപതയിൽ നിന്നു നൽകിയ ഫോമിൽ പൂരിപ്പിച്ച് നൽകണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.

**12. മേഖലാ സന്ദർശനങ്ങൾ**

25.01.2024 ന് മേരിഗിരി മേഖലയും, 29.01.2023 ന് നെല്ലിക്കാംപൊയിൽ, എടൂർ, മണിക്കടവ് മേഖലയും, 04.02.2024 ന് ആലക്കോട് മേഖലയും, 15.02.2024 ന് വെള്ളരിക്കുണ്ട് മേഖലയും, 17.02.2024 ന് പൈസക്കരി മേഖലയും അതിരൂപതാ ഭാരവാഹികൾ സന്ദർശിച്ചു. ഇനി സന്ദർശിക്കാത്ത എല്ലാ മേഖലകളും ഈ മാസം തന്നെ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം മേഖലാ എക്സിക്യൂട്ടീവ് റെക്കോഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും വേണ്ട ക്രമീകരണങ്ങൾ നടത്തുകയും ചെയ്യുമല്ലോ.

**13. ടീം ക്വിസ്സ് വിജയികൾ**

I[st] എടൂർ മേഖല

II[nd] കുന്നോത്ത് മേഖല

III[rd] ചെമ്പേരി മേഖല

വ്യക്തിഗത സമ്മാനം - അലൻസോ വട്ടോളിൽ (എടൂർ ശാഖ)

ഇവാഞ്ചലിൻ പടിഞ്ഞാറ്റുമുറി (അങ്ങാടിക്കടവ് ശാഖ)

**14. മിഷൻ പച്ചക്കറിത്തോട്ട മത്സര വിജയികൾ**

I[st] അട്ടക്കണ്ടം ശാഖ

II[nd] കോഴിച്ചാൽ ശാഖ

III[rd] മേരിഗിരി ശാഖ

**പ്രോത്സാഹന സമ്മാനത്തിന് അർഹരായവർ :**

നെടുവാലൂർ, മണിപ്പാറ, താമ്പോർ, പൈസക്കരി, ചേപ്പറമ്പ് മുടയിരഞ്ഞി, കൂട്ടാപ്പറമ്പ്, പരപ്പ, വിമലശ്ശേരി.

**15. കൈയെഴുത്ത് മാസിക മത്സര വിജയികൾ**

I[st] ഉമ്മറപൊയിൽ ശാഖ

II[nd] കരുവഞ്ചാൽ ശാഖ

III[rd] പൂപ്പറമ്പ ശാഖ

അട്ടക്കണ്ടം ശാഖ

**പ്രോത്സാഹന സമ്മാനത്തിന് അർഹരായവർ :**

ഇരിട്ടി, പയ്യാവൂർ, തയ്യേനി, മണിപ്പാറ, ചെട്ടിയാപറമ്പ്
കരയത്തുംചാൽ, ജയഗിരി, വിമലശ്ശേരി, ചരൾ

**16. അഭിനന്ദനങ്ങൾ**

ചെറുപുഷ്പ മിഷൻലീഗ് മലബാർറീജിയൺ മാർഗ്ഗരേഖ നിർമ്മാണ മത്സരത്തിൽ **തലശ്ശേരി അതിരൂപത** ഒന്നാം സ്ഥാനം കരസ്ഥമാക്കി. മേഖല തലത്തിൽ മേരിഗിരി മേഖലയ്ക്കും ശാഖാതലത്തിൽ മണിപ്പാറ ശാഖയ്ക്കും രണ്ടാം സ്ഥാനം ലഭിച്ചു. ശാഖാ തലത്തിൽ മേരിഗിരി ശാഖ പ്രോത്സാഹന സമ്മാനത്തിന് അർഹമായി.

**17. ഉണ്ണീശോയ്ക്കൊരു കട്ടിൽ - ഒരായിരം നന്ദിയോടെ**

പഞ്ചാബ് മിഷനിലെ കുഞ്ഞുകൂട്ടുകാർക്ക് കട്ടിൽ വാങ്ങാൻ ഹൃദയ പൂർവ്വം സഹകരിച്ച എല്ലാ ശാഖകൾക്കും, മേഖലകൾക്കും, സുമനസു കൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി സ്നേഹപൂർവ്വം അറിയി ക്കുന്നു.

**18. മേഖലാ കൗൺസിൽ വാർഷികം**

11.02.2024 ന് ഞായറാഴ്ച കാസർഗോഡ് മേഖലയിലും, 18.02.22024 ന് ഞായറാഴ്ച പൈസക്കരി മേഖലയിലും കൗൺസിൽ - വാർഷികം നടന്നു. ഇനിയും മേഖലാ കൗസിൽ - വാർഷികം നടത്താത്ത എല്ലാ മേഖലകളും ഉടനെ തന്നെ കൗൺസിൽ - വാർഷികം നടത്താൻ വേണ്ട ക്രമീകരണ ങ്ങൾ ചെയ്യുമല്ലോ.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പ്രത്യാശയുടെ, പ്രതീക്ഷയുടെ സുവിശേഷമാണ് ഉയിർപ്പ് തിരുനാൾ നമുക്ക് പ്രദാനം ചെയ്യുന്നത്. സ്നേഹമുള്ള കുഞ്ഞുമക്കളേ ഈശോയുടെ ഉത്ഥാനത്തിരുന്നാളിനായി ഏറ്റവും അടുത്ത് ഒരുങ്ങിക്കൊണ്ടിരിക്കുന്ന നിങ്ങൾക്ക് സഹനത്തെയും മരണത്തെയും പരാജയപ്പെടുത്തി മഹത്വത്തിന്റെ കിരീടം ചൂടിയ ഈശോയുടെ ഉത്ഥാനത്തിരുന്നാളിന്റെ മംഗളങ്ങൾ ഒത്തിരി സ്നേഹത്തോടെ ആശംസിക്കുന്നു.

അനുസ്മരിക്കുന്ന തിരുനാൾ : വി. യൗസേപ്പിതാവ്
അനുസ്മരിക്കുന്ന വിശുദ്ധൻ : വി. യൗസേപ്പിതാവ്
പ്രാർത്ഥനാനിയോഗം : പരീക്ഷയ്ക്ക് ഒരുങ്ങുന്ന എല്ലാ വിദ്യാർത്ഥികൾക്കും വേണ്ടി
സുകൃതജപം : നീതിമാനായ വി. യൗസേപ്പേ, നീതിയിൽ വളരാൻ എന്നെ സഹായിക്കണമേ.
വചനം : മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ദൈവത്തിന്റെ നാവിൽ നിന്നുപുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത് (മത്താ 4:4)
പ്രവൃത്തി : വി. യൗസേപ്പിതാവിനെക്കുറിച്ച് കുട്ടികൾക്ക് പറഞ്ഞ് കൊടുക്കുക.
എയ്ഞ്ചൽസ് ബീറ്റ്സ് : വി. യൗസേപ്പിതാവിനെക്കുറിച്ച് ക്വിസ് മത്സരം നടത്തുക. (ശാഖാതലത്തിൽ മത്സരം ക്രമീകരിക്കുക)

**1. ശാഖകൾ ശ്രദ്ധിക്കാൻ**

7 വ്യാഴം : പരീക്ഷ എഴുതുന്ന എല്ലാ വിദ്യാർത്ഥികൾക്കുവേണ്ടി തിരുസന്നിധിയിൽ ആരാധന.
8 വെള്ളി : വനിതാദിനം
19 ചൊവ്വ : വി.യൗസേപ്പിതാവിന്റെ തിരുനാൾ

22 വെള്ളി : 40-ാം വെള്ളി
24 ഞായർ : ഓശാന ഞായർ
25 തിങ്കൾ : മംഗളവാർത്താതിരുനാൾ
28 വ്യാഴം : പെസഹ വ്യാഴം
29 വെള്ളി : ദുഃഖ വെള്ളി
31 ഞായർ : ഈസ്റ്റർ

## 2. തിരുബാലസഖ്യദിനം

അതിരൂപതാതല തിരുബാലസഖ്യ ദിനാചരണം ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ച കുന്നോത്ത് ശാഖയിൽ വച്ച് നടന്നു. അതിരൂപതാ ഡയറക്ടർ ബഹു. ജോസഫ് വടക്കേപ്പറമ്പിൽ അച്ചൻ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. അതോടൊപ്പം കുട്ടികൾ വിവിധ പരിപാടികൾ അവതരിപ്പിക്കുകയും അവർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. തിരുബാലസഖ്യദിനത്തിന് വേണ്ട ക്രമീകരണങ്ങൾ ചെയ്ത കുന്നോത്ത് ഫൊറോന വികാരി അഗസ്റ്റ്യൻ പാണ്ട്യാമാക്കൽ അച്ചന് ഒത്തിരി സ്നേഹത്തോടെ നന്ദി അറിയിക്കുന്നു.

## 3. അഭിവന്ദ്യ പിതാവിന്റെ തിരുനാൾ

മാർച്ച് 19 ന് നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനുവേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് ആശംസാ കാർഡുകൾ അയയ്ക്കുവാനും ഫോൺ വിളിച്ച് ആശംസകൾ അർപ്പിക്കുവാനും ബഹു. വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

## 4. ഉണ്ണീശോയ്ക്കൊരു കട്ടിൽ - ഒരായിരം നന്ദിയോടെ

പഞ്ചാബ് മിഷനിലെ കുഞ്ഞുകൂട്ടുകാർക്ക് കട്ടിൽ വാങ്ങാൻ ഹൃദയപൂർവ്വം സഹകരിച്ച എല്ലാ ശാഖകൾക്കും, മേഖലകൾക്കും, സുമനസുകൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു.

## 5. കാരുണ്യത്തിന്റെ കരം

കൊച്ചുകൂട്ടുകാർ 50 നോമ്പിൽ കൊച്ചു കൊച്ചു ത്യാഗം ചെയ്ത് രൂപീകരിക്കുന്ന തുക ഇടവകയിലെ പാവപ്പെട്ട ഒരു കുടുംബത്തെ സഹായിക്കാൻ ഉപയോഗിക്കുമല്ലോ.

## 6. എയ്ഞ്ചൽസ് ഫെസ്റ്റ് 2023-24 (കലോത്സവം)

### മത്സര വിജയികൾ

**പ്രസംഗം - ബോയ്സ്**

| | പേര്, വീട്ടുപേര് | ഇടവക |
|---|---|---|
| I | ജോസ് ടി ജോസ് തയ്യിൽ | തോമാപുരം |
| II | ഡിയോൺ എടത്തിനാൽ | എടൂർ |
| III | ജോർജ്ജ് മഠത്തിക്കാട്ടുക്കുന്നേൽ | വെള്ളരിക്കുണ്ട് |

**പ്രസംഗം ഗേൾസ്**

| | | |
|---|---|---|
| I | ആൻലിയ റോസ് പുളിയാനിക്കാട്ട് | വട്ട്യാറ |
| II | അലക്സാ മേനാംപറമ്പിൽ | ബളാൽ |
| III | അന്ന നെട്ടുനെഴുകയിൽ | ചെറുപുഴ |

**സംഗീതം - ബോയ്സ്**

| | | |
|---|---|---|
| I | എമ്മാനുവേൽ പൊൻപാറ | നെല്ലിക്കുറ്റി |
| II | ജോഷ്വ വാണിയകിഴക്കേൽ | പെരുമ്പടവ് |
| III | ഏബൽ തെക്കേമുറിയിൽ | നെല്ലിക്കാംപൊയിൽ |

**സംഗീതം - ഗേൾസ്**

| | | |
|---|---|---|
| I | എലേന കാഞ്ഞിരത്തിങ്കൽ | ചെമ്പന്തൊട്ടി |
| II | എസ്തേർ കല്ലിങ്കൽപറമ്പിൽ | ഉമ്മറപൊയിൽ |
| III | ദിൽഷ റോസ് മാപ്പാലകയിൽ | വിമലശ്ശേരി |

**ഗ്രൂപ്പ് ഡാൻസ്**

I ചെമ്പന്തൊട്ടി ശാഖ

II പരിയാരം ശാഖ

III പടന്നക്കാട് ശാഖ

**7. ഈശോയെപ്പോലെ വളരാം .... വലുതാകാം.**

തിരുബാലസഖ്യം കുട്ടികളുടെ ഈശോയെപ്പോലെ വളരാം വലുതാകാം എന്ന 2024 - 2025 വർഷത്തെ വർക്കുബുക്ക് തയ്യാറായിക്കൊണ്ടിരിക്കുന്നു. തിരുബാലസഖ്യം മാർഗ്ഗരേഖയും ഈ വർക്കുബുക്കിന്റെ തുടർച്ചയായിട്ടാണ് നൽകുന്നത്. 1-ാം ക്ലാസ്സ് മുതൽ 4-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് വിശ്വാസ പരിശീലന ബുക്കിന്റെ കൂടെ ഈ വർക്ക് ബുക്കും നൽകുവാൻ ബഹുമാനപ്പെട്ട ആനിമെറ്റേഴ്സും ഹെഡ്മാസ്റ്റർമാരും ശ്രദ്ധിക്കുമല്ലോ. ഓരോ ശാഖയിലേക്കുംവേണ്ട ബുക്കുകളുടെ എണ്ണം അതിരൂപത ഓഫീസിൽ അറിയിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റോലേറ്റ്

"ക്രിസ്തുവിന്റെ പീഡകളിൽ നിങ്ങൾ പങ്കുകാരാകുന്നതിൽ ആഹ്ളാദിക്കുവിൻ,അവന്റെമഹത്വം വെളിപ്പെടുമ്പോൾ നിങ്ങൾ അത്യധികം ആഹ്ളാദിക്കും" (1പത്രോസ് 4.13)

പ്രിയപ്പെട്ട ഡയറക്ടച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

അനുദിന ജീവിതത്തിലെ കുരിശുകൾ സന്തോഷത്തോടെ വഹിക്കാനും കുരിശിലൂടെ അവിടുന്ന് നേടിയെടുത്ത രക്ഷ സ്വന്തമാക്കുന്നതിനുമായി ഒരിക്കൽക്കൂടി ദൈവപുത്രനായ യേശുക്രിസ്തുവിന്റ പീഡാനുഭവത്തെ അനുസ്മരിപ്പിക്കുന്ന നോമ്പുകാലത്തേക്കു നാം പ്രവേശിച്ചിരിക്കുകയാണ്. പുണ്യങ്ങളുടെ പൂക്കാലം എന്നറിയപ്പെടുന്ന നോമ്പുകാലത്ത് അനുതാപത്തിന്റെയും അനുരഞ്ജനത്തിന്റെയും പാതയിലൂടെ സഞ്ചരിക്കുവാനും അനുദിനം ദിവ്യബലിയിൽ പങ്കെടുക്കുവാനും യുവസുഹൃത്തുക്കൾ ശ്രദ്ധിക്കുമല്ലോ.

## യുവജനവർഷം 2024 തലശ്ശേരി അതിരൂപത ഉദ്ഘാടനം

കേരളസഭ നവീകരണത്തിന്റെ ഭാഗമായി കേരള കാത്തലിക് ബിഷപ്പ് കോൺഫറൻസിന്റെ (കെസിബിസി) ആഭിമുഖ്യത്തിൽ ആചരിക്കുന്ന യുവജനവർഷത്തിന്റെ തലശ്ശേരി അതിരൂപതതല ഉദ്ഘാടനം തലശ്ശേരി അതിരൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, യുവജനവർഷ ലോഗോ അതിരൂപത കെസിവൈഎം പ്രസിഡന്റ് അഖിൽ സി. ജെക്ക് നൽകി നിർവ്വഹിച്ചു. "കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുകളുമുള്ള ക്രൈസ്തവയുവത്വം" എന്നതാണ് യുവജനവർഷത്തിന്റ ആപ്തവാക്യം.

## ദിവ്യകാരുണ്യ വർഷം - VENITE ADOREMUS

കെസിവൈഎം തലശ്ശേരി അതിരൂപത ദിവ്യകാരുണ്യവർഷത്തിൽ 19 ഫൊറോനകളിലും നടത്തുവാൻ ആഗ്രഹിക്കുന്ന, യുവജനങ്ങൾ വി. കുർബാനയുടെ മുൻപിലണയുന്ന **'വെനീത്തെ അദോറേമൂസ്'** കുന്നോത്ത് ഫൊറോനയുടെ നേതൃത്വത്തിൽ കുന്നോത്ത് വച്ച് നടത്തപ്പെട്ടു. വി. കുമ്പസാരം, വി. കുർബാന, ദിവ്യകാരുണ്യപ്രദിക്ഷണം, ദിവ്യകാരുണ്യവചനപ്രഘോഷണം എന്നിവ നടന്നു. ഫാ. ജോസഫ് ആനചാരിയിൽ ദിവ്യകാരുണ്യവചനപ്രഘോഷണം നടത്തി. അതിരൂപത സമി

തിയോടൊപ്പം സഹകരിച്ച കുന്നോത്ത് ഫൊറോന പ്രസിഡന്റ് അഭിഷേക് കുറുമുട്ടം, ഡയറക്ടർ ഫാ. ജിന്റോ, ഫൊറോന, യൂണിറ്റ് ഭാരവാഹികൾക്ക് നന്ദി.

## അർദ്ധവാർഷിക സെനറ്റ്

2023-24 സമിതിയുടെ അർദ്ധവാർഷിക സെനറ്റ് സമ്മേളനം മാർച്ച് 3 ന് ഞായറാഴ്ച്ച വായാട്ടുപറമ്പ് ഫൊറോനയിൽ വച്ച് നടത്തപ്പെടുന്നു. കെസിവൈഎം-ന്റെ കഴിഞ്ഞ 6 മാസക്കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും അടുത്ത 6 മാസക്കാലത്തേക്കായുള്ള പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുവാനും ആണ് അർദ്ധവാർഷിക സെനറ്റ് സമ്മേളനം നടത്തുന്നത്. 19 ഫൊറോനകളിലേയും സെനറ്റ് അംഗങ്ങൾ സമ്മേളനത്തിന് എത്തിച്ചേരേണ്ടതാണ്.

## പള്ളിമുറ്റം

2023-24 സമിതിയുടെ പ്രധാന പ്രോഗ്രാമായ പള്ളിമുറ്റം എല്ലാ യൂണിറ്റുകളിലും നടത്തേണ്ടതാണ്. ഫൊറോന സമിതിയുടെ നേതൃത്വത്തിലാണ് പള്ളിമുറ്റം 2k24 നടക്കുന്നത്. ഞായറാഴ്ച വൈകുന്നേരത്തെ വി. കുർബാനക്കുശേഷം പള്ളിമുറ്റത്ത് ഒരുമിച്ചുകൂടി പൂന്തോട്ടം വൃത്തിയക്കുവാനും, വിവിധ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യുവാനും സൗഹൃദം പങ്കിടുവാനും ചെറു കാപ്പിയോ, സ്നേഹ വിരുന്നോ സജ്ജമാക്കുവാനും ശ്രദ്ധിക്കുമല്ലോ. മാർച്ച് മാസത്തോടുകൂടി എല്ലാ ഫൊറോനകളിലും ഇതിന്റെ ഉദ്ഘാടനം നടത്തേണ്ടതാണ്.

## തലശ്ശേരി യൂത്ത് കോൺഫറൻസ്

കെസിവൈഎം തലശ്ശേരി അതിരുപതയുടെ 2023-2024 സമിതിയുടെ നേതൃത്വത്തിൽ തലശ്ശേരി യൂത്ത് കോൺഫറൻസ് തോമാപുരം ഫൊറോനയുടെ ആതിഥേയത്വത്തിൽ പാലാവയലിൽ വച്ച് യൂത്ത് കോൺഫറൻസ് നടത്തപ്പെട്ടു. തലശ്ശേരി അതിരുപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി യൂത്ത് കോൺഫറൻസിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. മൂന്ന് ദിവസങ്ങളിലായി നടന്ന യുവജന കോൺഫറൻസിൽ വിവിധ മേഖലകളിൽ പ്രഗൽഭരായ വ്യക്തിത്വങ്ങൾ ക്ലാസ്സുകൾ നയിച്ചു. കെസിവൈഎം സംഘടന പ്രവർത്തന ശൈലി അടുത്തറിയാൻ, നേതൃത്വ പരിശീലനവും വ്യക്തിത്വ വികസനവും സ്വായത്തമാക്കാൻ, നവീനങ്ങളായ ആശയങ്ങൾ ഉൾപ്പെടുത്തി മികച്ച സംരംഭകരാകാൻ, സമുദായസ്നേഹത്തിൽ വളരാൻ, ദിവ്യകാരുണ്യ ആരാധനയിലൂടെ ആത്മീയതയിൽ ആഴപ്പെടാൻ, ലഹരിവസ്തുക്കൾക്കും, പ്രണയക്കണികൾക്കും ഇരയാകാതിരിക്കാൻ തുടങ്ങി വ്യത്യസ്ത വിഷയങ്ങളിൽ ക്ലാസുകളും ചർച്ചകളും നടന്നു. അതിരൂപത പ്രസിഡന്റ് അഖിൽ സി.ജെ. അദ്ധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. ജിൻസ് വാളി

പ്ലാക്കൽ ആമുഖ സന്ദേശം നൽകി. പാലാവയൽ ഇടവക വികാരി ഫാ. ജോസ് മാണിക്കത്താഴെ, ഫൊറോന ഡയറക്ടർ ഫാ. ജോൺസൺ പടിഞ്ഞാറയിൽ, പ്രസിഡന്റ് റിജേഷ്, പാലാവയൽ യൂണിറ്റ് പ്രസിഡന്റ് ജോർജുകുട്ടി, എമിൽ, വിവിധ ഫൊറോന ഡയറക്ടർമാർ, അതിരൂപത ഭാരവാഹികൾ, ഫൊറോന പ്രസിഡന്റുമാർ, യുവജനപ്രവർത്തകർ, തുടങ്ങിയവർ സംസാരിച്ചു. യൂത്ത് കോൺഫറൻസ് വിജയകരമായി തീർക്കാൻ സഹകരിച്ച എല്ലാവർക്കും ഹൃദയംനിറഞ്ഞ നന്ദി.

## സ്നേഹ ഭവനം

കെസിവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ കുന്നോത്ത് ഫൊറോനയിലെ കെസിവൈഎം പ്രവർത്തകനായിരുന്ന പാലത്തുംകടവ് ഇടവകയിലെ അഡോൺ ചെന്നോലിന്റെ കുടുംബത്തിനാണ് സ്നേഹഭവനം പണിയുന്നത്. നിങ്ങളുടെ എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

## പുറപ്പാട് : ഫൊറോന സന്ദർശനം

കെസിവൈഎം 2023-2024 സമിതിയടെ ഫൊറോന സന്ദർശനം ആയ പുറപ്പാട് 2k24 നടത്തപ്പെട്ടു. ചെറുപുഴ ഫൊറോനയുടെ സന്ദർശനം രാജഗിരി യുണിറ്റിൽ വച്ച് നടത്തി. അതിരൂപത സമിതിയോടൊപ്പം ഫൊറോന പ്രസിഡന്റ് അഖിൽ, ഡയറക്ടർ ഫാ. വർഗ്ഗീസ് വെട്ടിയാനിക്കൽ, ഫൊറോനസമതി അംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി. എല്ലാ യൂണിറ്റുകളിലേയും റിപ്പോർട്ടുകൾ അവതരിപ്പിച്ചു. അതിരൂപതയിലേയും, ഫൊറോനയിലേയും പ്രവർത്തനങ്ങൾ വിലയിരുത്തി. തോമാപുരം ഫൊറോന സന്ദർശനം പാലാവയൽ യൂണിറ്റിൽ വച്ചും മാലോം ഫൊറോന സന്ദർശനം ചുള്ളി യൂണിറ്റിൽ വച്ചും വെള്ളരിക്കുണ്ട് ഫൊറോന സന്ദർശനം ബളാൽ യൂണിറ്റിലും വച്ച് നടത്തി.

## ബെസ്റ്റ് ഫൊറോന അവാർഡ്

കെസിവൈഎം 2k23-24 സമിതിയുടെ അർദ്ധവാർഷിക സെനറ്റിൽ വച്ച് ബെസ്റ്റ് ഫൊറോന അവാർഡ് നൽകുന്നു. അതിരൂപത സമതിയോടൊപ്പം ചെയ്ത പ്രോഗ്രാമുകളും, ഫൊറോനയിലെ മികച്ച പ്രവർത്തനങ്ങളും വിലയിരുത്തിയാണ് അവാർഡ് കമ്മിറ്റി വിജയികളെ തീരുമാനിക്കുന്നത്.

## വാലന്റെൻസ് ഡേ ആഘോഷം : നമ്മൾ

കെസിവൈഎം വനിതവിങ്ങിന്റെ നേതൃത്വത്തിൽ കെസിവൈഎം അംഗങ്ങൾക്കായി വാലന്റെൻസ് ഡേ ആഘോഷം നമ്മൾ എന്ന പേരിൽ ഫോട്ടോഗ്രാഫി മത്സരം നടത്തി. അറുപത് വയസ്സിനു മുകളിൽ പ്രായമായ വൃദ്ധമാതാപിതാക്കളുടെ ഫോട്ടോയാണ് മത്സരത്തിന് പരിഗണിച്ചത്. ജോവാന്ന പയ്യനാട്ട് ഒന്നാം സ്ഥാനം കരസ്ഥമാക്കി. അഭിനന്ദനങ്ങൾ.

### മരിച്ചവരുടെ ഓർമ്മ

ഫെബ്രുവരി ഒൻപത് സകല മരിച്ചവരുടെയും ഓർമ്മ ദിനത്തിൽ മരിച്ചുപോയ വിശ്വാസികൾക്കുവേണ്ടി കെസിവൈഎം–ന്റെ നേതൃത്വത്തിൽ വിവിധ ഫൊറോനകളിൽ മരിച്ചവരുടെ ഓർമ്മ ദിനം ആചരിച്ചു.

### ദിവ്യകാരുണ്യ നൈറ്റ് വിജിൽ

ദിവ്യകാരുണ്യ നൈറ്റ് വിജിൽ എടൂർ ഫൊറോനയുടെ നേതൃത്വത്തിൽ എടൂർ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ദിവ്യകാരുണ്യവചന പ്രഘോഷണവും, ദിവ്യകാരുണ്യ ആരാധനയും നൈറ്റ് വിജിലിന്റെ ഭാഗമായി ഉണ്ടായിരുന്നു. ഫൊറോന പ്രസിഡന്റ് റോണിറ്റ്, ഫൊറോന, യൂണിറ്റ് ഭാരവാഹികൾ എന്നിവർ ദിവ്യകാരുണ്യ നൈറ്റ് വിജിലിന് നേതൃത്വം നൽകി.

### കാട്ടാന ആക്രമണത്തിനെതിരെ പന്തംകൊളുത്തി പ്രതിഷേധം

വയനാട്ടിൽ കർഷകനെ കാട്ടാന ചവുട്ടികൊന്നതിൽ പ്രതിഷേധിച്ച് കെസിവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ കുന്നോത്ത് വച്ച് പന്തം കൊളുത്തി പ്രതിഷധം നടത്തി.

### കെസിവൈഎം സംസ്ഥാന വാർഷിക സെനറ്റ്

കെസിവൈഎം സംസ്ഥാന വാർഷിക സെനറ്റ് കോട്ടപ്പുറം രൂപതയിൽ വച്ച് നേത്തപ്പെട്ടു. സംസ്ഥാന സെനറ്റ് സമ്മേളനത്തിൽ നടന്ന ഇലക്ഷനിൽ സംസ്ഥാന പ്രസിഡന്റായി എം.ജെ. ഇമ്മാനുവൽ (ആലപ്പുഴ രൂപത), വൈസ് പ്രസിഡന്റായി അനു ജോസഫ് (കോതമംഗലം രൂപത) തെരഞ്ഞെടുക്കപ്പെട്ടു. തലശ്ശേരി അതിരൂപതയിൽ നിന്നും ഏഴ് പേർ സംസ്ഥാന വാർഷിക സെനറ്റ് സമ്മേളനത്തിൽ പങ്കെടുത്തു.

### സഹപ്രവർത്തകന് ഒരു കൈത്താങ്ങ്

കെസിവൈഎം കച്ചേരിക്കടവ് ഇടവകയിലെ യൂണിറ്റ് സെക്രട്ടറിയും ഇടവകയിലെ സജീവ പ്രവർത്തകനുമായ അഭിജിത്ത് ബൈജു ഇളമ്പിലക്കാട്ടിൽ 2024 ഫെബ്രുവരി 5 ന് വള്ളിത്തോടുവച്ചുണ്ടായ വാഹനാപകടത്തിൽ ഗുരുതരാവസ്ഥയിൽ ആയതിനാലും ഭാരിച്ച ചികിൽസ തുക ആവശ്യമായതിനാലും സാമ്പത്തിക സഹായ ഫണ്ട് രൂപീകരിച്ച് നൽകി.

**ഫാ. തോമസ് വാളിപ്ലാക്കൽ**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്സ്റ്റോലേറ്റ്

“ക്രിസ്തീയ ജീവിതത്തിന്റെ ഉറവിടവും പാരമ്യവുമാണ് വി. കുർബ്ബാന” (LG 11). ക്രിസ്തീയ കുടുംബങ്ങൾ രൂപം കൊള്ളുന്നതും സ്നേഹത്തിൽ വളർന്ന് കൂട്ടായ്മ രൂപപ്പെടുന്നതും വി. കുർബ്ബാനയിലൂടെയാണ്. അൾത്താരയിലെ ബലിയിൽനിന്നും ശക്തിയാർജ്ജിച്ച് ജീവിതബലി കർമ്മരംഗങ്ങളിൽ തുടരാനുള്ള കരുത്ത് നേടാൻ കുടുംബങ്ങളെയും ദമ്പതികളെയും നമുക്ക് സഹായിക്കാം.

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

ഫെബ്രുവരി 15-17 തീയതികളിലായി പടന്നക്കാട് വച്ചു നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 90 പേർ സംബന്ധിച്ചു.

**Time Schedule**

- കോഴ്സിന്റെ ഒന്നാം ദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.00 ന് എം.പി.സി സമാപിക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സിയുടെ ഫീസ് **1600** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടു വരേണ്ടതാണ്.
- **2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**

• ഈ വർഷത്തെ എം.പി.സി കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു

| MPC 2024 | | | |
|---|---|---|---|
| March | 14-16 | (Thursday, Saturday) | Thalassery |
| April | 02-04 | (Tuesday, Thursday) | Thalassery |
| April | 18-20 | (Thursday, Saturday) | Padannakkad |
| May | 16-18 | (Thursday, Saturday) | Thalassery |
| June | 13-15 | (Thursday, Saturday) | Thalassery |
| July | 18-20 | (Thursday, Saturday) | Padannakkad |
| August | 22-24 | (Thusday, Saturday) | Thalassery |
| September | 19-21 | (Thursday, Saturday) | Padannakkad |
| October | 17-19 | (Thursday, Saturday) | Thalassery |
| November | 14-16 | (Thursday, Saturday) | Padannakkad |
| December | 19-21 | (Thursday, Saturday) | Thalassery |

## II. മാതൃവേദി

### (a) അഗതിമന്ദിര സന്ദർശനം

അതിരൂപതാതല ജീവകാരുണ്യപ്രവർത്തനത്തിന്റെ ഭാഗമായി ജനുവരി 27ന് അതിരൂപതാതല ഭാരവാഹികളും പൈസക്കരി മേഖലാ ഭാരവാഹികളും വെമ്പുവ യൂണിറ്റിലെ അമ്മമാരും വെമ്പുവയിലുള്ള തെരേസാ ഭവൻ സന്ദർശിച്ച് അവിടെയുള്ള അന്തേവാസികളെ ശുശ്രൂഷിക്കുകയും വെമ്പുവ യൂണിറ്റിലെ അമ്മമാർ തയ്യാറാക്കിയ പൊതിച്ചോറ് എല്ലാവർക്കും നല്കുകയും ചെയ്തു.

### (b) ദിവ്യകാരുണ്യ ഓൺലൈൻ ആരാധന

ദിവ്യകാരുണ്യ വർഷത്തോടനുബന്ധിച്ച് അതിരൂപതയിലെ മുഴുവൻ അമ്മമാർക്കായി ജനുവരി 26ന് രാത്രി 8 മണി മുതൽ 9മണിവരെയുള്ള സമയം ഓൺലൈൻ ആരാധന നടത്തി. 3300 ലേറെ അമ്മമാർ ആരാധനയിൽ പങ്കുകൊണ്ടു.

**(c) മേഖലാ സന്ദർശനം :** തോമാപുരം മേഖലയിലെ ജനറൽ ബോഡിയിൽ ഡയറക്ടർ ഫാ. ജോബി കോവാട്ട് പങ്കെടുക്കുകയും ക്ലാസ് എടുക്കുകയും ചെയ്തു. 60 ഓളം അമ്മമാർ പങ്കെടുത്തു.

### (d) വി. തോമസ് അക്വിനാസ് പ്രബന്ധ മത്സരം

വി. തോമസ് അക്വിനാസ് കത്തോലിക്കാ ദൈവശാസ്ത്രത്തിന് നല്കിയ സംഭാവനകൾ വിവരിച്ച് 2 പേജിൽ കവിയാത്ത പ്രബന്ധ മത്സരം നടത്തി. 31 പേർ മത്സരത്തിൽ പങ്കെടുത്തു. വിജയികൾക്ക് അഭിനന്ദനങ്ങൾ.

**സമ്മാനർഹരായവർ**

| | | |
|---|---|---|
| ഒന്നാം സമ്മാനം | - ആതിര തുണ്ടത്തിൽ, എടൂർ | - K500 |
| രണ്ടാം സമ്മാനം | - ഡോ. കാർമ്മലി കൂട്ടുങ്കൽ, കുമ്പള | - K300 |
| മൂന്നാം സമ്മാനം | - ലിന്റ കള്ളികാട്ട്, കോളയാട് | - K100 |
| | - സോണിയ കിഴക്കേപ്പാടത്ത്, എടൂർ | - K100 |

**(e) ദിവ്യകാരുണ്യ വചനപ്രഘോഷണ മത്സരം**

വി. കുർബ്ബാനയെ സൂചിപ്പിക്കുന്ന ദൈവവചനങ്ങൾ മനഃപാഠമാക്കി പ്രഘോഷിക്കുന്ന 3 മിനിറ്റിൽ കൂടാതെയുള്ള പ്രഘോഷണ മത്സരം നടത്തി. 50 ഓളം അമ്മമാർ പങ്കെടുത്തു. വിജയികൾക്ക് അഭിനന്ദനങ്ങൾ.

| | | |
|---|---|---|
| ഒന്നാം സമ്മാനം | - നൈസി ചേന്നാട്ടുതാഴെ, ഹൊസങ്കടി | - K500 |
| രണ്ടാം സമ്മാനം | - ഗ്രീഷ്മ കാരിക്കാട്ടിൽ, രയറോം | - K300 |
| മൂന്നാം സമ്മാനം | - ഷിന്റ കൂനങ്കിയിൽ, വിളമന | - K100 |

**(f) ദിവ്യകാരുണ്യ വർഷ ജ്വാല 10.00 am - 3.30 pm**

മാർച്ച് 2 - ചെമ്പന്തൊട്ടി

മാർച്ച് 9 - ചെറുപുഴ

**(g) ദിവ്യകാരുണ്യ ഓൺലൈൻ ആരാധന**

മാർച്ച് 22 - വെള്ളി - 8 pm- 9 pm

**(h) ദിവ്യകാരുണ്യ വർഷ ജീവകാരുണ്യപ്രവർത്തനം (മിസരിക്കോർദിയ)**

മാർച്ച് 23 - മരിയ ഭവൻ, തെറ്റുവഴി, പേരാവൂർ

ഏപ്രിൽ 10 - ജീവൻ ജ്യോതി ആശ്രമം, ചുള്ളി

**(i) ഓൺ ലൈഫ് മീഡിയായിൽ (യുട്യൂബ് ചാനൽ) പ്രോഗ്രാമുകൾ നൽകേണ്ട മേഖലകൾ**

മാർച്ച് - കാസർഗോഡ്, തോമാപുരം

**(j) മാർച്ച് മാസത്തെ മാർഗ്ഗരേഖ**

1 - യൗസേപ്പിതാവിന്റെ വണക്കമാസം തുടങ്ങുന്നു.

2 - ജ്വാല @ ചെമ്പന്തൊട്ടി

8 - അന്താരാഷ്ട്ര വനിതാദിനം - അതിരൂപതാതല ആഘോഷം നെല്ലിക്കാംപൊയിൽ.

9 - ജ്വാല @ ചെറുപുഴ

13 - പുകവലി വിരുദ്ധ ദിനം - പുകവലിയുടെ ദോഷഫലങ്ങൾ വിശദീകരിക്കുന്ന ചാർട്ട് നിർമ്മിക്കുക 9400206974 എന്ന നമ്പറിലേക്ക് അയക്കുക.

19 - വി. യൗസേപ്പിതാവിന്റെ തിരുനാൾ - അതിരൂപതയ്ക്ക് വേണ്ടി പ്രാർത്ഥിക്കുന്നു. ജോസഫ് നാമധാരികൾക്ക് ആശംസ - നമ്മുടെ പിതാവിന് ആശംസകൾ നേർന്നു കൊണ്ട് ആശംസാകാർഡ് തയ്യാറാക്കുക.

20 - ലോക സന്തോഷദിനം - സന്തോഷമായിരിക്കേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന സന്തോഷത്തോടെ ആയിരുന്നുകൊണ്ടുള്ള 1 മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ മത്സരം.

22 - 40-ാം വെള്ളി ആഘോഷമായ കുരിശിന്റെ വഴി നടത്തുക.
- ദിവ്യകാരുണ്യവർഷ ഓൺലൈൻ ആരാധന, സന്ദേശം (8.00pm - 9.00pm)

23 - അതിരൂപതാതല ജീവകാരുണ്യ പ്രവർത്തനം @ മരിയഭവൻ തെറ്റുവഴി പേരാവൂർ.
- അതിരൂപതാതല ഈസ്റ്റർ ആഘോഷം.

25 - മംഗലവാർത്ത തിരുനാൾ - കർത്താവിന്റെ മാലാഖ എന്ന ത്രിസന്ധ്യാ ജപം ചൊല്ലുക. സന്തോഷത്തിന്റെ ഒന്നാം രഹസ്യം ചൊല്ലുക. മൂന്ന് നിയോഗങ്ങൾ മാതാവിന് സമർപ്പിക്കുക.
- വലിയ ആഴ്ച ഏറ്റവും പാവപ്പെട്ട 3 കുടുംബങ്ങൾക്ക് ഈസ്റ്റർ കിറ്റ് നല്കുക.
- കുരിശിന്റെ വഴി രചനാമത്സരം. 14 സ്ഥലങ്ങളേയും അർത്ഥവത്താക്കി അവതരിപ്പിക്കുന്ന ചിന്തകളോടെ കാലഘട്ടത്തിനിണങ്ങുന്ന രീതിയിൽ രചിക്കുക. 25 ന് രാത്രി 12.00നു മുമ്പായി 9400206974 എന്ന നമ്പറിലേക്ക് അയക്കുക.

**പ്രത്യേകപ്രവർത്തനങ്ങൾ**

1. **ദിവ്യകാരുണ്യ ആൽബം** - വി. കുർബ്ബാനയുടെ വിവിധതരം ചിത്രങ്ങളും ഉചിതമായ അടിക്കുറിപ്പുകളും ഉപയോഗിച്ചുകൊണ്ടുള്ള മനോഹരമായ ആൽബം മാർച്ച് 31 ന് മുമ്പായി നിർമ്മിക്കുക (10 പേജിൽ കൂടരുത്).
2. 'സ്ത്രീ കുടുംബത്തിന്റെയും സമൂഹത്തിന്റെയും ശക്തി'/'വനിതാ ശാക്തീകരണം ഇന്നിന്റെ ആവശ്യം' എന്ന വിഷയങ്ങളിലേതിനെയെങ്കിലും കുറിച്ച് വനിതാദിനത്തോടനുബന്ധിച്ച് മേഖലകളിൽ ക്ലാസ്/ മത്സരം നടത്തുക.
3. മലർവാടി 2K24 അതിരൂപതാതല വിധി നിർണ്ണയം

## III. ഫാമിലി വർക്ക്ഷോപ്പ്

ചങ്ങനാശ്ശേരി അതിരൂപതയിലെ കാനാ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടന്ന 'ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഇൻ കേരള' എന്ന വിഷയത്തെ അടിസ്ഥാനമാക്കി നടന്ന വർക്ക്ഷോപ്പിൽ ഡയറക്ടർ ഫാ. ജോബി കോവാട്ടും ആനിമേറ്റർ സി. ലിസ് മരിയയും, എം.പി.സി റിസോഴ്സ് ടീം അംഗമായ ജോബി ജോൺ മൂലയിലും കുടുംബവും പങ്കെടുത്തു.

**IV. സഖറിയാസ് കൂട്ടായ്മ :** സഖറിയാസ് ടീം അംഗങ്ങൾക്ക് ജനുവരി 29, 30, 31 തീയതികളിൽ യഥാക്രമം ഇരിട്ടി, ചെറുപുഴ, ചെമ്പേരി എന്നിവിടങ്ങളിൽ വച്ച് ഡയറക്ടർ വിശുദ്ധ കുർബ്ബാനയർപ്പിക്കുകയും, ക്ലാസ്സ് എടുക്കുകയും ചെയ്തു.

ഫെബ്രുവരി 11ന് കനകക്കുന്ന് ഇടവകയിൽ സഖറിയാസ് കൂട്ടായ്മ നടത്തി. 85 ഓളം പേര് പങ്കെടുത്തു.

## V. സീറോമലബാർ മാട്രിമോണി

സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തുകൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റോലേറ്റ് ഓഫീസുമായി ബന്ധപ്പെടുക. Phone : 9400206974, 8078122191.

## VI. പ്രശാന്തി കൗൺസിലിംഗ് സെന്റർ

അതിരൂപതാ ഫാമിലി അപ്പൊസ്റ്റോലേറ്റിൽ കുടുംബബന്ധങ്ങളുടെ ശാക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

Phone : 9400206974, 8078122191

## VII. അമല പ്രോലൈഫ്

a). വെള്ളരിക്കുണ്ട്, പനത്തടി ഫൊറോനകളിൽ പ്രൊലൈഫ് ഫൊറോന സമിതികൾ രൂപീകരിച്ചു. അതിരൂപതാ പ്രസിഡന്റ് ശ്രീ. സെലസ്റ്റിൻ വടക്കേൽ, ആനിമേറ്റർ സി. സ്റ്റെല്ല എം.എസ്.എം.ഐ, കോർഡിനേറ്റർ ശ്രീ. ടോമി ഓലിക്കൽ എന്നിവർ നേതൃത്വം നല്കി.

b). മാർച്ച് 24ന്  പ്രൊലൈഫ് കോർ ടീം മീറ്റിംഗ് നടക്കുന്നു.

c). പ്രോലൈഫ് എക്സിക്യൂട്ടീവ് അംഗമായ ശ്രീ. തോമസ് ഓലിക്കലിന്റെ മാതാവിന്റെ നിര്യാണത്തിൽ അമല പ്രോലൈഫ് അനുശോചനം അറിയിച്ചു. ഡയറക്ടറും എക്സിക്യൂട്ടീവ് അംഗങ്ങളും ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും റീത്ത് സമർപ്പിക്കുകയും ചെയ്തു.

## പ്രോലൈഫ് മാരേജ് ബ്യൂറോ

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി. ഫീ 500 രൂപ നാല് മാസത്തേക്ക്.

Web Site: www.prolifemarry.com

## VIII. ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ

Mail ID : familytly92@gmail.com

**റവ. ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ്

## മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പുരസ്കാരം ഡോ. ജോസ് ചാക്കോ പെരിയപ്പുറത്തിന്

സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ മേഖലകളിൽ മാതൃകയായ വ്യക്തികളെ ആദരിക്കുന്നതിനായി തലശ്ശേരി അതിരൂപത കോർപ്പറേറ്റ് ഏജൻസി ഏർപ്പെടുത്തിയ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി അവാർഡ് പ്രശ്സ്ത ഹൃദയശസ്ത്രക്രിയ വിദഗ്ധനും പദ്മശ്രീ പുരസ്ക്കാര ജേതാവുമായ ഡോ. ജോസ് ചാക്കോ പെരിയപ്പുറത്തിന്. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്ന പുരസ്ക്കാരം 24/02/2024 ശനിയാഴ്ച രാവിലെ 10 ന് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ നടക്കുന്ന കോർപ്പറേറ്റ് അധ്യാപകസംഗമത്തിൽ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി സമ്മാനിക്കും. തമിഴ്നാട് മുൻ ചീഫ് സെക്രട്ടറി പിസി സിറിയക്, തലശ്ശേരി അതിരൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, കണ്ണൂർ സർവ്വകലാശാല രജിസ്ട്രാർ ഡോ. ജോബി കെ. ജോസ് എന്നിവരടങ്ങിയ കമ്മിറ്റിയാണ് പുരസ്ക്കാര നിർണ്ണയം നടത്തിയത്.

എറണാകുളം ലിസി ആശുപത്രിയിലെ കാർഡിയോളജി വിഭാഗം തലവനായ ഡോ. ജോസ് ചാക്കോ പെരിയപുറം ഇതിനകം 15000 ഹൃദയശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ട്. ഈ പുരസ്ക്കാരം ലഭിക്കുന്ന ആറാമത്തെ വ്യക്തിയാണ് ഡോ. ജോസ് ചാക്കോ പെരിയപുറം.

## മികച്ച വിദ്യാലയങ്ങൾക്കുള്ള അവാർഡുകൾ

2023-24 അധ്യായന വർഷത്തെ വിദ്യാലയ വിലയിരുത്തൽ റിപ്പോർട്ടുകൾ പരിശോധിച്ച് ഏറ്റവും മികച്ച വിദ്യാലയങ്ങളെ കണ്ടെത്തി. അഭിനന്ദനാർഹമായ പ്രവർത്തനങ്ങൾ നമ്മുടെ എല്ലാ വിദ്യാലയങ്ങളിലും നടക്കുന്നു. നമ്മുടെ സ്കൂളുകളെ മികവോടെ മുന്നോട്ടു

കൊണ്ടുപോകുന്ന ബഹു. മാനേജർമാർക്കും പ്രധാനാധ്യാപകർക്കും സ്റ്റാഫ് അംഗങ്ങൾക്കും പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും.

ഈ വർഷം കോർപ്പറേറ്റ് തലത്തിൽ അവാർഡു നേടിയ സ്കൂളുകളുടെയും അധ്യാപക - അനധ്യാപകരുടെയും പിടിഎകളുടെയും പേര് താഴെ ചേർക്കുന്നു.

**എൽ.പി വിഭാഗം**

സെന്റ് തോമസ് എൽ.പി എസ് തോമാപുരം
നിർമ്മലഗിരി എൽ.പി സ്കൂൾ വെള്ളരിക്കുണ്ട്.
സെന്റ് ജോൺസ് എൽപി സ്കൂൾ പാലാവയൽ

**യുപി വിഭാഗം**

വയത്തൂർ യു.പി.എസ്. ഉളിക്കൽ
സെന്റ് ജോസഫ്സ് യു.പി.എസ്. കരൂള്ളടുക്കം
സെന്റ് സെബാസ്റ്റ്യൻസ് യു.പി.എസ്. വീർപാട്

**ഹൈസ്കൂൾ വിഭാഗം**

സെന്റ് തോമസ് എച്ച്.എസ്. മണിക്കടവ്
സെന്റ് ജോസഫ്സ് എച്ച്.എസ്. പേരാവൂർ
സെന്റ് മേരീസ് എച്ച്.എസ്. എടൂർ

**ഹയർസെക്കണ്ടറി വിഭാഗം**

സെന്റ് മേരീസ് എച്ച്.എസ്.എസ്. എടൂർ
സെന്റ് തോമസ് എച്ച്.എസ്.എസ്. മണിക്കടവ്
സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്. കുന്നോത്ത്

**ചെറിയ സ്കൂളുകളുടെ വിഭാഗം**

സെന്റ് ജോസഫ്സ് യു.പി. സ്കൂൾ പുലിക്കുരുമ്പ
സെന്റ് ജോസഫ്സ് യു.പി. സ്കൂൾ അറബി
സെന്റ് അഗസ്റ്റിൻസ് എൽ.പി.എസ്. കോഴിച്ചാൽ

**പിടിഎ അവാർഡ്**

ക്രൈസ്റ്റ് നഗർ എൽ.പി. സ്കൂൾ എടക്കോം
മഞ്ഞളാംപുറം യു.പി. സ്കൂൾ
സെന്റ് ജോസ്ഫ്സ് ഹൈസ്കൂൾ വായാട്ടുപറമ്പ

## അധ്യാപകർക്കുള്ള അവാർഡുകൾ

**മോൺ. തോമസ് പഴേപറമ്പിൽ അവാർഡ്**

ശ്രീ. ബിജു ജോസഫ് കെ, പ്രിൻസിപ്പാൾ
സെന്റ്ജോസഫ്സ് എച്ച്.എസ്.എസ്. വായാട്ടുപറമ്പ

**മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി എക്സലൻസ് അവാർഡുകൾ**

ശ്രീ. ജോർജ് പി.എ പ്രിൻസിപ്പാൾ
സേക്രട്ട് ഹാർട്ട് അങ്ങാടിക്കടവ് എച്ച്.എസ്.എസ്

സി. ലിസ്സി പോൾ, ഹെഡ്മിസ്ട്രസ്സ്
നിർമ്മല യുപി സ്കൂൾ ചെമ്പേരി

ശ്രീമതി ബീന മേരി കെ, എച്ച്എസ്ടി മാത്സ്,
സെന്റ് മേരീസ് എച്ച്എസ് എടൂർ

**പ്രത്യേക പുരസ്കാരം**

ശ്രീ. ഷീൻ അബ്രാഹം, ലാബ് അസിസ്റ്റന്റ്
നിർമ്മല എച്ച്.എസ് എസ് ചെമ്പേരി

## സർവ്വീസിൽ നിന്നും വിരമിക്കുന്നവർ

| | | |
|---|---|---|
| 1. ഷജിമോൻ വി.ജെ. | പ്രിൻസിപ്പാൾ | കൊളക്കാട് HSS - 30/04/2024 |
| 2. സഖറിയാസ് അബ്രാഹം | പ്രിൻസിപ്പാൾ | പെരുമ്പടവ് HSS - 31/03/2024 |
| 3. ബിജു ജോസഫ് കെ. | പ്രിൻസിപ്പാൾ | വായാട്ടുപറമ്പ HSS - 31/05/2024 |
| 4. ജോർജ്ജ് പി.എ. | പ്രിൻസിപ്പാൾ | അങ്ങാടിക്കടവ് HSS - 31/05/2024 |
| 5. തോമസ് തോമസ് | പ്രിൻസിപ്പാൾ | കുന്നോത്ത് HSS - 31/03/2024 |
| 6. ഷൈനി വി സിറിയക് | എച്ച്.എം (HS) | കിളിയന്തറ HS - 31/05/2024 |
| 7. മോളിക്കുട്ടി കെ.വി. | എച്ച്.എം (HS) | പെരുമ്പടവ് HSS - 31/05/2024 |
| 8. സി.ടെസ്സി പി.വി. | എച്ച്.എം (LP) | വെള്ളരിക്കുണ്ട് LP - 30/04/2024 |
| 9. ലൂക്കോസ് എംജെ | എച്ച്.എം (LP) | കിളിയന്തറ LP - 31/03/2024 |
| 10. ജീന ജോർജ്ജ് | എച്ച്.എം (LP) | കല്ലുവയൽ LP - 31/05/2024 |
| 11. ആലീസ് ഇ.പി. | എച്ച്.എം (UP) | ഉദയഗിരി UP - 31/05/2024 |
| 12. സ്റ്റാനി കെ.എം. | എച്ച്.എം (UP) | വയത്തൂർ UP - 31/05/2024 |
| 13. സി. ലിസി പോൾ | എച്ച്.എം (UP) | ചെമ്പേരി UP - 31/05/2024 |
| 14. സി. ലിസമ്മ ജോസഫ് | HSST സുവോളജി | കുന്നോത്ത് HSS - 31/5/2024 |
| 15. ജോയ് പി.വി. | HSST ഇംഗ്ലീഷ് | കൊളക്കാട് HSS - 31/5/2024 |
| 16. ഷാജി തോമസ് | HSST (മാത്സ്) | വെള്ളരിക്കുണ്ട് HSS - 31/3/2024 |
| 17. ലിസി തോമസ് | HSST ഫിസിക്സ് | എടൂർ HSS - 31/05/2024 |
| 18. സി. മേഴ്സി സി.ജെ. | HST മലയാളം | ചെമ്പന്തൊട്ടി HS - 31/03/2024 |
| 19. മേഴ്സിക്കുട്ടി തോമസ് | HST (മാത്സ്) | കടുമേനി HS - 31/03/2024 |
| 20. മിനി പി കുരുവിള | HST (മാത്സ്) | ചെമ്പന്തൊട്ടി HS - 31/05/2024 |
| 21. ഗ്രേസി ജോസഫ് | HST (മാത്സ്) | ചെമ്പേരി HS - 31/03/2024 |
| 22. ബീന മേരി കെ. | HST (മാത്സ്) | എടൂർ HS - 31/05/2024 |

| | | |
|---|---|---|
| 23. സി. മോളി സി.ജെ. | HST (എസ്.എസ്) | കിളിയന്തറ HS - 31/05/2024 |
| 24. ബെന്നി ഫിലിപ്പ് | HST (എസ്.എസ്) | ചന്ദനക്കാംപാറ HS - 31/03/2024 |
| 25. ജാൻസി ജോസഫ് | HST (പി.എസ്) | അങ്ങാടിക്കടവ് HS - 31/05/2024 |
| 26. സി. മരിയ വി.യു. | HST (എൻ.എസ്) | മണിക്കടവ് HS - 31/03/2024 |
| 27. ഷീജ കെ. | HST (എൻ.എസ്) | പൈസക്കരി HS - 31/05/2024 |
| 28. സി. ജെസീന്ത കെ.ജെ. | HST (ഹിന്ദി) | കിളിയന്തറ HS - 31/03/2024 |
| 29. ബെൻസി എം.എ. | യുപിഎസ്ടി | പാലാവയൽ HS - 31/05/2024 |
| 30. മോളി ഡൊമിനിക് | യുപിഎസ്ടി | മഞ്ഞളാംപുറം UPS - 31/03/2024 |
| 31. ജോൺസൺ പി.പി. | എൽപിഎസ്ടി | മേരിപുരം LPS - 31/05/2024 |
| 32. ഡെയ്സമ്മ മാത്യു | എൽപിഎസ്ടി | ചെമ്പേരി UP - 31/05/2024 |
| 33. സുജ പി. ഫിലിപ്പ് | എൽപിഎസ്ടി | എടൂർ LPS - 31/05/2024 |
| 34. മോളി സി.ജെ. | എൽപിഎസ്ടി | വയത്തൂർ UP - 31/05/2024 |
| 35. റോസമ്മ എൻ. സ.ി | എൽപിഎസ്ടി | മഞ്ഞളാംപുറം UPS - 31/05/2024 |
| 36. ജെസ്സി ജോർജ്ജ് | എൽപിഎസ്ടി | തോമാപുരം LPS - 31/05/2024 |
| 37. സാലിക്കുട്ടി തോമസ് | എൽപിഎസ്ടി | പൈസക്കരി UP - 31/03/2024 |
| 38. മിനി സിറിയക് | എൽപിഎസ്ടി | ചെമ്പന്തൊട്ടി UP - 31/05/2024 |
| 39. ബെറ്റി സെബാസ്റ്റ്യൻ | JLT ഉറുദു | കുടിയാന്മല UP - 31/03/2024 |
| 40. ജെയ്സൺ കെ.ജെ | JLT ഹിന്ദി | എടൂർ HS - 31/05/2024 |
| 41. ടോം ജോസ് | JLT ഹിന്ദി | നെല്ലിക്കുറ്റി UP - 31/05/2024 |
| 42. ആന്റണി എംജെ | JLT ഹിന്ദി | ഉദയഗിരി UP - 31/03/2024 |
| 43. തങ്കമ്മ എം.ടി | JLT ഹിന്ദി | പൊട്ടംപ്ലാവ് UP - 31/05/2024 |
| 44. അവിരാച്ചൻ സിജെ | JLT സംസ്കൃതം | ചന്ദനക്കാംപാറ UP - 31/05/2024 |
| 45. മിനിമോൾ ജോസഫ് | JLT സംസ്കൃതം | പൈസക്കരി UP - 31/03/2024 |
| 46. അബ്ദുൾ റഷീദ് വി.പി | JLT അറബിക് | തൊണ്ടിയിൽ UP - 31/03/2024 |
| 47. സാബു എം മാത്യു | ലാബ് അസിസ്റ്റന്റ് | തോമാപുരം HSS - 31/05/2024 |
| 48. ഷീൻ അബ്രാഹം | ലാബ് അസിസ്റ്റന്റ് | ചെമ്പേരി HSS - 31/05/2024 |
| 49. ജോർജ്ജ്കുട്ടി പി.ജെ. | ക്ലർക്ക് | കരിക്കോട്ടക്കരി HS - 31/07/2024 |
| 50. ലീന ജോസഫ് | ഓഫീസ് അറ്റൻന്റ് | എടൂർ HS - 29/02/2024 |

**ഫാ. മാത്യു ശാസ്താംപടവിൽ**
*കോർപ്പറേറ്റ് മാനേജർ*

# നിർമ്മലഗിരി കോളേജ്
## കൂത്തുപറമ്പ്

### സാഹിത്യശിൽപ്പശാല സംഘടിപ്പിച്ചു

മലയാളവിഭാഗവും ഐക്യു എസിയും മാതൃഭൂമി ബുക്സിന്റെ സഹകരണത്തോടെ സാഹിത്യ ശില്പശാല സംഘടിപ്പിച്ചു. 'എഴുത്തിന്റെ രസതന്ത്രം' എന്ന പേരിൽ നടന്ന സാഹിത്യ ശില്പ ശാലയും പുസ്തകമേളയും പ്രശസ്ത എഴുത്തുകാരനും നോവ ലിസ്റ്റുമായ ശ്രീ. വി. ജെ. ജെയിംസ് ഉദ്ഘാടനം ചെയ്ത് മുഖ്യ പ്രഭാഷണം നടത്തി. ചടങ്ങിൽ നിർമലഗിരി കോളേജ് പ്രിൻസിപ്പൽ ഡോ. ടി. കെ. സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു. കോളേജ് ബർസാർ റവ. ഫാ. ഷാജി തെക്കേമുറിയിൽ, വൈസ് പ്രിൻസിപ്പാൾ റവ. ഫാ. ജോബി ജേക്കബ് ഐക്യു എസികോർഡിനേറ്റർ റവ. ഡോ. മാർട്ടിൻ ജോസഫ്, നോവലിസ്റ്റ് രമേശൻ ബ്ലാത്തൂർ, എന്നിവർ സംസാരിച്ചു മലയാളവിഭാഗ അധ്യക്ഷ ഡോ. ദീപമോൾ മാത്യു സ്വാഗതവും ജിസ്മി ജോസഫ് നന്ദിയും പറഞ്ഞു.

### താക്കോൽദാനം നടത്തി

നിർമലഗിരി കോളേജ് എൻഎസ്എസ്യൂ യൂണിറ്റുകൾ ഗൃഹശ്രീ ഭവനപദ്ധതിയുമായി സഹകരിച്ച് പണി കഴിപ്പിച്ച സ്നേഹ ഭവനത്തിന്റെ താക്കോൽ ദാനം കണ്ണൂർ യൂണിവേഴ്സിറ്റി ഡിഎസ്എസും എൻ.എസ്.എസ്. കോഓഡിനേറ്ററുമായ ഡോ. നഫീസ ബേബി നിർവഹിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. സെബാസ്റ്റ്യൻ ടി.കെ. അധ്യക്ഷത വഹിച്ച യോഗത്തിൽ ബഹു. കോളേജ് ബർസാർ ഫാ. ഷാജി തെക്കേമുറിയിൽ അനുഗ്രഹഭാഷണം നടത്തി. വാർഡ് മെമ്പർ ശ്രീമതി ശ്രീജ സി. കെ., ഗോപി മാസ്റ്റർ, ഡേവിഡ് സെബാസ്റ്റ്യൻ, ജുമാന സമീർ എന്നിവർ ആശംസകൾ നേർന്നു. ചടങ്ങിന് പ്രോഗ്രാം ഓഫീസർമാരായ ഡോ. ജയ്സൺ ജോസഫ് സ്വാഗതവും ശ്രീമതി ദീപ്തി കെ. ലിസ്ബത്ത് നന്ദിയും പറഞ്ഞു. കണ്ണൂർ യൂണിവേഴ്സിറ്റിയിൽ മികച്ച വോളണ്ടിയർ ആയി തെരഞ്ഞെടുക്കപ്പെട്ട ആരുഷി ആൻ ഷാജിയെ ചടങ്ങിൽ അനു മോദിച്ചു. മാങ്ങാട്ടിടം പഞ്ചായത്തിലെ ലൈബ്രറി ഇല്ലാത്ത പത്താം വാർഡിൽ ലൈബ്രറി തുടങ്ങുന്നതിന വോളണ്ടിയർമാർ സമാഹരിച്ച പുസ്തകങ്ങൾ വാർഡുമെമ്പർ ഏറ്റു വാങ്ങി.

**തായ്മര തണലിൽ :** നിർമലഗിരി കോളേജിന്റെ അറുപതാം വാർഷികാഘോഷത്തിന്റെ ഭാഗമായി തായ്മര തണലിൽ എന്ന പേരിൽ അധ്യാപക - രക്ഷകർത്തൃയോഗവും ആഘോഷ പരിപാടികളും സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികളും, വിവിധ ഡിപ്പാർട്ട്മെന്റുകളുടെ നാട്ടുരുചികൂട്ടും ഭക്ഷ്യവിഭവങ്ങളും ആഘോഷത്തിന് മാറ്റു കൂട്ടി.

**മണിപ്പൂർ വിദ്യാർത്ഥിസംഗമം**

മണിപ്പൂർ കലാപത്തിനിരയായി പഠനം തുടരാൻ കഴിയാതെ കേരളത്തിലെ വിവിധ കോളേജുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ രണ്ട് ദിവസത്തെ ക്യാമ്പ് കൂത്തുപറമ്പ് നിർമ്മലഗിരി കോളേജിൽ സംഘടിപ്പിച്ചു. കുക്കി വിഭാഗത്തിൽപെട്ട മണിപ്പൂർ വിദ്യാർത്ഥികളാണ് കേരളത്തിലെ വിവിധ കോളേജുകളിൽ നിന്ന് നിർമ്മലഗിരിയിൽ എത്തിച്ചേർന്നത്. നിർമ്മലഗിരി കോളേജ്, നിർമ്മലഗിരി ആർട്സ് & സയൻസ് അക്കാദമി, ഡോൺ ബോസ്കോ കോളേജ് അങ്ങാടിക്കടവ്, മേരി മാതാ ആർട്സ് & സയൻസ് കോളേജ് മാനന്തവാടി, ക്രൈസ്റ്റ് കോളേജ് ഇരിങ്ങാലക്കുട എന്നിവിടങ്ങളിൽ നിന്നും എത്തിച്ചേർന്ന വിദ്യാർത്ഥികളെ അധ്യാപകരും, വിദ്യാർത്ഥികളും ചേർന്ന് സ്വീകരിച്ചു.

പ്രിൻസിപ്പൽ ഡോ. ടി. കെ. സെബാസ്റ്റ്യൻ, കോളേജ് ബർസാർ ഫാ. ഷാജി തെക്കേമുറിയിൽ എന്നിവർ നേതൃത്വം നൽകി. അവരുടെ പാരമ്പരാഗത ഭക്ഷണവും, കലാസാംസ്കാരിക പരിപാടികളും സംഗമത്തിന്റെ ഭാഗമായിരുന്നു. കണ്ണൂർ യൂണിവേഴ്സിറ്റി രജിസ്ട്രാർ ഡോ. ജോബി ജോൺ, ഡി. എസ്. എസ്. എന്നിവർ മണിപ്പൂർ വിദ്യാർത്ഥികളുമായി സംവദിച്ചു.

**സാമ്പത്തികശാസ്ത്ര സെമിനാർ**

നിർമലഗിരി കോളേജ് സാമ്പത്തിക ശാസ്ത്രവിഭാഗത്തിന്റെ നേതൃത്വത്തിൽ ഫിസ്കൽ ഫെഡറലിസവും യൂണിയൻ ബജറ്റും എന്ന വിഷയത്തിൽ സംഘടിപ്പിച്ച ദേശീയ കോൺഫ്രൻസിൽ ഡൽഹി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് ആൻഡ് പോളിസിയിലെ പ്രൊഫസറും പ്രമുഖ സാമ്പത്തിക വിദഗ്ധയുമായ ഡോ. ലേഖ ചക്രവർത്തി പ്രബന്ധം അവതരിപ്പിച്ചു. ചടങ്ങിൽ നിർമലഗിരി കോളജ് പ്രിൻസിപ്പൽ ഡോ. സെബാസ്റ്റ്യൻ ടി കെ അധ്യക്ഷത വഹിച്ചു.

കേരളത്തിലെ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചും കേന്ദ്ര - സംസ്ഥാന ധനകൈമാറ്റത്തിലുണ്ടായ വ്യത്യാസത്തെക്കുറിച്ചും കാസറഗോഡ് ഗവണ്മെന്റ് കോളേജ് സാമ്പത്തിക ശാസ്ത്രവിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. മിഥുൻ വിപിയും, 2024-25 കേന്ദ്ര ബഡ്ജറ്റിന്റെ വിവിധ വശങ്ങളെകുറിച്ച് തിരുവനന്തപുരം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിൽ ഗവേഷകയായ ആതിര കരുണാകരനും പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

**ദേശീയ ചരിത്രസെമിനാർ**

കണ്ണൂർ യൂണിവേഴ്സിറ്റിയുടെ ഗവേഷണകേന്ദ്രമായ ഐറിഷും (Institute for Research in Social Scineces and Humanities - IRISH) നിർമ്മലഗിരി

കോളേജിലെ ചരിത്രവകുപ്പും ചേർന്ന് 'മലബാറിന്റെ സംസ്കാരവും ദൈനംദിന ജീവിതവും പ്രാദേശിക ചരിത്ര കാഴ്ച്ചപ്പാടുകളിൽ' എന്ന വിഷയത്തെ ആസ്പദമാക്കി ഫെബ്രുവരി 15 – 16 തീയതികളിൽ ദേശീയ സെമിനാർ നടത്തി. കോഴിക്കോട് യൂണിവേഴ്സിറ്റി പരീക്ഷ കൺട്രോളർ ഡോ. ഗോഡ്വിൻ സാംരാജ് (Dr. Godwin Samraj D.P.) സെമിനാർ ഉദ്ഘാടനം ചെയ്തു.

ചരിത്രഗവേഷണം കൂടുതൽ വസ്തുനിഷ്ഠപരമായി നടത്താൻ കഴിയുമെന്ന് സെമിനാറിൽ മുഖ്യപ്രഭാഷണം ചെയ്ത മദ്രാസ് ഐ. ഐ.ടി.ലെ ചരിത്രകാരൻ പ്രൊഫസർ ഡോ. സന്തോഷ് എബ്രഹാം സൂചിപ്പിച്ചു. ഡോ. ഷീബ കെ. എം, ഡോ. വിനയൻ ടി, ഡോ. ജോഷി മാത്യു, ഡോ. മഞ്ജുഷ വർമ്മ, ഡോ. ഉഷ സി. കെ, എന്നിവർ സെമിനാറിൽ ഗവേഷണ സിദ്ധാന്തകളെക്കുറിച്ചും രീതിശാസ്ത്രങ്ങളെക്കുറിച്ചും പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

വിദ്യാർത്ഥികൾക്ക് ഗവേഷണപ്രബന്ധങ്ങൾ അവതരിപ്പിക്കാനുള്ള സ്റ്റുഡൻറ് കോൺഫറൻസ് ഈ ചരിത്രസമ്മേളനത്തിന്റ പ്രത്യേകത യായിരുന്നു. ഐറിഷ് ചെയർമാൻ മോൺസിഞ്ഞോർ ആന്റണി മുതുകുന്നേൽ അധ്യക്ഷത വഹിച്ച ഉദ്ഘാടന യോഗത്തിൽ ബർസാർ ഫാ. ഷാജി തെക്കേമുറിയിൽ ഐറിഷ് ഡയറക്ടർ ഡോ. ജോയ്വർക്കി, നിർമ്മലഗിരി കോളേജ് പ്രിൻസിപ്പൽ ഡോ. ടി. കെ. സെബാസ്ററ്യൻ, നിർമ്മലഗിരി Arts & Science അക്കാദമി പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി., ചരിത്രവിഭാഗം മേധാവി ഡോ. സി. മഞ്ജു ഒ.എസ്. എന്നിവർ സംസാരിച്ചു.

## Patron's Day ആഘോഷം

നിർമ്മലഗിരി കോളേജിന്റെയും നിർമ്മലഗിരി ആർട്സ് & സയൻസ് അക്കാദമിയുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും രക്ഷധികാരിയായ മാർ ജോസഫ് പാംപ്ലാനി പിതാവിനെ ആദരിക്കുകയും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു.

## രക്തദാനക്യാമ്പ്

എൻഎസ്എസ്ന്റെയും എൻസിസിയുടെയും ആഭിമുഖ്യത്തിൽ കോളേജ് വിദ്യാർത്ഥികൾക്കായി രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു.

## ദ്വിദിന ശില്പശാല നടത്തി

കണ്ണൂർ യൂണിവേഴ്സിറ്റിയിലെ വിവിധ കോളേജുകളിൽ നിന്നായി 50 ൽ അധികം പേർ പങ്കെടുക്കുന്ന ദ്വിദിന ശില്പശാല രസതന്ത്ര വിഭാഗത്തിന്റെ നേതൃത്വത്തിൽ 20/02/24 ന് ആരംഭിച്ചു. Prof. S. Sugunan (Rtd) മുഖ്യ resource person ആയുള്ള ഈ ശില്പശാലയുടെ പ്രധാന ചർച്ചാവിഷയം 'Statistical thermodynamics' ആണ്.

**പി ആർ ഒ**

നിർമലഗിരി കോളേജ്

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**മോൺ. മാത്യു എം ചാലിൽ മെമ്മോറിയൽ വിദ്യാഭ്യാസ സ്കോളർഷിപ്പ്**

**10,000/രൂപ വാർഷിക ഫീസിൽ 200 വിദ്യാർത്ഥികൾക്ക് B.Tech പഠനം**

- +1 പരീക്ഷക്ക് (Physics, Chemistry & Maths) 90% ത്തിന് മുകളിൽ മാർക്ക് ലഭിക്കുന്ന 200 വിദ്യാർത്ഥികൾക്ക് ഒരു വർഷം 10,000/- രൂപ മാത്രം ട്യൂഷൻ ഫീസ് നൽകി B.Tech പഠിക്കാം.
- +1 പരീക്ഷക്ക് (Physics, Chemistry & Maths) 85% ത്തിന് മുകളിൽ മാർക്ക് ലഭിക്കുന്നവർക്ക് ഒരു വർഷം 15,000/- രൂപ വീതം സ്കോളർഷിപ്പ്.
- +1 പരീക്ഷക്ക് (Physics, Chemistry & Maths) 80% - ത്തിന് മുകളിൽ മാർക്ക് ലഭിക്കുന്നവർക്ക് ഒരു വർഷം 10,000/-രൂപ വീതം സ്കോളർഷിപ്പ്.

നിബന്ധനകൾ
- +2 റിസൾട്ടിനുശേഷം, +2 മാർക്കുകളായിരിക്കും പരിഗണിക്കുക.
- B.Tech അഡ്മിഷന്, KEAM യോഗ്യത നിർബന്ധമായിരിക്കും.
- CSE, ADS എന്നീ ബ്രാഞ്ചുകളിൽ സ്കോളർഷിപ്പ് സീറ്റുകൾ പരിമിതം.

| KEAM RANK SCHOLARSHIP 2023 | |
|---|---|
| KEAM Rank 1 - 5000 | Scholarship : Entire College Fee |
| Rank 5001 - 8000 | Scholarship : 2,65,400/- (66,350x4 year)<br>Tution Fee = Government Fee only |
| Rank 8001 - 10000 | Scholarship : 1,20,000/- (30000x4 year) |
| Rank 10001 - 20000 | Scholarship : 20,000/- (5000x4 year) |

യോഗ്യരായവർക്ക് QR കോഡ് സ്കാൻ ചെയ്ത് ഈ സ്കോളർഷിപ്പിന് രജിസ്റ്റർ ചെയ്യാവുന്നതാണ്

SCAN ME!

**കൂടുതൽ വിവരങ്ങൾക്കായി വിളിക്കുക**
**04602212240, 04602213900**

**പ്ലേസ്മെന്റ് വാർത്തകൾ February 2024**

- പ്രമുഖ സ്വകര്യ ബാങ്കായ സൗത്ത് ഇൻഡ്യൻ ബാങ്ക് **PROBATIONARY OFFICERS** തസ്തികയിലേക്കായി ഫെബ്രുവരി 4-ാം തീയതി ക്യാമ്പസ് റിക്രൂട്ട്മെന്റ് ടെസ്റ്റ് നടത്തി. ടെസ്റ്റ് വിജയിച്ചവരുടെ ലിസ്റ്റ് ലഭ്യമായിട്ടില്ല. **Selection Process** മാർച്ച് മാസം പകുതിയോടെ പൂർത്തിയായുമെന്ന് കരുതുന്നു.

- വയനാട് സുൽത്താൻ ബത്തേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന **NETHRAM LLC** എന്ന കമ്പനി **SOFTWARE ENGINEERING** ട്രെയിനീസിനെ റിക്രൂട് ചെയ്യുന്നതിനായി ക്യാമ്പസ് റിക്രൂട്മെന്റ് നടത്തി. അവസാന റൗണ്ട് **INTERVIEW** ലേയ്ക്കായി 4 വിദ്യാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടു. **Final round Interview** ഫെബ്രുവരി 20-ാം തീയതി നടക്കും.
- **Mechanical, Civil** കോർ കമ്പനിയായ **ELEATIONS** ഫെബ്രുവരി 3-ാം തീയതി ക്യാമ്പസ് റിക്രൂട്മെന്റ് നടത്തുകയുണ്ടായി. 2 വിദ്യാർത്ഥികൾ അവസാന റൗണ്ട് വരെ എത്തിയെങ്കിലും **Interview** വിജയിക്കാനായില്ല. ഈ വിദ്യാർത്ഥികളോട് ചില ടോപ്പിക്കുകൾ പഠിക്കാനും, അതിനുശേഷം മാർച്ച് പകുതിയോടെ രണ്ടാമത് ഒരവസരംകൂടി നൽമാമെന്നും കമ്പനി അറിയിച്ചിട്ടുണ്ട്.
- **US-ലെ** പ്രമുഖ യൂണിവേഴ്സിറ്റി ആയ **Stephen F. Austin state** യൂണിവേഴ്സിറ്റിയും **Bridg** 360 എന്ന **Consulting** കമ്പനിയുമായും സഹകരിച്ച് **USse** പഠന, ജോലി സാധ്യതകളെ സംബന്ധിച്ച **webinar** ഫെബ്രുവരി 5-ാം തീയതി നടത്തി. **SFA State** യൂണിവേഴ്സിറ്റിയുടെ ഇന്റർനാഷണൽ അഡ്മിഷൻസ് ഡയറക്ടർ **Ms. Heather catton** ആണ് കുട്ടികളോട് സംസാരിച്ചത്.
- **ME, EEE, ECE, AEI** ബ്രാഞ്ചിലെ കുട്ടികളെ റിക്രൂട്ട് ചെയ്യുന്ന കോർ കമ്പനിയായ **ETA Technologies** വിമൽ ജ്യോതിയിൽ ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തി. ടെസ്റ്റ് റിസൾട്ട് ലഭ്യമായിട്ടില്ല. **Selection Process** മാർച്ച് അവസാനത്തോടെ പൂർത്തിയാകുമെന്ന് പ്രതിഷിക്കുന്നു.

## വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് UGC യുടെ അംഗീകാരമായ ഓട്ടോണമസ് സ്റ്റാറ്റസിലേക്കുയർത്തപ്പെട്ടിരിക്കുന്നു

സ്നേഹമുള്ളവരെ,

വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് ഒരു സന്തോഷവാർത്ത നിങ്ങളെ അറിയിക്കുന്നു. വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് **UGC** യുടെ അംഗീകാരമായ ഓട്ടോണമസ് സ്റ്റാറ്റസിലേക്കുയർത്തപ്പെട്ടിരിക്കുന്നു. 2002 ൽ ആരംഭം കുറിച്ച വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ പ്രവർത്തന മികവിനുള്ള ദേശീയ അംഗീകാരമായാണ് സ്വയംഭരണ പദവി ലഭിച്ചിരിക്കുന്നത്. നിലവിൽ **NAAC** അക്രെഡിറ്റേഷനും എല്ലാ ഡിപ്പാർട്മെന്റുകൾക്കും **NBA** അക്രെഡിറ്റേഷനും ഉള്ള മലബാറിലെ ഏക എഞ്ചിനീയറിംഗ് കോളേജാണ് വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ്.

അഭിവന്ദ്യ പിതാക്കന്മാരുടെ അനുഗ്രഹങ്ങൾക്കും പ്രോത്സാഹനങ്ങൾക്കും ബഹു. അച്ചന്മാരുടെ എല്ലാ സഹകരണത്തിനും സ്നേഹത്തോടെ നന്ദി പറയുന്നു.

**ഫാ. ജെയിംസ് ചെല്ലംകോട്ട്**
മാനേജർ

# എം.ബി.എ. വാർത്തകൾ

**എം.ബി. എ വിദ്യാർത്ഥികളുടെ ഒരാഴ്ചത്തെ അന്താരാഷ്ട്രസന്ദർശനം**

ചെമ്പേരി വിമൽ ജ്യോതി എം.ബി.എ. ഇൻസ്റ്റിറ്റ്യൂട്ടിലെ രണ്ടാം വർഷ വിദ്യാർത്ഥികൾ ഒരാഴ്ചത്തെ അന്താരാഷ്ട്ര സന്ദർശനവും ഇൻഡസ്ട്രിയൽ ട്രെയിനിംഗും മലേഷ്യയിൽ നടത്തി. വിവിധ ബഹുരാഷ്ട്ര കമ്പനികൾ, യൂണി വേഴ്സിറ്റികൾ, വ്യാപാരസമുച്ചയങ്ങൾ, ചരിത്ര പ്രധാനമായ സ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ചാണ് 33 പേരടങ്ങിയ ടീമിന് ട്രെയിനിംഗ് നൽകിയത്. ഹാപ്പി മാപ് എന്ന കമ്പനിയുമായി ഉണ്ടാക്കിയ ഉഭയ കരാറിന്റെ ഭാഗമായാണ് ഈ ട്രെയിനിംഗ് പ്രോഗ്രാം നടത്തിയത്. ഫാ. ബിബിൻ തെക്കേടത്ത്, ഫാ. ലിബിൻ എഴുപറയിൽ, ജോബിൻ ജോസ് സാർ, മാളവിക പ്രസാദ് മാം എന്നിവർ പ്രോഗ്രാമിൽ ടീമിനെ അനുഗമിച്ചു.

വിമൽ ജോതി എം.ബി.എ. കോളേജിന്റെ പാഠ്യപ്രവർത്തനങ്ങളുടെ ഭാഗ മായി സംഘടിപ്പിച്ച പരിപാടിയിൽ പങ്കെടുത്തവർക്ക് ഭാഗികമായ സ്ക്കോളർ ഷിപ്പ് നൽകുന്നതായി മാനേജർ അറിയിച്ചു. കോളേജ് മാനേജർ ഫാ. ജെയിംസ് ചെല്ലംകോട്ട്, പ്രിൻസിപ്പാൾ ഫാ. ജിനു വടക്കേമുളഞ്ഞനാൽ എന്നിവർ അഭിസംബോധന നടത്തിയ ചടങ്ങിൽ പ്രോഗ്രാം ഫ്ളാഗ് ഓഫ് ചെയ്തു.

**എം.ബി.എ. അഡ്മിഷൻ**

കണ്ണൂർ ജില്ലയിലെ ഏക നാക് അക്രെഡിറ്റഡ് മാനേജ്മെന്റ് സ്ഥാപന മായ വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് റിസർ ച്ചിൽ 2024-26 വർഷത്തേക്കുള്ള എം.ബി.എ. പ്രവേശനത്തിനുള്ള നടപടിക ൾ ആരംഭിച്ചു. ബിരുദപഠനം പൂർത്തിയാക്കിയവർക്കും അവസാന വർഷ ബിരുദ വിദ്യാർഥികൾക്കും അപേക്ഷിക്കാം. ഡിഗ്രിക്ക് കുറഞ്ഞത് 75 ശത മാനം മാർക്ക് എങ്കിലും വാങ്ങിയ വിദ്യാർത്ഥികൾക്ക് വിവിധങ്ങളായ സ്കോളർഷിപ്പുകളും ലഭ്യമാണ്. 85 ശതമാനം മാർക്ക് വാങ്ങിയ മികച്ച വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഫീസിൽ വിമൽ ജ്യോതിയിൽ നിന്നും എം. ബി.എ. പഠനം പൂർത്തിയാക്കാവുന്നതാണ്.

എം.ബി.എ. പ്രവേശന പരീക്ഷയായ കെ മാറ്റ് എഴുതുന്ന വിദ്യാർത്ഥി കൾക്ക് ഫെബ്രുവരി 16 മുതൽ ഓൺലൈൻ വഴി സൗജന്യമായി പരിശീല നവും നൽകുന്നുണ്ട്.

കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനും താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക.

9497517396, +8111918367

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

Ph: 8281750777, 8281730777; E-mail: sanjoseacademytly@gmail.com

ചെമ്പേരി, വെള്ളരിക്കുണ്ട്, ഇരിട്ടി

## IELTS, OET, UKVI

IELTS, OET, UKVI, തുടങ്ങിയ കോഴ്സുകളിലേക്കുള്ള പുതിയ ബാച്ചുകൾ എല്ലാ തിങ്കളാഴ്ചകളിലും ആരംഭിക്കുന്നു. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. കോഴ്സുകളെകുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ എടുക്കുവാനും താഴെപ്പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

Ph : 82817507777, 8281730777

ഓൺലൈനായി അപേക്ഷിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.

www.sanjoseacademy.in

**ജർമൻ**

ജർമൻ ഭാഷയുടെ മാർച്ച് ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ജർമൻ ഭാഷയുടെ പുതിയ ബാച്ചുകൾ എല്ലാ മാസവും 1-ാം തീയതി വിമൽജ്യോതി കോളേജിൽ ആരംഭിക്കുന്നു. അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ നേരത്തെ തന്നെ പേര് രജിസ്റ്റർ ചെയ്യുക. സാൻജോസ് അക്കാദമിയുടെ എല്ലാ കോഴ്സുകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

**ക്രാഷ് കോഴ്സ് ആരംഭിക്കുന്നു**

വിമൽജ്യോതി എൻജിനീയറിങ് കോളേജ്, സാൻജോസ് അക്കാദമിയുടെ നേതൃത്വത്തിൽ NEET, KEAM, CET (KARNATAKA NURSING ENTRANCE) എന്നിവയുടെ എൻട്രൻസ് കോച്ചിംഗ് ക്ലാസുകൾ മാർച്ച് 25ന് ആരംഭിക്കുന്നു. അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ നേരത്തെ തന്നെ പേര് രജിസ്റ്റർ ചെയ്യുക. പേര് രജിസ്റ്റർ ചെയ്യാൻ ഗൂഗിൾഫോം ലിങ്കിൽ വിവരങ്ങൾ നൽകി ആപ്ലിക്കേഷൻ സമർപ്പിക്കേണ്ടതാണ്.

Google form link for crash course registration.
https://forms.gle/BiJ6XUN4pnGq4Yst9

**ഇംഗ്ലീഷ് ക്യാമ്പ്**

സാൻജോസ് അക്കാദമിയുടെ നേതൃത്വത്തിൽ വൈദികർക്കും സിസ്റ്റേഴ്സിനും ടീച്ചേഴ്സിനുംവേണ്ടി കമ്മ്യൂണികേറ്റീവ് ഇംഗ്ലീഷ് പ്രോഗ്രാം മെയ് ഒന്നിന് ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾ അറിയുവാനും അഡ്മിഷൻ എടുക്കുവാനും താല്പര്യമുള്ളവർ താഴെ തന്നിരിക്കുന്ന ഫോൺ നമ്പറിൽ വിളിക്കുക.

For more details: Mob: 8281 750 777
8281 730 777
www.sanjoseacademy.in

**ഫാ. സോണി വടശ്ശേരിൽ**
*ഡയറക്ടർ*

## വിശുദ്ധ നാട് - യൂറോപ്പ് യാത്രകൾ

തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ ജോർജ് വെള്ളരിങ്ങാട്ട് അച്ചന്റെ നേതൃത്വത്തിൽ 2024 ഏപ്രിൽ 8 മുതൽ 18 വരെ വിശുദ്ധ നാട് യാത്രയും സെപ്റ്റംബർ അവസാന ആഴ്ചയിൽ 15 ദിവസത്തേക്ക് യൂറോപ്യൻ യാത്രയും ക്രമീകരിക്കുന്നു. സീറ്റുകൾ ബുക്ക് ചെയ്യുന്ന തിനും വിശദവിവരങ്ങൾ അറിയുന്നതിനും **7306266198** എന്ന നമ്പറിൽ വിളിക്കുകയോ വാട്സാപ്പ് സന്ദേശം അയക്കുകയോ ചെയ്യാവുന്നതാണ്.

**ഫാ. ജോർജ് വെള്ളരിങ്ങാട്ട്**
**പിൽഗ്രിം മിനിസ്ട്രി, തലശ്ശേരി അതിരൂപത**

# ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്

## എ. കെ. സി. സി.

### 2024-27 കാലയളവിലേക്കുള്ള അംഗത്വവിതരണവും തെരഞ്ഞെടുപ്പും

കത്തോലിക്കാ കോൺഗ്രസ് 2024-27 കാലയളവിലെ യൂണിറ്റ് തലം മുതൽ ഗ്ലോബൽ തലം വരെയുള്ള ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനുള്ള മുന്നോടിയായി പുതിയ അംഗത്വവിതരണം ആരംഭിച്ചു. അതിരൂപതയിലെ 19 ഫൊറോനാകളിലും സമുദായ ശാക്തീകരണത്തിനും കഴിവുറ്റ നേതൃത്വത്തെ തെരഞ്ഞെടുക്കുന്നതിനുമുള്ള ക്ലാസുകൾ നൽകാൻ ഫൊറോനാതലത്തിൽ യോഗങ്ങൾ വിളിച്ചുകൂട്ടാൻ ഫെബ്രുവരി 6 ന് തളിപ്പറമ്പിൽ ചേർന്ന അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റി  തീരുമാനിച്ചു.

### ചെമ്പേരി ഫൊറോനാതല സമ്മേളനം

കുടിയാൻമല ഫാത്തിമ മാതാ പാരീഷ് ഹാളിൽ മേഖലാ ഡയറക്ടർ ഫാ. പോൾ വള്ളോപ്പള്ളിയുടെ അധ്യക്ഷതയിൽ ചെമ്പേരി ഫൊറോനാതലസമ്മേളനം സംഘടിപ്പിച്ചു. ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ യോഗം ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രൊക്യുറേറ്റർ ഫാ. ഡോക്ടർ ജോസഫ് കാക്കരമറ്റത്തിൽ സമുദായ ശക്തീകരണത്തെക്കുറിച്ച് ക്ലാസ്സ് എടുത്തു. അതിരൂപത പ്രസിഡണ്ട് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ, അതിരൂപത ട്രെഷറർ ഫിലിപ്പ് വെളിയത്ത്, ചെമ്പേരി ഫൊറോന പ്രസിഡണ്ട് ജിമ്മി അയിത്തമറ്റം, മാതൃവേദി അതിരൂപത പ്രസിഡണ്ട് ഷിബ തെക്കേടത്ത്, ബാബു ആക്കാട്ട്, ബിജു മണ്ഡപത്തിൽ, ജോണി മലെകുടിയിൽ, യൂത്ത് കോർഡിനേറ്റർ സിജോ കണ്ണേഴത്ത് എന്നിവർ പ്രസംഗിച്ച യോഗത്തിൽ എൺപതോളം യൂണിറ്റ് ഭാരവാഹികൾ സംബന്ധിച്ചു.

### ചെമ്പതൊട്ടി ഫൊറോനാതല സമ്മേളനം

ഫെബ്രുവരി 16 ന് മണ്ഡളം സെന്റ് ജൂഡ് പാരിഷ് ഹാളിൽ ചെമ്പതൊട്ടി ഫൊറോനാതലസമ്മേളനം ചേർന്നു. ഫൊറോന പ്രസിഡണ്ട് ജോർജ് വലിയമുറത്താങ്കൽ അധ്യക്ഷത വഹിച്ചു.

ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ യോഗം ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രൊക്യുറേറ്റർ ഫാ. ഡോക്ടർ ജോസഫ് കാക്കരമറ്റത്തിൽ സമുദായ ശക്തീകരണത്തെ ക്കുറിച്ച് ക്ലാസ്സ് എടുത്തു. മണ്ഡലം വികാരി ഫാ. ജോസഫ് മഞ്ചപ്പള്ളി, ഡേവിസ് ആലങ്ങാടൻ, സുരേഷ് ജോർജ് കാഞ്ഞിരത്തിങ്കൽ എന്നിവർ പ്രസംഗിച്ചു.

## പനത്തടി ഫൊറോനാതല സമ്മേളനം

ഫെബ്രുവരി 17 ന് പനത്തടി ഫൊറോനാതലസമ്മേളനം നടത്തി. കർഷകരെ ദ്രോഹിക്കുന്ന വനനിയമം പൊളിച്ചെഴുതണം എന്ന് ഗവണ്മെന്റി നോട് കത്തോലിക്ക കോൺഗ്രസ് പനത്തടി മേഖലാ സമ്മേളനം ആവശ്യപ്പെട്ടു. വന്യമൃഗങ്ങൾക്ക് സംരക്ഷണം നൽകി മനുഷ്യരെ തമസ് കരിക്കുന്ന കാലഹരണപ്പെട്ട 1972 ലെ വനനിയമങ്ങൾ കേരളത്തിലെ കർഷക സമൂഹത്തെ ദ്രോഹിക്കുന്നതാണ്. ഇവ പൊളിച്ചെഴുതാൻ വേണ്ട നടപടികൾ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സ്വീകരിക്കണമെന്ന് കത്തോലിക്ക കോൺഗ്രസ് പനത്തടി ഫൊറോന കമ്മിറ്റി ആവശ്യപ്പെട്ടു. കർഷകരുടെ കൃഷി ഭുമിയിൽ ഇറങ്ങുന്ന കാട്ടുമൃഗങ്ങളെ പിടികൂടാനുള്ള സ്വാതന്ത്ര്യം കർഷകന് നൽകണം. അല്ലാത്തപക്ഷം കർഷകർ സംഘടിതമായി നിയമം കൈയ്യിലെടുക്കുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുമെന്ന് യോഗം മുന്നറിയിപ്പ് നൽകി. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ യോഗം ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജോജി കാക്കരമറ്റത്തിൽ ക്ലാസ് നയിച്ചു. കത്തോലിക്ക കോൺഗ്രസ് ഫൊറോന പ്രസിഡന്റ് ജോണി തോലമ്പുഴ അദ്ധ്യക്ഷത വഹിച്ചു. ഫൊറോനാ വികാരി ഡോ. ജോസഫ് വാരണത്ത്, ഫൊറോനാ ഡയറക്ടർ ഫാ. ആൻറണി ചാണകാട്ടിൽ, പിയൂസ് പറയിടം, സ്റ്റീഫൻ  പതിയിൽ, ജോയി കീച്ചേരി, സണ്ണി ഇലവുങ്കൽ, ബാബു പാലാപറമ്പിൽ, റോണി ആന്റണി, സിബി പുതുവീട്ടിൽ, ജിജി പോൾ, തോമസ്, വിൽസൻ, ജോയി തോട്ടം, ജോസ് നാഗരോലിൽ തുടങ്ങിയവർ സംസാരിച്ചു.

## എടൂർ ഫൊറോനാതല സമ്മേളനം

ഫെബ്രുവരി 19 ന് എടൂർ പാരിഷ് ഹാളിൽ ചേർന്ന യോഗത്തിൽ എടൂർ ഫൊറോന പ്രസിഡണ്ട് ബെന്നിച്ചൻ മഠത്തിനകം അധ്യക്ഷത വഹിച്ചു. അംഗത്വവിതരണത്തിന്റെ ഉദ്ഘാടനകർമ്മം അഭിവന്ദ്യ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവഹിച്ചു. നമ്മുടെ സമുദായ സംഘടനയെ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അഭിവന്ദ്യ പിതാവ് എടുത്തു പറഞ്ഞു. വികാരി ജനറാൾ മോൺ. ആന്റണി മുതുകുന്നേൽ സംഘടനപ്രവർത്തനങ്ങൾക്ക് ആശംസകൾ നേർന്നു സംസാരിച്ചു. അതിരൂപത പ്രൊക്യുറേറ്റർ ഫാ. ഡോ. ജോസഫ് കാക്കരമറ്റത്തിൽ സമുദായ ബോധത്തിന്റെ ആവശ്യകതയെക്കുറിച്ച് ക്ലാസ് എടുത്തു. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, എടൂർ

ഫൊറോനാ വികാരി ഫാ. തോമസ് വടക്കേമുറി, അതിരൂപത പ്രസിഡണ്ട് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ, അതിരൂപത ട്രഷറർ ഫിലിപ്പ് വെളിയത്ത്, പൈലി പേമല എന്നിവർ പ്രസംഗിച്ചു.

**കുന്നോത്ത് ഫൊറോനാസമ്മേളനം**

കുന്നോത്ത് ഫൊറോനാസമ്മേളനം ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. ഫൊറോന പ്രസിഡണ്ട് മാത്യു വള്ളംകോട് അധ്യക്ഷത വഹിച്ചു. അതിരൂപത പ്രൊക്യുറേറ്റർ ഫാ. ഡോ. ജോസഫ് കാക്കരമറ്റത്തിൽ മുഖ്യപ്രഭാഷണം നടത്തി. ഫൊറോനാ വികാരി ഫാ. അഗസ്റ്റിൻ പാണ്ഡ്യമാക്കൽ അംഗത്വ വിതരണം ഉദ്ഘാടനം ചെയ്തു. ഫാ. ജോസഫ് തേനംമാക്കൽ, ബെന്നി പുതിയാംപുറം, അഡ്വ. ഷീജ സെബാസ്റ്റ്യൻ, അൽഫോൻസ് കളപ്പുര, ഫാ. അജോ വട്ടക്കോട്, റാണി ഇല്ലിക്കൽ, ജോസഫ് തടത്തിൽ, ഷിബു കുന്നപ്പള്ളി, മിനി മംഗലത്തിൽ, ബിന്നി കൂട്ടമല എന്നിവർ പ്രസംഗിച്ചു.


**ഫെബ്രുവരി 22 ന് വയനാട് കല്പറ്റയിൽ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ ഉപവാസസമരവും റാലിയും**

വന്യമൃഗശല്യം മൂലം ദുരിതമനുഭവിക്കുന്ന വയനാട്ടിലെ ജനതയ്ക്ക് അഭിവാദ്യമർപ്പിച്ചുകൊണ്ടും ഐക്യദാർഢ്യം പ്രകടിപ്പിച്ചു കൊണ്ടും, മനുഷ്യ ജീവൻ സംരക്ഷിക്കുവാൻ ശാശ്വത പരിഹാരം കണ്ടെത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് തലശ്ശേരി, താമരശ്ശേരി, മാനന്തവാടി രൂപതകളിലെ കത്തോലിക്ക കോൺഗ്രസ് കമ്മിറ്റികളുടെ സംയുക്ത അഭിമുഖത്തിൽ കൽപ്പറ്റയിൽ നടന്ന ഉപവാസസമരത്തിലും പ്രകടനത്തിലും പൊതു സമ്മേളനത്തിലും നമ്മുടെ അതിരൂപതയിലെ മുഴുവൻ ഫൊറോനകളിൽ നിന്നും കത്തോലിക്ക കോൺഗ്രസ് പ്രവർത്തകർ പ്രതിനിധികളായി പങ്കെടുത്തു. അഭിവന്ദ്യ പാംപ്ലാനി പിതാവ് മലയോര ജനതയുടെ വികാരമുൾക്കൊണ്ട ആവേശകരമായ പ്രസംഗത്തിലൂടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.

ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, അതിരൂപത പ്രസിഡണ്ട് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ, ജനറൽ സെക്രട്ടറി ബെന്നി പുതിയാംപുറം, ട്രഷറർ ഫിലിപ്പ് വെളിയത്ത്, തുടങ്ങിയവർ നേതൃത്വം നൽകി.

**അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*



# കുടുംബ കൂട്ടായ്മ

**FAMILY RENEWAL UNITS IN THALASSERY (FRUITS)**

തലശ്ശേരി അതിരൂപതയിലെ മുഴുവൻ ഇടവകകളിലും കുടുംബക്കൂട്ടായ്മകൾ സജീവമായി നടക്കുന്നുവെന്നു കരുതുന്നു. ഇടവകയെ ചെറിയ യൂണിറ്റുകളായി തിരിച്ച് മാസത്തിലൊരിക്കൽ ഒന്നുചേർന്ന് പ്രാർത്ഥിക്കുകയും ആനുകാലിക വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ഒന്നിച്ച് ഭക്ഷിക്കുകയും ചെയ്യുന്ന ഈ അജപാലനശൈലി ദൈവജനത്തിന് കൂടുതൽ ഉണർവ്വും കൂട്ടായ്മയും പകരുന്നതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്**

1. കുടുംബക്കൂട്ടായ്മകളിൽ നിർബന്ധമായും പ്രാർത്ഥനാപുസ്തകവും റിപ്പോർട്ട് ബുക്കും ഉപയോഗിക്കണം.
2. ഇനി മുതൽ ഒന്നിടവിട്ട മാസങ്ങളിൽ ചർച്ചക്കാവശ്യമായ വിഷയങ്ങൾ രൂപതയിൽനിന്നും വാട്സാപ്പ് വഴി ബഹു. വികാരിയച്ചന്മാർക്കും ഭാരവാഹികൾക്കും നൽകുന്നതാണ്.
3. അതിരൂപതയിൽനിന്നും നൽകുന്ന വിഷയാധിഷ്ഠിത ക്ലാസുകൾ ശ്രദ്ധാപൂർവ്വം പഠിച്ച് ഓരോ കൂടുംബക്കൂട്ടായ്മയും ലഘു റിപ്പോർട്ട് തയ്യാറാക്കണം.
4. മാസാവസാനം പ്രസ്തുത റിപ്പോർട്ടുകൾ സമാഹരിച്ച്, ക്രോഡീകരിച്ച റിപ്പോർട്ട് ഇടവക കോർഡിനേറ്റർ രൂപതാ ഓഫീസിലേക്ക് അയയ്ക്കണം. കുടുംബക്കൂട്ടായ്മകളുടെ കോ-ഓഡിനേഷൻ ഇടവകാ കോർഡിനേറ്റർമാരുടെ പ്രധാന ഉത്തരവാദിത്ത്വമാകയാൽ ഇടവക കോർഡിനേറ്റർമാരുടെയും ബഹു. വികാരിയച്ചന്റെയും പേരും ഒപ്പും രൂപതയിലേക്ക് അയയ്ക്കുന്ന റിപ്പോർട്ടിൽ നിർബന്ധമായും ഉണ്ടായിരിക്കണം.

5. ഈ ദിവ്യകാരുണ്യവർഷത്തിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ ക്ലാസാണ് മാർച്ച് മാസത്തിൽ എല്ലാ കൂട്ടായ്മകളും ചർച്ച ചെയ്യേണ്ടത്.

6. അഭിവന്ദ്യ പിതാവിന്റെ വിഷയാധിഷ്ഠിത ക്ലാസ് മാർച്ച് ഒന്നാം തീയതി വാട്സാപ്പിൽ ഏവർക്കും ലഭ്യമാക്കുന്നതാണ്.

7. ഏറ്റവും ഫലപ്രദമായി ചർച്ചകൾ നടത്തി, റിപ്പോർട്ടുകൾ രൂപതയിൽ സമർപ്പിക്കുന്ന ഫൊറോനാകൾക്കും ഇടവകകൾക്കും സമ്മാനങ്ങൾ വർഷാവസാനം നൽകുന്നതാണ്.

8. ഓരോ ഫൊറോനായിൽ നിന്നും ഏറ്റവും നന്നായി കുടുംബക്കൂട്ടായ്മകൾ നടത്തുന്ന ഒരു ഇടവകയ്ക്കാണ് ഇടവകാതലത്തിൽ സമ്മാനം നൽകുന്നത്.

9. എല്ലാ ഇടവകകളിലും കുടുംബക്കൂട്ടായ്മകൾ കൃത്യതയോടെ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

ഈസ്റ്റർ മംഗളാംശസകളോടെ,

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

## ആലക്കോട് ബധിര ബൈബിൾ സൊസൈറ്റി ഇരുപതാം വാർഷിക ആഘോഷം

ആലക്കോട് സെന്റ് മേരീസ് ദൈവാലയത്തിൽ ആരംഭിച്ച കേരളത്തിലെ ആദ്യ ബധിര കത്തോലിക്ക ബൈബിൾ കൂട്ടായ്മയുടെ 20-ാം വാർഷികം വിശുദ്ധ കുർബാനയോടും വിവിധ കലാപരിപാടികളും കൂടി നടത്തപ്പെട്ടു. വാർഷികസമ്മേളനം തലശ്ശേരി അതിരൂപത സന്ദേശഭവൻ ഡയറക്ടറും എകെസിസി ഡയറക്ടറുമായ ഫാ. ഫിലിപ്പ് കവിയിൽ നിർവഹിച്ചു. വാചിക ഭാഷകളുടെ പരിമിതികൾക്കപ്പുറം ഏവരോടും ആശയങ്ങൾ കൈമാറാൻ സാധിക്കുന്ന ആംഗ്യഭാഷയുടെ മനോഹാരിതയിൽ ദൈവം അനുഗ്രഹിച്ചവരാണ് നിങ്ങൾ എന്ന് തന്റെ സന്ദേശത്തിൽ അദ്ദേഹം പങ്കുവെച്ചു. വിശ്വാസ പരിശീലനത്തിൽ അതിരൂപത ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെയും കാർഷിക ജീവിതത്തിൽ എകെസിസിയുടെയും പിന്തുണ അദ്ദേഹം വാഗ്ദാനം ചെയ്തു. ആലക്കോട് സെന്റ് മേരീസ് ഫൊറോന വികാരി റവ. ഫാ. മാണി ആട്ടേൽ സമ്മേളനത്തിൽ അധ്യക്ഷപദം അലങ്കരിച്ചു. ഫാ. ജോർജ് കുറുമണ്ണിൽ, സി. ഫിൻസി എസ്. എച്ച്, സ്റ്റാൻലി, സിബി, ആന്റണി തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. തലശ്ശേരി അതിരൂപത ഭിന്നശേഷി ശുശ്രൂഷക്കായി ഒരുക്കിയിരിക്കുന്ന ആദം മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ആഘോഷസമ്മേളനത്തിൽ വച്ച് കെസിബിസി ബധിര വിഭാഗം ബൈബിൾ ലോഗോസ് ക്വിസ്സിൽ മൂന്നുവർഷം ചാമ്പ്യൻപട്ടം കരസ്ഥമാക്കിയ നിമ്മി ഏലിയാസ്, റോട്ടറി ക്ലബ് ഇൻറർനാഷണൽ ബെസ്റ്റ് ടീച്ചേഴ്സ് അവാർഡ് കരസ്ഥമാക്കിയ ജ്യോതി ഭവൻ സ്പീച്ച് ആൻഡ് ഹിയറിങ് സ്കൂൾ പ്രധാന അധ്യാപിക സി. ഫിൻസി എന്നിവരെ ആദരിച്ചു. ഫാ. ജോർജ് കുറുമണ്ണിൽ കൃതജ്ഞത ബലിക്ക് നേതൃത്വം നൽകി. ആദം മിനിസ്ട്രി ഡയറക്ടർ ഫാ. ജോർജ് കളരിമുറിയിൽ വിശുദ്ധ വിശുദ്ധ കുർബാനയ്ക്ക് ആംഗഭാഷയിൽ പരിഭാഷ നൽകി. ബൈബിൾ ദൃശ്യാവതരണം, സ്കിറ്റ് തുടങ്ങിയ കലാപരിപാടികളും സ്നേഹവിരുന്നും 20-ാം വാർഷികാഘോഷത്തിന് തിളക്കം നൽകി. ആദം മിനിസ്ട്രി ഡയറക്ടർ ഫാ. ജോർജ് കളരിമുറയിൽ സ്വാഗതവും, അസോസിയേഷൻ

സെക്രട്ടറി ശ്രീ. ആന്റണി വെട്ടിക്കാട്ട് റിപ്പോർട്ടും, പ്രസിഡണ്ട് ശ്രീ. സനീഷ് നന്ദിയും അർപ്പിച്ചു.

**ബാംഗ്ലൂർ മിഷൻ:** വലിയ നോമ്പിന്റെ ചൈതന്യത്തിലേക്ക് കടന്നിരിക്കുന്ന ബാംഗ്ലൂർ സമൂഹത്തിനായി നോമ്പുകാലചിന്തകൾ പങ്കുവെച്ച് അനുരഞ്ജന കൂദാശയും ബലിയർപ്പണവും നടത്തി.

**ഏകദിന ധ്യാനം:** ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും ദിനങ്ങളിലേക്ക് പ്രവേശിച്ചിരിക്കുന്ന ആലക്കോട് ബധിര ബൈബിൾ സമൂഹത്തിലെ അംഗങ്ങൾക്കായി ഏകദിന ധ്യാനം 18-ാം തീയതി ഞായറാഴ്ച സെന്റ് മേരിസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വെച്ച് നടത്തപ്പെട്ടു. അനുരഞ്ജന കൂദാശ സ്വീകരിച്ച് ജീവിതനവീകരണത്തിന്റെ പുതിയ തീരുമാനങ്ങളുമായി അംഗങ്ങൾ വിശുദ്ധ കുർബാന അർപ്പിച്ചു പ്രാർത്ഥിച്ചു.

**കൈത്താങ്ങ് 2024 തൃശ്ശൂർ**

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട സഹോദരി സഹോദരന്മാരുടെ ജീവിത വഴികളിൽ കൈത്താങ്ങ് ആകുവാനായി തലശ്ശേരി അതിരൂപത ആദം മിനിസ്ട്രിയും വിവിധ ജില്ലകളിലെ ബധിര അസോസിയേഷനുമായി ചേർന്ന് ആരംഭിച്ചിരിക്കുന്ന ഏകദിന സെമിനാർ 'കൈത്താങ്ങ്' തൃശൂർ മണ്ണുത്തി വിക്ടറി ഐടിഐ സെമിനാർ ഹാളിൽ വച്ച് 25-ാം തീയതി ഞായറാഴ്ച ഐടിഐ ഡയറക്ടർ ശ്രീ. പ്രമോദ് ഉദ്ഘാടനം ചെയ്തു. വ്യക്തിത്വ വികസനത്തെ ആസ്പദമാക്കി സെമിനാറും തുടർന്ന് കൗൺസിലിംഗും നൽകി. ബധിരരുടെയും മാതാപിതാക്കളുടെയും സംഘടനയായ 'അപ്പാക്കി' ജില്ലാ സെക്രട്ടറി ശ്രീ. ജോയ് സ്വാഗതം ആശംസിച്ചു.

**പരീക്ഷ ഒരുക്ക ശുശ്രൂഷകൾ**

**ആശാഭവൻ ഡഫ് സ്കൂൾ തൃശ്ശൂർ:** 26-ാം തീയതി തിങ്കളാഴ്ച പടവൂർ ആശാഭവൻ സ്കൂളിലെ കുട്ടികൾക്കായി പരീക്ഷ ഒരുക്ക ക്ലാസും, വിശുദ്ധ കുർബാനയും, പ്രാർത്ഥനയും നടത്തി.

**ജ്യോതി ഭവൻ സ്കൂൾ നരിമാളം :** 28 ബുധനാഴ്ച ജ്യോതി ഭവൻ സ്കൂളിലെ കുട്ടികൾക്കായി പരീക്ഷ ഒരുക്ക ശുശ്രൂഷ നടത്തി. കുട്ടികൾക്കായി ബലിയർപ്പിച്ചു പ്രാർത്ഥിച്ചു.

**ഡോൺ ബോസ്കോ സ്പീച്ച് & ഹിയറിംഗ് സ്കൂൾ കാരക്കുണ്ട്**

29 വ്യാഴാഴ്ച സ്കൂളിലെ കുട്ടികൾക്കായി കുമ്പസാരവും, വിശുദ്ധ കുർബാനയും അർപ്പിച്ചു. 12, 10 ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കായി പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷ നടത്തി.

**മലയാറ്റൂർ തീർത്ഥാടനം**

കാത്തലിക് ഡഫ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ഈ വർഷത്തെ മലയാറ്റൂർ തീർത്ഥാടനം മാർച്ച് 17-ാം തീയതി ഞായറാഴ്ച നടത്തപ്പെടുന്നതാണ്.

**ഫാ. ജോർജ് കളരിമുറിയിൽ**
*ഡയറക്ടർ*

# ഫ്രാൻസിസ്കൻ അല്മായ സഭ (SFO)

ലോകമെങ്ങും "ദ്വിതീയ ക്രിസ്തു" എന്നറിയപ്പെടുന്ന അസീസ്സിയിലെ വി. ഫ്രാൻസിസ് (1182–1126) അല്മായ സഹോദരീ-സഹോദരന്മാർക്കായി സ്ഥാപിച്ച അല്മായ കൂട്ടായ്മയാണ് ഫ്രാൻസിസ്കൻ അല്മായ സഭ. ആദ്യ കാലങ്ങളിൽ ഇത് മൂന്നാംസഭ എന്നും അറിയപ്പെട്ടിരുന്നു.

കുടുംബജീവിതം നയിക്കുന്ന സ്ത്രീപുരുഷന്മാർക്കായി, സുവിശേഷ മൂല്യങ്ങളിൽ, സഭാത്മക വിധേയത്വത്തിൽ, കുരിശിലും ക്രൂശിതനിലും പ്രത്യാശയർപ്പിച്ച്, ഉത്ഥിതനിൽ ആനന്ദം കണ്ടെത്തി സംഘാത്മകമായി, ഇട വകയാകുന്ന കൂട്ടായ്മയിൽ സ്വർഗ്ഗോന്മുഖ യാത്ര ചെയ്യുന്നവരാണ് ഫ്രാൻസി സ്കൻ അല്മായ സഭാംഗങ്ങൾ.

ആഗോളസഭയിൽ രൂപപ്പെട്ട, ഫ്രാൻസിസ്കൻ അല്മായ തരംഗം കേരള സഭയിൽ "കേരള അസ്സീസ്സി" പുത്തൻപറമ്പിൽ തൊമ്മച്ചനാലും ആത്മീ യാചാര്യൻ ബഹു. ലിയോ കീ പ്രത്ത് അച്ചനാലും ദക്ഷിണേന്ത്യയിലാക മാനം വ്യാപൃതമായി.

തലശ്ശേരി രൂപതാ സ്ഥാപക മെത്രാൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പിതാവ് ഇങ്ങനെ പറഞ്ഞിട്ടുണ്ട്. "കുടുംബജീവിതം നയിക്കുന്നവർക്കും പുണ്യപദവിയിൽ എത്താൻ സാധിക്കുമെന്ന്" പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ചരിത്രം നമ്മെ അനുസ്മരിപ്പിക്കുന്നു. മൂന്നാംസഭ നമ്മുടെ നാട്ടിൽ സ്ഥാപിച്ച തൊമ്മച്ചന്റെ കാര്യത്തിൽ വേണ്ടതു ചെയ്യേണ്ടത് ആ സഭയുടെ അംഗങ്ങ ളാണ്. കഴിഞ്ഞ അമ്പതു വർഷമായി മൂന്നാംസഭയുടെ അംഗമായി ജീവി ക്കുന്ന ഞാനും ഇക്കാര്യത്തിൽ കഴിവുപോലെ സഹകരിക്കുന്നതാണ്.

തലശ്ശേരി അതിരൂപതയിൽ മൂന്നു റീജിയനുകളിലായി 27 ഭ്രാതൃത്വ ങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ചെമ്പേരി, ചെറുപുഴ, ഇരിട്ടി എന്നിവയാണ് മൂന്നു റീജിയനുകൾ. ബ്ര. തോമസ് കോയിക്കൽ, ബ്ര. തങ്കച്ചൻ വാഴക്കാലായിൽ, ബ്ര. യേശുദാസ് ഇല്ലിക്കൽ എന്നിവരാണ് റീജിയണുകളെ നയിക്കുന്നത്. ഇവരിൽ ബ്ര. യേശുദാസ് ഇല്ലിക്കൽ ആണ് രൂപതാ പ്രസിഡണ്ടായി സേവനം ചെയ്യുന്നത്.

ഓരോ ഭ്രാതൃത്വങ്ങളും ഇടവകയോട് ചേർന്നാണ് പ്രവർത്തിക്കുന്നത്. ബഹു. വികാരിയച്ചന്മാരുടെ നിർല്ലോഭമായ സഹകരണം എല്ലാ ഇടവകക ളിലും ലഭിക്കുന്നുണ്ട്. 5 വർഷം മുതൽ 50 വർഷം വരെ പ്രവർത്തന പാര മ്പര്യം ഉള്ള ഭ്രാതൃത്വങ്ങൾ നമ്മുടെ രൂപതയിൽ ഉണ്ട്.

SFO യുടെ പുതിയ നാഷണൽ മിനിസ്റ്റർ, മറ്റ് ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനായി 2024 ജനുവരി 13ന് വേളാങ്കണ്ണിയിൽ വച്ച് നാഷണൽ ഇലക്ഷൻ ചാപ്റ്റർ നടത്തി. തലശ്ശേരി അതിരൂപതയിൽ നിന്നും മൂന്നു റീജിയണൽ മിനിസ്റ്റർമാരും പങ്കെടുത്തു. റോമിൽനിന്നുള്ള സ്പിരിച്വൽ അസിസ്റ്റന്റുമാരും ഇന്ത്യ ഒട്ടാകെയുള്ള 110 റീജിയണൽ മിനിസ്റ്റർമാരും പങ്കെടുത്ത നാഷണൽ ഇലക്ഷൻ ചാപ്റ്റർ വളരെ ശാന്തമായി, വിജയകരമായി പൂർത്തിയാക്കി.

നാഷണൽ മിനിസ്റ്ററായി ബ്ര. ഒലിവർ ഫെർണാഡോ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. വൈസ്. മിനിസ്റ്ററായി ബ്ര. ഫ്രാങ്കോ ജോണും, നമ്മുടെ ഏരിയാ റീജണൽ മിനിസ്റ്ററായി ബ്ര. വർഗ്ഗീസ് വളപ്പില ഇരിങ്ങാലക്കുടയും തെരഞ്ഞെടുക്കപ്പെട്ടു. എല്ലാവർക്കും തലശ്ശേരി അതിരൂപതയുടെ അഭിനന്ദനങ്ങൾ.

50 നോമ്പിന്റെ ചൈതന്യം പൂർണ്ണമായും അതിരൂപതയിലെ അംഗങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടി 2024 മാർച്ച് 11 മുതൽ 15 തീയതികളിൽ പട്ടാരം വിമലഗിരി ധ്യാനകേന്ദ്രത്തിൽ വച്ച് ഒരു വാർഷിക ധ്യാനം നടത്തുന്നുണ്ട്. വാർഷികധ്യാനത്തിലേയ്ക്ക് എല്ലാ SFO അംഗങ്ങളെയും അഭ്യുതകാംക്ഷികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ധ്യാന വിജയത്തിനായി എല്ലാവരുടെയും പ്രാർത്ഥനാ സഹായം അഭ്യർത്ഥിക്കുന്നു.

എല്ലാവർക്കും സമാധാനവും സൗഭാഗ്യവും നേർന്നുകൊണ്ട്,

**ബ്ര. യേശുദാസ് ഇല്ലിക്കൽ**
അതിരൂപതാ മിനിസ്റ്റർ

**ഫാ. വിൻസെന്റ് മറ്റത്തിൽകുന്നേൽ**
അതിരൂപതാ ആത്മീയസഹായി

# കെ. സി. ബി. സി. മദ്യവിരുദ്ധസമിതി

## മുക്തിശ്രീ, എ. ഡി. എസ്. യു, പ്രതീക്ഷാ മദ്യപാനരോഗ ചികിത്സാകേന്ദ്രം

### ലഹരി വിരുദ്ധ കൂട്ടായ്മ

ജനുവരി മാസത്തിലെ AA കൂട്ടായ്മ 7.01.2024 ഞായറാഴ്ച പ്രതീക്ഷയിൽവച്ച് നടത്തപ്പെട്ടു. പ്രതീക്ഷയുടെ കൗൺസിലർ ശ്രീ. ബിജേഷ് ബേബി മീറ്റിംഗിന് സ്വാഗതം ആശംസിച്ചു. റവ. ഫാ. മാത്യു കാരിക്കലച്ചൻ അധ്യക്ഷത വഹിച്ചു. തുടർന്ന് പ്രതീക്ഷയുടെ മുൻ കൗൺസിലർ റവ. സി. ബെറ്റി ജോർജ് മീറ്റിംഗ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യുകയുംശേഷം ക്ലാസ്സെടുക്കുകയും ചെയ്തു. ചികിത്സ കഴിഞ്ഞ് ലഹരിമുക്ത ജീവിതം നയിക്കുന്ന സഹോദരങ്ങൾ തങ്ങളുടെ അനുഭവം പങ്കുവെയ്ക്കുകയുണ്ടായി. പ്രതീക്ഷയുടെ കൗൺസിലർ കുമാരി അലീന എം. മാത്യു ലഹരി വിരുദ്ധ പ്രതിജ്ഞയ്ക്ക് നേതൃത്വം നൽകി. ശേഷം പ്രതീക്ഷയുടെ നഴ്സിംഗ് സ്റ്റാഫ് ശ്രീമതി സുഷുമ്ന ഏവർക്കും നന്ദി പ്രകാശിപ്പിച്ചു. 50-ഓളം സഹോദരങ്ങൾ മീറ്റിംഗിൽ പങ്കെടുത്തു.

### റിപ്പബ്ലിക് ദിനാഘോഷം

ഇന്ത്യയുടെ 75-ാമത് റിപ്പബ്ലിക് ദിനത്തോട് അനുബന്ധിച്ച് ഉള്ള പരിപാടികൾ രാവിലെ 9 മണിക്ക് പ്രതീക്ഷാ ലഹരി വിമോചന ചികിത്സാ കേന്ദ്രത്തിൽവെച്ച് ആരംഭിച്ചു. പ്രതീക്ഷയുടെ എക്സി. ഡയറക്ടർ ബഹു. മാത്യു കാരിക്കലച്ചൻ ദേശീയ പതാക ഉയർത്തി. പ്രതീക്ഷയുടെ കൗൺസിലർ ശ്രീമതി ജെറിൻ വർഗ്ഗീസ് പ്രതിജ്ഞ ചൊല്ലി. ദേശീയ ഗാനത്തിനുശേഷം എല്ലാവർക്കും മധുരം വിതരണം ചെയ്തു.

**ട്രെയിനിംഗ് പ്രോഗ്രാം :** ഹോളി ഫാമിലി കൗൺസിലിംഗ് സെന്റർ തലശ്ശേരി നേതൃത്വം വഹിക്കുന്ന ബേസിക് കൗൺസിലിംഗ് സർട്ടിഫിക്കറ്റ് കോഴ്സിലെ വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നടത്തി.

2024 ജനുവരി മാസം 26-ാം തീയതി ഉച്ചകഴിഞ്ഞ് പ്രതീക്ഷയുടെ കൗൺസിലർ ശ്രീമതി ജെറിൻ വർഗ്ഗീസ് 'Alcohol Counseling 'എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 25-ഓളം വിദ്യാർത്ഥികൾ ക്ലാസ്സിൽ പങ്കെടുത്തു.

**ഏജൻസി സന്ദർശനം :** അങ്ങാടിക്കടവ് ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജിലെ 30-ഓളം വിദ്യാർത്ഥികളും അധ്യാ

പകരും പ്രതീക്ഷ ലഹരി വിമോചന കേന്ദ്രം സന്ദർശിക്കുകയുണ്ടായി. ബഹു. മാത്യു കാരിക്കലച്ചനും, സ്റ്റാഫ് അംഗങ്ങളും വിദ്യാർത്ഥികളെയും അധ്യാപകരെയും സ്വാഗതം ചെയ്തു.

സ്റ്റാഫ് സെക്രട്ടറി ശ്രീ. സുബിൻ കുര്യാക്കോസ് വന്നു ചേർന്നവർക്ക് സ്വാഗതം ആശംസിച്ചു. പ്രതീക്ഷയുടെ എക്സി. ഡയറക്ടർ ബഹു. മാത്യു കാരിക്കലച്ചൻ സ്ഥാപനത്തെപ്പറ്റിയുള്ള ആമുഖം നൽകുകയുണ്ടായി. ശേഷം പ്രതീക്ഷയുടെ കൗൺസിലർ ശ്രീമതി ജെറിൻ വർഗ്ഗീസ് കൗൺസിലിംഗിനെപ്പറ്റിയും വിവിധ തെറാപ്പികളെപ്പറ്റിയും വിവരിച്ചു.

## സംസ്ഥാന സമിതി

കെസിബിസി മദ്യവിരുദ്ധ സമിതിയുടെ രൂപതാ ഡയറക്ടറച്ചന്മാരുടെയും എക്സിക്യൂട്ടീവ് അംഗങ്ങളുടെയും യോഗം 2024 ജനുവരി 30ന് ചൊവ്വാഴ്ച രാവിലെ 9.30 മുതൽ എറണാകുളം പാലാരിവെട്ടത്ത് POC യിൽ വച്ച് നടന്നു. പ്രസ്തുതയോഗത്തിൽ അതിരൂപതാ എക്സി. ഡയറക്ടർ റവ. ഫാ. മാത്യു കാരിക്കൽ, തലശ്ശേരി അതിരൂപതാംഗമായ സംസ്ഥാന എക്സി. പ്രതിനിധി ശ്രീ. തങ്കച്ചൻ കൊല്ലക്കൊമ്പിൽ എന്നിവർ പങ്കെടുത്തു. കെസിബിസി ടെമ്പറൻസ് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ യൂഹാനോസ് മാർ തേയ്യഡോഷ്യസ് പിതാവ് അദ്ധ്യക്ഷത വഹിച്ചു. കെസിബിസി. മദ്യവിരുദ്ധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി റവ. ഫാ. ജോൺ അരീക്കൽ സ്വാഗതവും എക്സി. അംഗം ശ്രീമതി ജെസി നന്ദിയും അറിയിച്ചു. സംസ്ഥാന സമിതിയുടെ ജൂബിലി ആഘോഷങ്ങളെക്കുറിച്ചും തിരഞ്ഞെടുപ്പിനെ സംബന്ധിച്ചും വിവിധ കർമ്മ പദ്ധതികളെക്കുറിച്ചും ചർച്ച നടത്തി. റവ. ഫാ. മാത്യു കാരിക്കലിന്റെ പ്രാർത്ഥനാ ശുശ്രൂഷയോടെ യോഗം അവസാനിച്ചു.

## അതിരൂപതാ എക്സിക്യൂട്ടീവ് യോഗം

ജനുവരി മാസത്തെ അതിരൂപതാ എക്സിക്യൂട്ടീവ് യോഗം ജനുവരി 31-ന് പയ്യാവൂർ കരുണാമയൻ ദൈവാലയ ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെട്ടു. രാവിലെ 10.30ന് ആരംഭിച്ച യോഗത്തിൽ കെസിബിസി മദ്യവിരുദ്ധ സമിതിയുടെയും, മുക്തി ശ്രീയുടെയും ഭാരവാഹികൾ പങ്കെടുത്തു. അതിരൂപതാ പ്രസിഡന്റ് ശ്രീ. ടോമി വെട്ടിക്കാട്ട് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ റവ. ഫാ. മാത്യു കാരിക്കൽ ആമുഖപ്രഭാഷണവും, മുക്തിശ്രീ പ്രസിഡന്റ് ശ്രീമതി ഷിനോ പാറയ്ക്കൽ സ്വാഗതവും, മദ്യവിരുദ്ധ സമിതി സെക്രട്ടറി ശ്രീ. ദേവസ്യ തൈപ്പറമ്പിൽ നന്ദിയും അറിയിച്ചു.

സംസ്ഥാന സമിതിയോഗത്തിൽ പങ്കെടുത്തതിന്റെ വിവരങ്ങൾ ഫാ. മാത്യു പങ്കുവച്ചു. അതിരൂപതാതല പരിപാടികളെക്കുറിച്ചും 2024-2025 വർഷത്തെ ഓർമ്മ പദ്ധതി തയ്യാറാക്കുന്നതിനെ സംബന്ധിച്ചും ചർച്ച നടത്തി. കെസിബിസി മദ്യവിരുദ്ധ ഞായർ ആയി ആഘോഷിക്കുന്ന ഫെബ്രുവരി 25-ാം തീയതി നമ്മുടെ അതിരൂപതയിൽ എപ്രകാരം ആചരിക്കാം എന്നതിനെക്കുറിച്ചും ചർച്ച നടത്തി.

**ഫാ. മാത്യു കാരിക്കൽ**

മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടെ എക്സി. ഡയറക്ടർ

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

**ടി. എസ്. എസ്. എസ്.**

### മാനവശ്രേഷ്ഠ പുരസ്കാരം

രാഷ്ട്രദീപിക ലിമിറ്റഡിന്റെ 137-ാം വാർഷിക ദിനത്തോടനുബന്ധിച്ച് ടി.എസ്.എസ്.എസിനെയും ഡയറക്ടർ ഫാ. ബെന്നി നിരപ്പേലിനെയും മാനവ ശ്രേഷ്ഠ പുര്സകാരം നല്കി ആദരിച്ചു. സാമൂഹ്യ വിദ്യാഭ്യാസ വ്യവസായ മേഖലകളിൽ തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി നല്കിയ സംഭാവനകളെ പരിഗണിച്ചായിരുന്നു. പുസ്കാരം സമ്മാനിച്ചത്. തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി, ബഹുമാനപ്പെട്ട കേരള നിയമസഭാ സ്പീക്കർ ശ്രീ. എ.എൻ. ഷംസീർ എന്നിവരുടെ സാന്നിദ്ധ്യമുണ്ടായിരുന്ന മീറ്റിംഗിൽ സമൂഹത്തിന്റെ നാനാതുറകളിൽപെട്ട മറ്റുള്ള പ്രതിഭകളെയും ആദരിക്കുകയുണ്ടായി. സോഷ്യൽ സർവീസ് സൊസൈറ്റിയുടെ റീജിയൻ ഭാരവാഹികളും പ്രവർത്തകരും അടക്കം നിരവധി ആളുകൾ മീറ്റിംഗിൽ പങ്കെടുക്കുകയുണ്ടായി.

### ASSOCHAM കോൺഫറൻസ്

The Associated chambers of commerce & Industry of India (ASSOCHAM)ന്റെ കേരള മാനേജ്മെന്റ് അസോസിയേഷന്റെ നേതൃത്വത്തിൽ നടന്ന കോൺഫറൻസിൽ ടി.എസ്.എസ്.എസ് ഡറക്ടർ ഫാ. ബെന്നി നിരപ്പേൽ പങ്കെടുത്തു. "Developing cold chain Ecosystem in the state of kerala" എന്ന വിഷയത്തിൽ കൊച്ചിയിൽ വച്ചായിരുന്നു കോൺഫറൻസ് നടന്നത്.

### മേഖല സന്ദർശനങ്ങൾ

ടി.എസ്.എസ്.എസ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേലും അസി. ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്തും മേരിഗിരി, ചെറുപുഴ, തോമാപുരം, വെള്ളരിക്കുണ്ട്, പനത്തടി, പൈസക്കരി, ചെമ്പേരി, ആലക്കോട്, നെല്ലിക്കാംപൊയിൽ, എടൂർ, പേരാവൂർ റീജണുകളിൽ സന്ദർശിക്കുകയും ആർ.സി.സി മീറ്റിംഗുകളിൽ പങ്കെടുക്കുകയും ചെയ്തു.

## SHG & JLG ലോണുകൾ

കടക്കെണിയിലായ കർഷകരെ സഹായിക്കാനായി ടി.എസ്.എസ്.എസും നബാർഡും ചേർന്ന് കാനറാ ബാങ്ക്, ധനലക്ഷ്മി ബാങ്ക് എന്നീ ബാങ്കുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന എസ്.എച്ച്.ജി. ലോണുകളും ജെ.എൽ.ജികളിലായി ആയിരത്തി ഒരുന്നൂറോളം ആളുകൾക്ക് ആറര കോടി രൂപ ലോണിനത്തിൽ വിതരണം ചെയ്യുന്നതിനായി പ്രവർത്തനം ആരംഭിച്ചു. ലോണുകൾക്കായി ടി.എസ്.എസ്.എസിന്റെ പ്രവർത്തകരെ ബന്ധപ്പെടാവുന്നതാണ്.

## ആശാകിരണം ഇൻഷൂറൻസ് പദ്ധതി

ടി.എസ്എസ്എസിന്റെ നേതൃത്വത്തിൽ വിവിധ ഇൻഷൂറൻസ് കമ്പനികളുമായി ചേർന്നുള്ള ആശാകിരണം ഇൻഷുറൻസ് പദ്ധതിയുടെ പ്രവർത്തനങ്ങൾ വിജയകരമായി മുന്നോട്ട് പോകുന്നു. ഇതിനോടകംതന്നെ നിരവധി ആളുകൾ ആരോഗ്യഇൻഷുറൻസിൽ മെമ്പർമാരാകുകയും കൂടുതൽ ആളുകൾ താല്പര്യം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആളുകൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാകുന്നതിനുവേണ്ടി കെയർ ഹെൽത്ത് ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ച് ഇൻഷുറൻസ് പോളിസികൾ ചെയ്യുന്നത്. തലശ്ശേരി അതിരൂപതയിലെ മുഴുവൻ വൈദികരെയും കെയർ ഹെൽത്ത് പോളിസിയിൽ അംഗങ്ങളാക്കി. ഈ സേവനങ്ങളെക്കുറിച്ച് കൂടുതൽ അറിയുന്നതിനായി ഓഫീസ് സ്റ്റാഫ് ഹെലനെയോ (9656282859) അല്ലെങ്കിൽ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബിബിനെയോ (9645408161) സമീപിക്കാവുന്നതാണ്.

## കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ

റീജിയണൽ കമ്മ്യൂണിറ്റി റേഡിയോയുടെ സൗത്ത് ഇന്ത്യൻ കമ്മ്യൂണിറ്റി റേഡിയോ സമ്മേളനത്തിന്റെ ഭാഗമായി ചെന്നൈ അണ്ണാ യൂണിവേഴ്സിറ്റി ക്യാമ്പസിൽ വച്ചു നടന്ന സൗത്ത് സോണിന്റെ മീറ്റിംഗിൽ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കമ്മ്യൂണിറ്റി റേഡിയോ ആയ റേഡിയോ ഫോർ യൂ 89.6 FM ന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോമിഷ് നൂറംമ്മാക്കൽ പങ്കെടുത്തു.

## വാളണ്ടീയർ സെലക്ഷൻ

കാസർഗോഡ് ജില്ലയുടെ ആദ്യത്തെ റേഡിയോ ഫോർ യൂ 89.6 FM കമ്മ്യൂണിറ്റി റേഡിയോയിലേക്ക് അവതാരകരാകുവാനും പ്രോഗ്രാമുകൾ അവതരിപ്പിക്കുവാനും വോളണ്ടിയേഴ്സിനെ ആവശ്യമുണ്ട്. നമ്മുടെ കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രോഗ്രാമുകൾ അവതരിപ്പിക്കുവാൻ ഇതൊരു അവസരമാണ്. പ്രോഗ്രാമിൽ പങ്കെടുക്കാൻ താല്പര്യ

മുള്ളവർ അവരുടെ ശബ്ദം മെസ്സേജ് ആയി താഴെ കൊടുത്തിരിക്കുന്ന വാട്സ്ആപ് നമ്പറിലേയ്ക്ക് അയക്കുക. വാട്സ് ആപ് നമ്പർ : **9400608896**

**റിക്കോർഡിംഗ്**

ഫോർ യൂ റേഡിയോ സ്റ്റേഷനിൽ എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ സൗണ്ട് റെക്കോഡിംഗ് സംവിധാനം ഒരുക്കിയിട്ടുണ്ട്. നമ്മുടെ തിരുനാളുകൾക്കും, സ്റ്റേജ് പ്രോഗ്രാമുകൾക്കും നല്ല ക്വാളിറ്റിയോടെ സൗണ്ട് റെക്കോഡിംഗ് ചെയ്ത് നല്കാൻ സൗണ്ട് റെക്കോഡിംഗ് സ്റ്റുഡിയോയിൽ സൗകര്യമുണ്ട്. ബഹു. അച്ചന്മാർ ഈ അവസരം ഉപയോഗപ്പെടുത്തുമല്ലോ. ആവശ്യമുള്ള ആളുകൾ റേഡിയോ സ്റ്റേഷൻ ഡയറക്ടർ ജോമിഷച്ചനെ വിളിക്കുക. ഫാ. ജോമിഷ് നൂറാംമ്മാക്കൽ : **9495482485.**

**കാൻസർ പരിശോധനാ ക്യാമ്പ്**

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി നടത്തിവരുന്ന സൗജന്യ കാൻസർ പരിശോധന ക്യാമ്പുകളുടെ ഭാഗമായി ഫെബ്രുവരി 4-ാം തീയതി ആലക്കോട് ആർ.സി.സി ഓഫീസിൽ വച്ച് കാൻസർ പരിശോധന ക്യാമ്പ് നടത്തപ്പെട്ടു.

**പുരപ്പുറ (Rooftop) സോളാർ പദ്ധതി**

കേന്ദ്ര ഗവൺമെന്റിൽ നിന്നുമുള്ള സബ്സീഡി ലഭിക്കുന്ന പുരപ്പുറ സൗരോർജ്ജ പദ്ധതി (Rooftop Solar Power Plant Project), തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി നടപ്പാക്കുന്നു. സാധാരണഗതിയിൽ ഒരു കുടുംബത്തിന് വേണ്ടിവരുന്ന സോളാർ പവർയൂണിറ്റ് 3 KWP യുടേതാണ്. (ആവശ്യമെങ്കിൽ കൂടിയ കപ്പാസിറ്റി തിരഞ്ഞെടുക്കാവുന്നതാണ്). ഇതിനു കേരളസർക്കാർ നിശ്ചയിച്ചിട്ടുള്ള ചിലവ് 1 90,500 രൂപയാണ്. ഇതിനു പുറമെ ഫീസിബിലിറ്റി ഫീസ് 1180 രൂപ, രജിസ്ട്രേഷൻ ഫീസ് 3540 രൂപ (ഇതിൽ 2400 രൂപ പദ്ധതി കഴിയുമ്പോൾ തിരിച്ചുലഭിക്കുന്നതാണ്), അഡിഷണൽ സ്ട്രക്ചർ ആവശ്യമെങ്കിൽ അതിന്റെ ചിലവ് എന്നിവയും വരും. സോഷ്യൽ സർവീസ് സൊസൈറ്റി വഴി പദ്ധതി നിർവഹണ ഏജൻസിക്കു 1,12,500 രൂപമാത്രം നൽകി ഇതിന്റെ ഗുണഭോക്താവാകാം. കേന്ദ്ര സർക്കാരിന്റെ സബ്സീഡി തുകയായി 78,000 രൂപ പവർപ്ലാന്റ് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞ് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് വരുന്നതാണ്. ഏറ്റവും നൂതനമായ Monocrystalline സോളാർ പാനലുകൾവച്ചുള്ള 3 KWP സോളാർ പവർ പ്ലാൻറ് ആണ് ഈ പദ്ധതിയിൽ ലഭിക്കുക.

**ഫാ. ബിബിൻ വരമ്പകത്ത്**
അസി. ഡയറക്ടർ

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

### എസ്.എഫ്.എ.സി സന്ദർശനം

ബയോമൗണ്ടൻ കമ്പനിയുടെ വളർച്ചയുടെ മറ്റൊരു നാഴികക്കല്ലായി സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം ഭാരവാഹികൾ ഫെബ്രുവരി 21-ാം തീയതി കമ്പനി സന്ദർശനം നടത്തി. കർഷക സംരംഭങ്ങളുടെ പ്രോത്സാഹനാർത്ഥം കേന്ദ്ര കാർഷിക വികസന കർഷകക്ഷേമ മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്നതാണ് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം. എസ്.എഫ്.എസിയുടെ സന്ദർശനം വഴിയായി ബാങ്കുകൾ നല്കുന്ന ലോണുകൾക്കു സബ്സിഡി വാങ്ങിക്കുവാൻ കമ്പനി അർഹത നേടി.

### ബയോമൗണ്ടൻ സ്റ്റാളുകൾ

ബയോമൗണ്ടൻ കമ്പനിയുടെ ഉത്പന്നങ്ങൾ ആളുകളെ പരിചയപ്പെടുത്തുന്നതിനും വിൽപ്പനക്കുമായി മുപ്പതിലേറെ ഇടവകകളിൽ ഞായറാഴ്ചകളിൽ സ്റ്റാളുകൾ ആരംഭിച്ചു. ടി.എസ്.എസ്.എസിന്റെ പേരാവൂർ റീജിയണിൽ എല്ലാ ഇടവകകളിലും യൂണിറ്റുകളിലും സ്റ്റാൾ തുടങ്ങുകയും ബയോമൗണ്ടൻ ഉത്പന്നങ്ങളുടെ വില്പന ആരംഭിക്കുകയും ചെയ്തു. പേരാവൂർ ഫൊറോനാ വികാരിയച്ചനും റീജിയണൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പൊടിമറ്റത്തിനും എല്ലാ വികാരി അച്ചന്മാർക്കും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. കമ്പനിയുടെ സ്റ്റാളുകൾ എല്ലാ ഇടവകകളിലും സ്ഥാപിക്കുവാൻ ബഹു. വികാരിയച്ചന്മാർ പരിശ്രമിക്കുമല്ലോ.

### ബയോമൗണ്ടൻ കമ്പനിയുടെ ഷെയറുകൾ

ബയോമൗണ്ടൻ കമ്പനിയുടെ ഷെയറുകൾ എല്ലാ ഇടവകകളിലും എടുക്കാനായി ബഹുമാനപ്പെട്ട വികാരിയച്ചന്മാർ പരിശ്രമിക്കുമല്ലോ.

ഫണ്ട് കണ്ടുപിടിക്കാനുള്ള മാർഗ്ഗങ്ങൾ ഫൊറോനാ വൈദികരുടെ മാസ ധ്യാനാവസരത്തിൽ ചർച്ച ചെയ്തു.

## ഫൊറോനാ വൈദികരുടെ മാസധ്യാന സന്ദർശനങ്ങൾ

അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശപ്രകാരം രൂപതാകേന്ദ്രത്തിൽ നിന്നും ഒരു വൈദികൻ എല്ലാ ഫൊറോനകളിലെയും മാസധ്യനങ്ങളിൽ പങ്കെടു ക്കുകയും ബയോമൗണ്ടൻ കമ്പനിയുടെ കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തു. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, ഫാ. ജോസഫ് കാക്കരമറ്റ ത്തിൽ, ഫാ. ജോസഫ് മുട്ടത്തുകുന്നേൽ, ഫാ. സ്കറിയ നിരപ്പേൽ, ഫാ. സ്കറിയ വരമ്പകത്ത്, ഫാ. ലൂക്കോസ് മാടശ്ശേരി എന്നിവർ മാസധ്യാനങ്ങ ളിൽ പങ്കെടുത്തു.

**ഫാ. ലൂക്കോസ് മാടശ്ശേരി**
*എക്സിക്യൂട്ടീവ് ഡയറക്ടർ*

**മോൺ. സെബാസ്റ്റ്യൻപാലാക്കുഴി**
*ചെയർമാൻ*

**ഫാ. ജോജോ പൊടിമറ്റം**
*കോർഡിനേറ്റർ മാനേജിംഗ്*

**ഫാ. ബെന്നി നിരപ്പേൽ**
*ഡയറക്ടർ*

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2024 മാർച്ച്

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

മാർച്ച്
01–03 : തപസ് ധ്യാനം
01–03 : Ottawa (Canada)
02 : പ്രാർത്ഥനാദിനം (Live 6–9 pm)
03–07 : ആന്തരീക സൗഖ്യ ധ്യാനം
08–10 : Oshawa (Canada)
09 : വചനാഗ്നി (Live 9 am –2.30 pm, 6–9 pm) ഏകദിന കൺവെൻഷൻ
15–17 : Montreal (Canada)
15–17 : വാരാന്ത്യ ധ്യാനം (15 ന് 5 pm 17 ന് 5 pm)
23 : പ്രാർത്ഥനാദിനം (Live 6–9 pm)
24–27 : വിശുദ്ധവാര ധ്യാനം (8 pm)
30 : പ്രാർത്ഥനാദിനം (Live 6–9 pm)

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം – ഇരിട്ടി, ഫോൺ: 6282732852**

മാർച്ച്
02–06 : ആന്തരീക സൗഖ്യ ധ്യാനം
02, 16, 23 : ഏകദിന ധ്യാനം
07–10 : ദമ്പതി ധ്യാനം
15 : പ്രേഷിത കൂട്ടായ്മ
16–20 : ആന്തരീക സൗഖ്യ ധ്യാനം
15–27 : തപസ് ധ്യാനം

**3. ഐഎംഎസ് ധ്യാനകേന്ദ്രം, കൂട്ടുപുഴ (പേരട്ട), ഫോൺ: 8281272873**

മാർച്ച്
02 : ഏകദിന ധ്യാനം (9 am–2 pm)
03–06 : ആന്തരിക സൗഖ്യാനുഭവ ധ്യാനം (ഞായർ 4 മണി മുതൽ ബുധൻ 12 മണി വരെ)
16 : മദ്ധ്യസ്ഥപ്രാർത്ഥന (2 pm – 4 pm)
23 : പ്രേഷിത കൂട്ടായ്മ (2 pm – 4 pm)

**4. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ : 7306859339**

മാർച്ച്
02 : ഏകദിന ശുശ്രൂഷ (അഖണ്ഡ ജപമാല, Spiritual Sharing)
8 : ജാഗരണ പ്രാർത്ഥന
17–21 : ദിവ്യകാരുണ്യ ധ്യാനം
25–27 : കുടുംബ നവീകരണ ധ്യാനം

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

# മാർ ജോസഫ് പാംപ്ലാനി

## ജനുവരി 2024

21 രാവിലെ കത്തീഡ്രൽ ദൈവാലയ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു. വൈകുന്നേരം കോളയാട് പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചു.

22 രാവിലെ പെരിങ്കിരി ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ ജോർജ് കൊളാരിക്കലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് എടൂർ ദൈവാലയത്തിൽവച്ച് നടക്കൽ തോമസ്ലീയുടെയും ചക്കിയത്ത് ലിയായുടെയും മനസമ്മതം നടത്തി. ഉച്ചയ്ക്കുശേഷം അതിരൂപതാകേന്ദ്രത്തിൽവച്ച് വിദേശത്ത് പഠനത്തിലും ജോലിയിലുമായിരിക്കുന്ന വൈദികരുമായി സംവദിച്ചു. തുടർന്ന് നവവൈദികർക്ക് അതിരൂപതാ കേന്ദ്രത്തിൽ സ്വീകരണം നൽകി.

23 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽവച്ച് നവവൈദികരോടൊത്ത് ദിവ്യബലിയർപ്പിച്ചു. വൈകുന്നേരം ചെറുപുഴ ദൈവാലയത്തിൽവച്ച് വിവിധ മേഖലകളിൽ പ്രഗത്ഭരായവരെ ആദരിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്തു. തുടർന്ന് പുളിങ്ങോം ഫെസ്റ്റ് വേദിയിലെത്തി സംസാരിച്ചു.

24 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം സന്ദേശഭവനിലെത്തി ബഹു. ടോം ഓലിക്കരോട്ട് അച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു.

25 രാവിലെ ചേറ്റംകുന്ന് എസ്.എ.ബി.എസ്. കോൺവെന്റിലെത്തി സി. ഫിലോ പാളിത്തോട്ടത്തിന്റെ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു. ഉച്ചയ്ക്കുശേഷം നെല്ലിക്കാംപോയിലിൽ സംഘടിപ്പിച്ച കർഷകദിനം ഉദ്ഘാടനം ചെയ്തു.

26 ചെമ്പേരിയിൽവച്ച് ചേർന്ന അതിരൂപതയുടെ സ്കൂളുകളിൽ ജോലിചെയ്യുന്ന അധ്യാപകരുടെ സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. തുടർന്ന് തലശ്ശേരി മൈനർ സെമിനാരിയിൽവച്ച് സംഘടിപ്പിച്ച ബെനഫാക്ടേഴ്സ് ഡേ മീറ്റിംഗിനെത്തിയവരെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

27 ബാംഗ്ലൂർ കർമ്മലാരാം ഇടവകയിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

28 അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

29 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കു ശേഷം എ.കെ.സി.സി ആലക്കോട് നടത്തിയ ഉപവാസ സമരത്തിന്റെ സമാപന മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം തലശ്ശേരി സന്ദേശഭവനിൽവച്ച് സംഘടിപ്പിച്ച നവീകരണ ധ്യാന ടീമിന്റെ ട്രെയിംനിംഗ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

30 തലശ്ശേരിയിൽവച്ച് ചേർന്ന ഫൊറോനാ വികാരിമാരുടെ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം നടത്തിയ കാറ്റെക്കിസം കൗൺസിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. തുടർന്ന് തോമാപുരത്തെത്തി ശ്രീമതി അന്നമ്മ തോമസ് നടുവിലേക്കൂറ്റിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നടത്തി.

31 ബാംഗ്ലൂരിൽവച്ച് നടത്തിയ സി.ബി.സി.ഐ പ്ലീനറി മീറ്റിംഗിൽ പങ്കെടുത്തു.

## ഫെബ്രുവരി 2024

01–02 ബാംഗ്ലൂരിൽവച്ച് നടത്തിയ സി.ബി.സി.ഐ പ്ലീനറി മീറ്റിംഗിൽ പങ്കെടുത്തു.

03 രാവിലെ ചരൾ ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ ഡയസ് വാഴക്കാലാപുത്തെൻപുരയുടെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം പേരാവൂർ ഫൊറോനാ ദൈവാലയ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചന സന്ദേശം നൽകി.

04 രാവിലെ പെരുമ്പടവ് ഇടവകാ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു. ഉച്ചയ്ക്കുശേഷം സി.എസ്.ടി. സഭ തലവിൽ പുതുതായി നിർമ്മിച്ച പാലിയേറ്റീവ് കെയർ സെന്ററിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. തുടർന്ന് ചെമ്പേരിയിൽവച്ച് സാങ്താ മാതാ നഴ്സിംങ് കോളേജ് ഗവേണിംഗ് ബോഡി അംഗങ്ങളുമായി സംവദിച്ചു.

05 അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

06 രാവിലെ ചെമ്പേരി കരുണാലയത്തിലെത്തി വിമലാ ഹോസ്പിറ്റലിന്റെ ഗവേണിംഗ് ബോഡി അംഗങ്ങളുമായി സംവദിച്ചു. തുടർന്ന് ചെമ്പേരി ദൈവാലയത്തിൽവച്ച് ശ്രീ. തോമസ് വെട്ടിക്കലിന്റെ മൃതസംസ്കാര

ശുശ്രൂഷാകർമ്മം നടത്തി. ഉച്ചയ്ക്കുശേഷം അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ വൈദികരുമായി സംവദിച്ചു.

07 കോഴിക്കോട് വച്ച് സംഘടിപ്പിച്ച ലുവെയ്ൻ അലുമിനി അസോസിയേഷൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

08 കോഴിക്കോട് രൂപതാധ്യക്ഷൻ അഭിവന്ദ്യ വർഗ്ഗീസ് ചക്കാലക്കൽ പിതാവിന്റെ ജൂബിലി സമ്മേളനത്തിൽ പങ്കെടുത്തു.

09 രാവിലെ പാലാവയൽ ഇടവകയിലെത്തി നവീകരിച്ച പാരീഷ് ഹാളിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു. തുടർന്ന് ഡാനിയേൽ ആന്റണി തെരുവംകുന്നേലിന് മാമ്മോദീസാ നൽകി. എസ്.എ.ബി.എസ് സന്ന്യാസഭ തോമാപുരത്ത് നിർമ്മിച്ച കോൺവെന്റിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു. ഉച്ചയ്ക്കുശേഷം അട്ടേങ്ങാനം ഇടവകാ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

10 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം അങ്ങാടിക്കടവ് വച്ച് നടത്തിയ ദീപികയുടെ 137-ാം വാർഷികത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. തുടർന്ന് ചെമ്പന്തൊട്ടിയിലെത്തി പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു.

11 ബൽത്തങ്ങാടി രൂപതയുടെയും രൂപതാധ്യക്ഷനായ അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവിന്റെയും ജൂബിലി സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു.

12 രാവിലെ കോട്ടയം വടവാതൂർ സെമിനാരിയിൽ ദിവ്യബലിയർപ്പിച്ച് വിഭൂതി തിരുകർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം വിജയപുരം രൂപതയുടെ സഹായമെത്രാനായി നിയമിതനായ അഭിവന്ദ്യ ജെസ്റ്റിൻ മഠത്തിൽപറമ്പിൽ പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങിൽ സംബന്ധിച്ചു.

13 തലശ്ശേരിയിൽവച്ച് ചേർന്ന പ്രസ്ബിറ്ററൽ കൗൺസിൽ യോഗത്തിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരി സന്ദർശിച്ചു.

14 കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരി കമ്മീഷൻ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം മലനാട് ടി.ടി.സി. കോളേജ് സന്ദർശിച്ച് ഗവേണിംഗ് ബോഡി അംഗങ്ങളുമായി സംവദിച്ചു.

15 പഞ്ചാബ് മിഷനിലുള്ള വൈദികരുമായി ഓൺലൈനായി സംവദിച്ചു. ഉച്ചയ്ക്കുശേഷം വായാട്ടുപറമ്പ് ദൈവാലയത്തിൽവച്ച് ശ്രീമതി ത്രേസ്യാമ്മ ഓണംകുളത്തിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം

നടത്തി. വൈകുന്നേരം ഓൺലൈനായി ചേർന്ന മേജർ സെമിനാരി കമ്മീഷൻ അംഗങ്ങളുടെ മീറ്റിംഗിൽ പങ്കെടുത്തു.

16 രാവിലെ അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. തുടർന്ന് പേരാവൂരിലെത്തി തിരുഹൃദയ സന്യാസിനി സമൂഹാംഗമായിരുന്ന സി. വെർജീനിയ ചക്കാലക്കലിന്റെ മൃതസംസ്കാര ശുശ്രൂഷാ കർമ്മം നടത്തി. വൈകുന്നേരം മാലോം ഫൊറോനയിൽ നവീകരണ ധ്യാനം നടക്കുന്ന നാട്ടക്കൽ, ആനമഞ്ഞൾ, ചുള്ളി, പുഞ്ച ഇടവകകൾ സന്ദർശിച്ചു. രാത്രിയോടെ ഓൺലൈനായി ചേർന്ന ബിഷപ്സ് മീറ്റിംഗിൽ പങ്കെടുത്തു.

17 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ചരൾ ഇടവകയിൽ നിര്യാതനായ ശ്രീ. വർഗ്ഗീസ് മാടമനയുടെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. രാത്രിയോടെ ഓൺലൈനായി ചേർന്ന പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

18 ചട്ടമല ഇടവകാ ദൈവാലയത്തിൽ ഇടയസന്ദർശനം നടത്തി. വൈകുന്നേരം മാലോം ഫൊറോനയിൽ നവീകരണ ധ്യാനം നടക്കുന്ന അതിരുമാവ്, പറമ്പ, കൊന്നക്കാട്, മാലോം ഇടവകകൾ സന്ദർശിച്ചു.

19 രാവിലെ നിർമ്മലഗിരിയിലെത്തി എസ്.എ.ബി.എസ് കോൺവെന്റിൽ നവീകരിച്ച ചാപ്പലിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു. തുടർന്ന് പേട്രൻസ് ഡേ-യോടനുബന്ധിച്ച് നിർമ്മലഗിരി കോളേജ് സന്ദർശിച്ചു. വൈകുന്നേരം കീഴ്പള്ളി ദൈവാലയത്തിൽവച്ച് ശ്രീമതി അന്നമ്മ കൂനാനിക്കലിന്റെ മൃതസംസ്കാര ശുശ്രൂഷാ കർമ്മം നടത്തി.

20 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു.

MARCH 2024

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | 04:00 pm | - | Panathady: Forane Retreat |
| 02 | 11:00 am | - | Iritty |
| 03 | 10:30 am | - | Ezhimala |
| | 04:00 pm | - | Panathady: Forane Retreat |
| 04 | 09-12 pm | - | Visitors Day (Priests) |
| | 07:00 pm | - | Shalome Shooting |
| 05 | 10:00 am | - | Consultors Meeting |
| | 07:00 pm | - | Shalome Shooting |
| 06 | 09-12 pm | - | Visitors Day (General Public) |
| 07 | 04:00 pm | - | Thalipparamba: Forane Retreat |
| 08 | 04:00 pm | - | Thalipparamba: Forane Retreat |
| 09 | 09:30 am | - | Finance Council: Budget Session |
| | 05:30 pm | - | Thalipparamba: Deepika |
| 10 | | - | Payyavoor: Pastoral Visit |
| 11 | 04:00 pm | - | Virajpetta: Sancta Matha Nursing College |
| 12 | 09-12 pm | - | Visitors Day (Priests) |
| 13 | 09-12 pm | - | Visitors Day (General Public) |
| 14 | 04:00 pm | - | Vellarikkundu: Forane Retreat |
| 15 | 10:00 am | - | Padannakkad: Visitors Day |
| | 04:00 pm | - | Vellarikkundu: Forane Retreat |
| 16 | | - | Engaged |
| 17 | | - | Thalippramba: Pastoral Visit |

| | | | |
|---|---|---|---|
| 18 | 09:00 am | - | Deacons Conference |
| 19 | 10:00 am | - | Cathedral: Diaconate |
| 20 | 09-12 pm | - | Visitors Day |
| | 04:00 pm | - | Alakode: Forane Retreat |
| 21 | 11:00 am | - | Nirmalagiri: Farewell Meeting |
| | 04:00 pm | - | Alakode: Forane Retreat |
| 22 | 10:00 am | - | Thalassery: Major Seminary Gathering |
| | 04:00 pm | - | Alakode: Forane Retreat |
| 23 | 10:00 am | - | Panathady |
| 24 | 07:00 am | - | Cathedral: Palm Sunday |
| 25 | 10:00 am | - | Thalipparamba: Chrism Mass |
| 26 | 09-12 pm | - | Visitors Day (Priests) |
| 27 | 09-12 pm | - | Visitors Day (General Public) |
| | 28-31 | - | Holy Week Service at Cathedral |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ഫെബ്രുവരി 2024

02 വൈകുന്നേരം മണിപ്പാറയിൽ പരി. അമ്മയുടെയും വി. സെബസ്ത്യാനോസിന്റെയും തിരുനാളിന് പ്രാരംഭമായി കൊടിയേറ്റ് നടത്തുകയും തുടർന്ന് വി. കുർബാന അർപ്പിക്കുകയും ചെയ്തു.

03 വൈകുന്നേരം സുവർണ്ണ ജൂബിലിയുടെ നിറവിൽ ആയിരിക്കുന്ന മാനന്തവാടി രൂപതയിലെ കാവുമന്നം ഇടവകയുടെ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ച് വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. അന്നുതന്നെ കാവുമന്നം, കോട്ടത്തറ മഠങ്ങളിലെ പ്രായമുള്ള സിസ്റ്റേഴ്സിനെ സന്ദർശിച്ചു.

04 രാവിലെ മാനന്തവാടി പഴൂരിൽ ഇടവകാത്തിരുന്നാളിന് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

05 രാവിലെ പെർളയിൽ എൻഡോസൾഫാൻ ദുരിതബാധിത കുട്ടികൾക്ക് വേണ്ടി സേവനം ചെയ്യുന്ന സി. മരീന കൊഴുക്കുത്തിക്കൽ എഫ്.സി.സി, സി. മേഴ്സിന് മതിലകത്ത് എഫ്. സി സി എന്നിവരുടെ രചത, സുവർണ്ണ ജൂബിലി ആഘോഷത്തിന് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും തുടർന്ന് നടന്ന മീറ്റിങ്ങിൽ ഇരുവർക്കും ആശംസകൾ നേർന്നു സംസാരിക്കുകയും ചെയ്തു.

06 വൈകുന്നേരം കിളിയന്തറയിൽ നടന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

07 രാവിലെ തിരൂരിൽ നിര്യാതനായ കൂറ്റാരപ്പള്ളിൽ അലൻ ജേക്കബിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം ആനപ്പന്തിയിൽ കാട്ടൂർ ജോസഫിന്റെ 101-ാം ജന്മദിനത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും തുടർന്ന് പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു.

08 രാവിലെ വിളമനയിൽ കത്തോലിക്കാ കരിസ്മാറ്റിക് തലശ്ശേരി സോണിന്റെ നേതൃത്വത്തിൽ പണിതീർത്ത രണ്ടു ഭവനങ്ങളുടെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. വൈകുന്നേരം കോഴിക്കോട് ദൈവമാതാ കത്തീഡ്രലിൽ അഭിവന്ദ്യ വർഗീസ് ചക്കാലക്കൽ പിതാവിന്റെ മെത്രാഭിഷേക സിൽവർ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

09 രാവിലെ തൊക്കിലങ്ങാടി ക്രിസ്തുരാജാ ഹോസ്പിറ്റൽ ചാപ്പലിൽ വി. കുർബാന അർപ്പിച്ചു. വൈകുന്നേരം നെടുവാലൂരിൽ പുതിയതായി നിർമ്മിച്ച സിമിത്തേരിയുടെ വെഞ്ചരിപ്പ്കർമ്മം നിർവഹിക്കുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു.

10 രാവിലെ പേരട്ടയിൽ സി. റീമ തെരേസ് പേരാലുങ്കൽ എഫ്സിസിയുടെ രജത ജൂബിലി ആഘോഷത്തിന്റെ സമൂഹബലിയിൽ മുഖ്യകാർമ്മികത്വം വഹിച്ച് ആശംസകൾ നേർന്നു.

11 വൈകുന്നേരം ബാംഗളൂർ കൊത്തന്നൂരിൽ ഇടവകാത്തിരുനാളിന്റെ ഭാഗമായി വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

12 വൈകുന്നേരം ബാംഗ്ലൂർ കൊത്തന്നൂരിൽ വിഭൂതിയുടെ തിരുകർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

14 രാവിലെ Shekinah ടിവിക്ക് വേണ്ടിയുള്ള ഇന്റർവ്യൂവിൽ പങ്കെടുത്തു.

15 രാവിലെ വായാട്ടുപറമ്പിൽ നിര്യാതയായ ഓണംകുളത്ത് ത്രേസ്യാമ്മ യുടെ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ശേഷം ഉള്ളിക്കൽ എം.പി.സി. ഹോസ്പിറ്റലിൽ ചികിത്സയിൽ ആയിരിക്കുന്ന ബഹു. ആന്റണി പുന്നൂരച്ചന്റെ പിതാവിനെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

16 രാവിലെ പേരാവൂരിൽ നിര്യാതയായ സി. വെർജീനിയ ചക്കാലക്കൽ എസ് എച്ച്-നെ സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് കല്ലുമുതിരക്കുന്നിൽ ബഹു. മാത്യു മുളയോലിൽ അച്ചന്റെ പിതാവിനെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

18 വൈകുന്നേരം കുന്നോത്ത് റീജിയണൽ ബിഷപ്സ് ഹൗസിൽ ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ദിവ്യകാരുണ്യ ആരാധനയിൽ പങ്കെടുത്തു.

19 രാവിലെ കീഴ്പ്പള്ളിയിൽ നിര്യാതയായ കൂനാനിക്കൽ അന്നമ്മയ്ക്കു വേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

20 രാവിലെ നസ്രത്ത് സുപ്പീരിയർ ജനറൽ സി. ജസീന്ത എൻ. എസ്-ന്റെ ഫീസ്റ്റിന് വി. കുർബാന അർപ്പിച്ചു.

22 വൈകുന്നേരം മാനന്തവാടി മേരി മാതാ കോളേജിൽ പ്രധാന അധ്യാപകന്റെ റിട്ടയർമെന്റ് ഫംഗ്ഷനിൽ പങ്കെടുത്തു.

23 രാവിലെ അങ്ങാടിക്കടവ് ഡോൺ ബോസ്കോ കോളേജിൽ നടന്ന വാർഷികാഘോഷത്തിൽ പങ്കെടുക്കുകയും വിവിധ സ്കോളർഷിപ്പുകൾ വിതരണം ചെയ്യുകയും ചെയ്തു.

24 വൈകുന്നേരം മാഹി വി. അമ്മ ത്രേസ്യ തീർത്ഥാടന ദൈവാലയം ബസിലിക്കയായി ഉയർത്തുന്ന ചടങ്ങിൽ പങ്കെടുത്തു.

25 ഉച്ചകഴിഞ്ഞ് പുലിക്കുരുമ്പയിൽ നിര്യാതനായ വടക്കേമുറിയിൽ മാത്യുവിന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

28 രാവിലെ മണ്ഡലം എം.എസ്.ജെ. കോൺവെന്റിൽ വി. കുർബാന അർപ്പിക്കുകയും നിത്യ ആരാധനയ്ക്ക് ആരംഭം കുറിക്കുകയും ചെയ്തു.

## MARCH 2024 ENGAGEMENTS

### ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 09 | 04:00 pm | - | Jubilee Mass: Badiyaduka |
| 17 | 06:45 am | - | Holy Mass: Kallumuthirakkunnu |
| 25 | 09:30 am | - | Mooron Blesssing: Alakode |
| 28 | 6:30 am | - | Nazreth Generalate: Maundy Thursday |
| 29 | 08:00 am | - | Good Friday: Mangode |
| 31 | | - | Nazreth Generalate : Easter |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### ജനുവരി 2024

21 വിളമന ഇടവകയിൽ തിരുനാളിനോട് അനുബന്ധിച്ച് നടന്ന വിശുദ്ധ കുർബാനയിൽ മുഖ്യ കാർമികത്വം വഹിച്ചു.

22 ചെറുപുഴ ഇടവകയിൽ നടന്ന വിവാഹത്തിൽ മുഖ്യ കാർമികത്വം വഹിച്ചു. തുടർന്ന് പേരാവൂർ പ്രൊവിൻഷ്യൽ ഹൗസിൽ തിരുഹൃദയ സന്യാസിനി സമൂഹം തലശ്ശേരി പ്രൊവിൻസ് അംഗമായ ബഹു. സി. സിൽവിയ പുതിയാപറമ്പിലിന്റെ മൃതശരീരം സന്ദർശിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. വൈകുന്നേരം എടൂരിൽ ഭവനം വെഞ്ചരിച്ചു നൽകി പ്രാർത്ഥിച്ചു.

25 കോടഞ്ചേരി ഇടവകയിൽ സ്വഭവനം സന്ദർശിക്കുകയും സ്വപിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് വിശുദ്ധ ബലി അർപ്പിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് വൈകുന്നേരം കൊടിക്കുളം ഇടവകയിൽ നടന്ന ആദ്യകുർബാന ചടങ്ങിൽ മുഖ്യകാർമികത്വം വഹിച്ചു.

27 തളിപ്പറമ്പ് ഇടവകയിൽ വച്ച് നടന്ന ഞാവള്ളിൽ കുടുംബ സംഗമത്തോടനുബന്ധിച്ച് നടന്ന വിശുദ്ധ കുർബാന മധ്യേ വചനസന്ദേശം നൽകി ആശംസകൾ നേർന്ന് പ്രാർത്ഥിച്ചു. തുടർന്ന് ചെമ്പന്തൊട്ടിയുടെ വച്ച് നടന്ന ഞള്ളിമാക്കൽ ജോർജ്ക്കുട്ടി കുരുവനിലാക്കൽ സെറ്റ്ന എന്നിവരുടെ വിവാഹകർമ്മത്തിൽ മുഖ്യകാർമികത്വം വഹിച്ചു പ്രാർത്ഥിച്ചു. തുടർന്ന് തളിപ്പറമ്പ് ഇടവകയിൽ വച്ച് നടന്ന ചെന്നയ്ക്കാട്ട്ക്കുന്നേൽ ജോസ് സോഫി ദമ്പതികളുടെ 50-ാം വിവാഹ വാർഷികത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിച്ചു. വൈകുന്നേരം അരവഞ്ചാൽ ഇടവകയിൽ സുനിൽ ഞാവള്ളിക്കുന്നേലിന്റെ ഭവനം വെഞ്ചരിച്ച് പ്രാർത്ഥിച്ചു.

30 കണ്ണിവയൽ ഇടവകയിൽ നിര്യാതയായ ബഹു. ടോമി നടുവിലേക്കൂറ്റ് അച്ചന്റെ പ്രിയ മാതാവ് അന്നമ്മ തോമസിന്റെ മൃതശരീരം നല്ലോംപുഴയിലെ ഭവനത്തിൽ ചെന്ന് സന്ദർശിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് വൈകുന്നേരം കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതത്തിൽ കഴിയുന്ന ബഹുമാനപ്പെട്ട വൈദികരെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

31 തലശ്ശേരി മൈനർ സെമിനാരിയിൽ വച്ച് നടന്ന ഇന്റർ സെമിനാരി ബാസ്ക്കറ്റ്ബോൾ ടൂർണ്ണമെന്റ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. വൈകുന്നേരം സമാപന സമ്മേളനത്തിനും തുടർന്നുണ്ടായിരുന്ന സമ്മാനദാന ചടങ്ങിലും പങ്കെടുത്തു.

## ഫെബ്രുവരി 2024

04 കടുമേനി ഇടവകയിൽ തിരുനാളിനോട് അനുബന്ധിച്ച് നടന്ന കുർബാനയിൽ മുഖ്യധാര വഹിച്ച പ്രാർത്ഥിച്ചു.

08 കോഴിക്കോട് വച്ച് നടന്ന അഭിവന്ദ്യ വർഗീസ് ചക്കാലക്കൽ പിതാവിന്റെ ജൂബിലി ആഘോഷത്തിൽ വിശുദ്ധ കുർബാനയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു.

10 അമേരിക്കയിൽ വെച്ച് ജനുവരി 14 ന് വിവാഹിതരായ തളിപ്പറമ്പ് ഇടവകാംഗം തെരുവപ്പുഴ ടോണി റോബർട്ട് – ദിവ്യ ബെൻ എന്നിവർക്ക് സ്വഭവനത്തിൽ നൽകിയ സ്വീകരണചടങ്ങിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു.

11 ബൽത്തങ്ങാടി രൂപതയുടെയും അഭിവന്ദ്യ മാർ ലോറൻസ് മുക്കുഴി പിതാവിന്റെയും സിൽവർ ജൂബിലിയോട് അനുബന്ധിച്ചു നടന്ന പൊതുസമ്മേളനത്തിലും പങ്കെടുത്തു.

14 കണ്ണൂർ ഇടവകയിൽ നിര്യാതനായ അരങ്ങാശേരിൽ ജോസിന്റെ മൃതാസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകർമികത്വം വഹിച്ചു. തുടർന്ന് കണ്ണൂർ ആലുക്കൽ ഹോം ക്ലിനിക്കിൽ ചികിത്സയിൽ കഴിയുന്ന ബഹു. ജോസഫ് കുരീക്കാട്ടിൽ അച്ചനെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

15 വായാട്ടുപറമ്പ് ഇടവകയിൽ നിര്യാതയായ ബഹു. നോബിൾ ഓണംകുളം അച്ചന്റെ പ്രിയ മാതാവ് ത്രേസ്യാമ്മ ഓണംകുളത്തിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഭാഗമായി ഭവനത്തിൽ നടന്ന പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. തുടർന്നുള്ള കർമ്മങ്ങളിലും പങ്കെടുത്ത് പ്രാർത്ഥിച്ചു. വൈകുന്നേരം നിര്യാതയായ തിരുഹൃദയ സന്യാസി സഭ തലശ്ശേരി നിർമ്മലഗിരി – സാൻജോസ് ഭവനാംഗമായ സിസ്റ്റർ വെർജീനിയ ചക്കാലക്കലിന്റെ മൃതശരീരം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

19 കീഴ്പ്പള്ളി ഇടവകയിൽ നിര്യാതയായ ബഹു. ജെയ്സൻ കൂനാനിക്കൽ അച്ചന്റെ പ്രിയ മാതാവ് അന്നമ്മ കൂനാനിക്കലിന്റെ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT GIRIDEEPAM

| | | |
|---|---|---|
| Title of the Magazine | : | Girideepam |
| Registration No | : | RNI 5910/18 |
| Language | : | Malayalam |
| Periodicity of Publication | : | Monthly |
| Annual Subscription | : | Rs. 400/- |
| Printer and Publisher | : | Fr. Sajan George Thengumpally |
| Nationality | : | Indian |
| Address | : | Archbishop's House<br>Thalassery, P.B. No. 70<br>Kannur - 670101 |
| Editers Name | : | Fr. Sajan George Thengumpally |
| Nationality | : | Indian |
| Address | : | Archbishop's House<br>Thalassery, P.B. No.70<br>Kannur - 670101 |
| Owners Name | : | Fr. Jacob Narikuzhy |

I, Fr. Sajan George Thengumpallil hereby declare that the particulars given above are true to the best of my knowledge and belief.







തലശ്ശേരി, മാനന്തവാടി, താമരശ്ശേരി രൂപതകൾ സംയുക്തമായി
വന്യമൃഗ ശല്യത്തിനെതിരെ കത്തോലിക്കാ കോൺഗ്രസിന്റെ
നേതൃത്വത്തിൽ നടത്തിയ
കർഷക പ്രക്ഷോഭയാത്രയും പൊതുസമ്മേളനവും.
22 ഫെബ്രുവരി 2024, കല്പറ്റ



RNI Reg. No. 5910 Date of Publication: 28/02/2024
Registered KL/TLY/20/22-24
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24
വാല്യം : 07 ലക്കം : 03 വില : ₹10

# മാർച്ച് 19
# വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ



Published & Printed by Fr. Sajan George Thengumpally on behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery. Published from Archbishop's House, Hollow Way Road, Thalassery - 670 101. Editor- Fr. Sajan George Thengumpally.